# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2021 മാർച്ച് 4 / ദീപം 54 / നാളം 1 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.org




# നീതി തേടുന്ന തൊഴിൽവീഥികൾ



പ്രഫ. റോണി കെ. ബേബി

ഡൽഹിയിൽ അരങ്ങേറുന്ന കർഷകസമരത്തിനു സമാനമായി തിരുവനന്തപുരത്തും ശക്തമായ യുവജന പ്രക്ഷോഭം അലയടിച്ചുയരുകയാണ്. സിവിൽ പൊലീസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ വളരെ നാളുകളായി സമരത്തിലായിരുന്നു. കേരളത്തെ നടുക്കിയ കോപ്പിയടി വിവാദത്തോടെയാണ് സിവിൽ പൊലീസ് റാങ്കുലിസ്റ്റുമായി ബന്ധപ്പെട്ട സംഭവങ്ങൾ ആരംഭിക്കുന്നത്. വിവാദമായതോടെ നാലു മാസത്തോളം റാങ്ക് പട്ടിക പിഎസ്സി മരവിപ്പിച്ചു. അതിനുശേഷം നിയമനനടപടികൾ ആരംഭിക്കാനിരുന്നപ്പോഴാണ് കൊറോണയുടെ കടന്നുവരവ്. അതോടെ അഭിമുഖങ്ങളും നിയമനവും പിഎസ്സി നിർത്തിവച്ചു. റാങ്ക് പട്ടികതന്നെ കാലഹരണപ്പെടുന്ന അവസ്ഥയായി. മൂന്നുവർഷം കാലാവധിയുള്ള റാങ്കുലിസ്റ്റുകൾക്ക് കാലാവധി നീട്ടിനൽകിയപ്പോഴും ഒരു വർഷം മാത്രം കാലാവധിയുള്ള സിവിൽ പൊലീസ് ഓഫീസർ റാങ്കുലിസ്റ്റ് പരിഗണിക്കപ്പെട്ടില്ല. ഫലത്തിൽ ഇതുവരെ സിവിൽ പൊലീസ് ഓഫീസർ റാങ്ക് ലിസ്റ്റിന്റെ നിയമനപ്രവർത്തനങ്ങൾ നടന്നത് നാലുമാസം മാത്രമാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി എട്ടുമാസംകൂടി നീട്ടിനൽകണം എന്നാണ് ഉദ്യോഗാർത്ഥികളുടെ ആവശ്യം. പഠിച്ചു പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽപ്പെട്ടിട്ടും ജോലി കിട്ടാത്ത ഭാഗ്യദോഷികളായി മാറുകയാണ് സിവിൽ പൊലീസ് പട്ടികയിലുള്ള ഉദ്യോഗാർത്ഥികൾ. ഏഴു ബറ്റാലിയനുകളിലായി സിവിൽ പൊലീസ് റാങ്ക് ലിസ്റ്റുകളിൽ 2250 ഉദ്യോഗാർത്ഥികൾ മാത്രമാണ് ജോലിക്കു കയറിയത്. ആറായിരത്തിലധികം ഒഴിവുകൾ സേനയിൽ ഉണ്ടെന്നാണ് റിപ്പോർട്ടുകൾ. എന്നാൽ, നിലവിലെ റാങ്ക് ലിസ്റ്റിൽ നടന്നത് 30 ശതമാനം മാത്രം നിയമനം. ഇടുക്കി, കോട്ടയം ജില്ലകൾ ഉൾപ്പെടുന്ന അഞ്ചാം ബറ്റാലിയനിൽ നടന്നതാകട്ടെ, 10 ശതമാനം നിയമനവും. 958 പേർ മെയിൻ ലിസ്റ്റും ബാക്കി സപ്ലിമെന്ററി ലിസ്റ്റും കൂടി 1400 പേർ അടങ്ങുന്ന പട്ടികയാണിത്. മുൻവർഷങ്ങളിലെ സിവിൽ പൊലീസ് റാങ്ക് ലിസ്റ്റിൽനിന്ന് 90 ശതമാനംവരെ നിയമനം നടന്നിട്ടുണ്ട്. വളരെയധികം കഠിനാദ്ധ്വാനം ചെയ്ത് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സ്വപ്നം കണ്ട ജോലി നഷ്ടപ്പെട്ടുപോകുക എന്നത് തൊഴിൽരഹിതനായ ഒരു ചെറുപ്പക്കാരനെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമാണ്. റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്യുന്ന സാഹചര്യം വരെ ഉണ്ടായിട്ടും സർക്കാർ ഈ വിഷയത്തിൽ തികച്ചും അനങ്ങാപ്പാറനയമാണു സ്വീകരിച്ചത്. മറ്റു റാങ്ക് പട്ടികകളുടെ കാലാവധി നീട്ടിയിട്ടും സിപിഒ റാങ്ക് പട്ടികയുടെ കാലാവധി മാത്രം നീട്ടാൻ സർക്കാർ തയ്യാറാവാത്തതാണ് പ്രതിഷേധം ഇത്രയും രൂക്ഷമാകാൻ കാരണം. തങ്ങളുടേതല്ലാത്ത കുറ്റത്തിന് സിവിൽ പൊലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്ന് 2697 പേർ പുറത്തുപോകേണ്ട സ്ഥിതിയുണ്ടായത് സർക്കാരിന്റെയും പിഎസ്സിയുടെയും വീഴ്ചമൂലമാണ്.

ഇതോടൊപ്പംതന്നെ ഒരു സർക്കാർ ജോലി എന്ന സ്വപ്നംകണ്ട് ഉറക്കമിളച്ചിരുന്നു പഠിച്ച് റാങ്കുലിസ്റ്റുകളിൽ ഇടംനേടി കാത്തിരിക്കുന്നവരുടെ പ്രതിഷേധം രൂക്ഷമാക്കുന്നതാണ് പുറത്തുവന്നുകൊണ്ടിരിക്കുന്ന പിൻവാതിൽ നിയമനവാർത്തകൾ. ആയിരക്കണക്കിനു പിൻവാതിൽ നിയമനങ്ങളാണ് ചട്ടങ്ങളെല്ലാം കാറ്റിൽപ്പറത്തി നിർബാധം നടക്കുന്നത്. യാതൊരു അടിസ്ഥാനയോഗ്യതകളും ഇല്ലാത്ത പാർശ്വവർത്തികളെയും പാർട്ടിയുടെ പിണിയാളുകളെയും നിർലജ്ജം സർക്കാർ സർവീസിൽ കുത്തിനിറയ്ക്കുകയാണ്. കൊവിഡ് വ്യാപനത്തിന്റെ പേരിൽ പി.എസ്.സി.വഴിയുള്ള നിയമനങ്ങൾക്കു മാത്രമേ കുറവുണ്ടായിട്ടുള്ളൂ. താത്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നതിനോ പിൻവാതിലിലൂടെ സ്ഥിരനിയമനം സംഘടിപ്പിക്കുന്നതിനോ സർക്കാരിന് ഒരു തടസ്സവുമുണ്ടാകുന്നില്ല എന്ന് വാർത്തകൾ സൂചിപ്പിക്കുന്നു. സംസ്ഥാനലൈബ്രറി കൗൺസിലിൽ 47 താത്കാലികക്കാരെ സ്ഥിരപ്പെടുത്തി കൊവിഡ് കാലത്താണ് ഉത്തരവിറക്കിയത്. സംസ്ഥാന ഓപ്പൺ സ്കൂളായ സ്കൂൾ കേരളയിൽ തസ്തിക സൃഷ്ടിച്ച് 80 പേർക്ക് നിയമനം നൽകി. യുവജനക്ഷേമബോർഡിൽ 36 പേരെ സ്ഥിരപ്പെടുത്താനാണ് ഭരണസമിതി അനുമതി നല്കിയത്. അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിനു യുവാക്കൾ തൊഴിൽതേടി തെരുവിൽ അലയുമ്പോഴാണ് സ്ഥിരപ്പെടുത്തൽമേളകൾ നിർബാധം നടക്കുന്നത്.

കേരളത്തിലെ തൊഴിലില്ലായ്മയുടെ രൂക്ഷത കാണിക്കുന്ന ചില കണക്കുകൾ ശ്രദ്ധിക്കുക. മൂന്നു കോടി അപേക്ഷകളാണ് വിവിധ തസ്തികകളിലേക്കു പ്രതിവർഷം ലഭിക്കുന്നത് എന്ന് പിഎസ്സി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 1794000 പേർ എഴുതിയ എൽഡിസി പരീക്ഷയിൽ വെറും 0.83% മാത്രമാണ് മെയിൻ ലിസ്റ്റിലുള്ളത്. അതിൽപ്പോലും 10% നിയമനങ്ങളേ നടന്നിട്ടുള്ളൂ. എൽജിഎസ് ലിസ്റ്റിൽ നിന്ന് ഇതുവരെ 4237 പേർക്കു മാത്രമാണു നിയമനം ലഭിച്ചത്. ഏഴു ശതമാനം മാത്രമാണു നിയമനനിരക്ക്. ഇതുപോലെ എത്രയെത്ര പട്ടികകൾ ചൂണ്ടിക്കാണിക്കാൻ കഴിയും. തിരുവനന്തപുരത്തു നടന്നുവരുന്ന യുവജനസമരത്തോടു തികച്ചും നിഷേധാത്മകമായ നിലപാടാണ് സംസ്ഥാനസർക്കാർ സ്വീകരിക്കുന്നതെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

അർഹതപ്പെട്ട ജോലിക്കായി ഉദ്യോഗാർത്ഥികൾ സമരം ചെയ്യുമ്പോൾ അവരുടെ കണ്ണീരിനെ നാടകമെന്നു വിളിച്ച് ആക്ഷേപിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത്ര ഗുരുതരമായ വിഷയം ആയിട്ടുകൂടി ഉത്തരവാദിത്വപ്പെട്ട മന്ത്രിമാർ സമരക്കാരുമായി ചർച്ചയ്ക്കു തയ്യാറാവുന്നില്ല എന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ഒരു ജനാധിപത്യസമൂഹത്തിലാണോ നമ്മൾ ജീവിക്കുന്നത് എന്നു സംശയിച്ചുപോകുംവിധം അത്രധിക്കാരത്തോടെയാണ് സർക്കാർ യുവജനസമരത്തോട് മുഖം തിരിഞ്ഞു നിൽക്കുന്നതെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. ■



# കൊവിഡ് -19
# ഈ മഹാമാരിക്ക് അവസാനമില്ലേ?



തോമസ് കുഴിഞ്ഞാലിൽ

ഐ.സി.എം.ആർ. ഡിസംബറിൽ നടത്തിയ ഒരു സർവേയിൽ ഇന്ത്യയിലെ അഞ്ചിൽ ഒരാൾക്ക് കൊവിഡ് 19 വന്നുകഴിഞ്ഞതായാണ് കണ്ടെത്തിയത്. അതായത്, രാജ്യത്തെ 135 കോടി ജനങ്ങളിൽ 27 കോടി പേരെ രോഗം ബാധിച്ചുവെന്നു പഠനങ്ങളിൽ തെളിഞ്ഞു. ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകരും ജനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമടങ്ങുന്ന മൂന്നുകോടി ആളുകൾക്ക് വാക്സിൻ നല്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 70 ലക്ഷം പേർക്കു മാത്രമേ വാക്സിനേഷൻ നൽകാൻ കഴിഞ്ഞുള്ളൂവെന്നാണ് വാർത്ത. ഇവരിൽ 57 ലക്ഷം ആരോഗ്യപ്രവർത്തകരാണ്. ജനുവരി 16-ാം തീയതി ആദ്യവാക്സിനേഷനു വിധേയരായ ഇവർക്കുള്ള രണ്ടാമത്തെ ഡോസ് ഫെബ്രുവരി 13 നും നല്കി. 28-ാം ദിവസം രണ്ടാമത്തെ ഡോസ് നല്കുന്നതിനു നിർബന്ധം പിടിക്കേണ്ടെന്നും 12 ആഴ്ചകൾക്കുള്ളിൽ നൽകിയാൽ മതിയെന്നുമുള്ള നിലപാടും ചില കമ്പനികൾ സ്വീകരിച്ചിട്ടുണ്ട്.

പാർശ്വഫലങ്ങളുണ്ടാകുമെന്ന ഭയം നിമിത്തം വാക്സിനേഷനെടുക്കാൻ ഭൂരിപക്ഷം ആളുകളും വിമുഖരാകുന്നതിൽ അധികൃതർക്ക് ആശങ്കയുണ്ട്. വാക്സിനേഷന് എതിരേയുള്ള ആരോപണങ്ങൾക്കെതിരേ ജാഗ്രത പുലർത്തണമെന്നാണ് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്.

"കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പിക്കുമ്പോഴും വാക്സിനേഷനെ ഗൗരവത്തോടെ കാണാൻ കഴിയണം. വൈറസിനെ പൂർണമായി മനസ്സിലാക്കാൻ ഇപ്പോഴും ഞങ്ങൾക്കു കഴിഞ്ഞിട്ടില്ലെങ്കിലും വാക്സിനുകൾ ഫലപ്രദമാകുമെന്നാണ് ഞങ്ങളുടെ ഉത്തമവിശ്വാസം. 90 ലക്ഷം വാക്സിൻ ഡോസുകൾ ഇതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്." - മലയാളിയും കേന്ദ്രനീതി ആയോഗിൽ അംഗവുമായ വി.കെ. പോൾ പറയുന്നു.

ഇതിനിടെ, ലോകാരോഗ്യസംഘടനയിലെ 17 വിദഗ്ധരും ചൈനയുടെ ആരോഗ്യമന്ത്രാലയത്തിലെ 17 ശാസ്ത്രജ്ഞരുമടങ്ങുന്ന ഒരു സംഘം കൊറോണ വൈറസുകളുടെ ഉദ്ഭവമന്വേഷിച്ച് ചൈനീസ് നഗരമായ വുഹാനിൽ രണ്ടാഴ്ച ഒത്തുകൂടി. ▶ പേജ് 7

# തിരുവിതാംകൂർ രാഷ്ട്രീയത്തിലെ പെൺസിംഹം

## കേരളത്തിന്റെ പ്രഥമ വനിതാമന്ത്രിയായ ആനി മസ്ക്രീനെക്കുറിച്ച്

വിളക്കുമരം



ഡോ. സിറിയക് തോമസ്

ഇന്ത്യയിൽ പൊതുരംഗത്ത്, പ്രത്യേകിച്ച് രാഷ്ട്രീയത്തിൽ, സ്ത്രീകൾ വളരെ സജീവമാകുന്നതിനു തൊട്ടുമുമ്പുള്ള കാലത്താണ് ആനി മസ്ക്രീൻ സിലോണിലെ (ശ്രീലങ്ക) വിമൻസ് കോളജധ്യാപകജോലി രാജിവച്ച് തിരുവിതാംകൂറിൽ തിരിച്ചെത്തുന്നത്. റീജന്റ് മഹാറാണി സേതുലക്ഷ്മി ഭായിയുടെ ഭരണമവസാനിച്ചു. തിരുവിതാംകൂറിൽ യുവരാജാവായ ശ്രീചിത്തിരതിരുനാൾ അധികാരമേറ്റിട്ട് അധികകാലമായിട്ടില്ല. ഭരണയന്ത്രത്തിനുമേൽ അമ്മ മഹാറാണി ഗൗരി സേതു പാർവ്വതിഭായിയുടെ നിയന്ത്രണം ഏറിക്കൊണ്ടിരുന്നു. ദിവാന്മാർ മാറിമാറി വരുന്നു. സർ സി.പി. രാമസ്വാമി അയ്യർ സർക്കാരിന്റെ നിയമോപദേഷ്ടാവായി ഇടയ്ക്കിടെ തിരുവനന്തപുരം സന്ദർശിക്കുന്നുണ്ട്.

മിസ് മസ്ക്രീൻ എം.എ. ബിരുദത്തിനുപുറമേ നിയമബിരുദം കൂടി സമ്പാദിച്ചുകൊണ്ടാണ് തലസ്ഥാനത്ത് അഭിഭാഷികയായി പ്രാക്ടീസ് തുടങ്ങിയത്. പ്രഗല്ഭയായ വനിതാവക്കീലെന്ന് അവർ പെട്ടെന്നു പേരെടുക്കുകയും ചെയ്തു. തിരുവനന്തപുരത്ത് മറ്റൊരു വനിതാവക്കീലും അന്നുണ്ടായിരുന്നു. പില്ക്കാലത്ത് ഇന്ത്യയിലെതന്നെ പ്രഥമ വനിതാ ഹൈക്കോടതി ജഡ്ജിയായിത്തീർന്ന അന്നാ ചാണ്ടി. പക്ഷേ, അവർ ഇരുവരും വ്യത്യസ്തതരംഗദൈർഘ്യത്തിലായിരുന്നു സഞ്ചാരം. അന്നാചാണ്ടി ദിവാനോടും സർക്കാരിനോടും ആഭിമുഖ്യം കാണിച്ചപ്പോൾ, മിസ് മസ്ക്രീൻ സർക്കാരിന്റെ വീഴ്ചകൾക്കെതിരേ ശക്തമായി ശബ്ദമുയർത്തി. സംയുക്തരാഷ്ട്രീയപ്രക്ഷോഭണത്തോട് അനുഭാവം കാണിച്ച മിസ് മസ്ക്രീൻ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകനേതാക്കളിലൊരാളുമായിരുന്നു. ആദ്യത്തെ ജനറൽ സെക്രട്ടറിമാരിലൊരാളും മിസ് മസ്ക്രീൻതന്നെ. അസാമാന്യ ധൈര്യമായിരുന്നു അവർക്ക്, നല്ല പ്രസംഗപാടവവും. ഇംഗ്ലീഷിലും മലയാളത്തിലും അനായാസമായി പ്രസംഗിക്കുവാൻ കഴിഞ്ഞിരുന്ന മിസ് മസ്ക്രീനായിരുന്നു പട്ടം താണുപിള്ളയോടൊപ്പം സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രചരണാർത്ഥം മദ്രാസിലും മുംബൈയിലുമൊക്കെപ്പോയി പ്രസംഗപര്യടനം നടത്തിയതും. അന്നാ ചാണ്ടി അക്കാലത്ത് ദിവാന്റെ പ്രേരണയിൽ പട്ടത്തിനെതിരേ നിയമസഭാസ്ഥാനാർത്ഥിയായി മത്സരിക്കുകയുമുണ്ടായി.

ദിവാൻ സർ സി.പി.ക്കു മസ്ക്രീനോടുണ്ടായിരുന്ന പകയും വൈരാഗ്യവും വാസ്തവത്തിൽ പട്ടത്തോടുപോലുമുണ്ടായിരുന്നില്ലെന്നതാണ് വാസ്തവം. മിസ് മസ്ക്രീനാവട്ടെ സൗകര്യം കിട്ടിയപ്പോഴൊക്കെ ദിവാനെതിരേ ഏറ്റവും കടുത്ത വാക്കുകൾ പ്രയോഗിക്കുകയും ചെയ്തു. മിസ് മസ്ക്രീനെ ശക്തമായി എതിർക്കുമ്പോഴും ദിവാൻ സർ സി.പി.ക്ക് ആനി മസ്ക്രീന്റെ ഇംഗ്ലീഷ് പരിജ്ഞാനത്തെക്കുറിച്ച് നല്ല മതിപ്പായിരുന്നു.

അവിവാഹിതയായിരുന്നു അവർ. ആരെയും വകവയ്ക്കാത്ത പ്രകൃതവും. പട്ടത്തെ മാത്രം അവർ ബഹുമാനത്തോടെ താണുപിള്ളസാറെന്നു വിളിച്ചു. ടി.എം. വർഗീസ് അവർക്ക് മിസ്റ്റർ വർഗീസും, സി. കേശവൻ മിസ്റ്റർ കേശവനും, എ.ജെ. ജോൺ മിസ്റ്റർ ജോണുമായിരുന്നു. ദിവാനെ അവർ മിസ്റ്റർ രാമസ്വാമി അയ്യരെന്നാണ് അഭിസംബോധന ചെയ്തത്. ശുദ്ധമനസ്സായിരുന്നു അവരുടേത്. അതുകൊണ്ടുതന്നെ ആർക്കും എളുപ്പത്തിൽ അവരെ തെറ്റിദ്ധരിപ്പിക്കാനും കഴിഞ്ഞിരുന്നു. ആളുകളെ അപ്പാടെ വിശ്വസിച്ചു. ആർക്കെങ്കിലും ആരെയെങ്കിലും ചതിക്കുവാൻ കഴിയുമെന്നവർ കരുതിയിരുന്നേയില്ല. തന്റെ അടുത്ത സുഹൃത്തും സഹപ്രവർത്തകനുമായിരുന്ന മന്ത്രി ഇ. ജോൺ ഫിലിപ്പോസിനെക്കുറിച്ച് പാർട്ടിയിൽ തന്നോട് ഏറെ അടുപ്പമുണ്ടായിരുന്നവർ പറഞ്ഞതു വിശ്വസിച്ചാണവർ പാർട്ടിയോഗത്തിൽ സഹപ്രവർത്തകനെതിരേ ഒരിക്കൽ അഴിമതിയാരോപണം ഉന്നയിച്ചത്. തന്നോട് അടുപ്പമുണ്ടായിരുന്നവർ തങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി തന്നെ ബലിയാടാക്കുകയായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞത് വളരെ വൈകിയാണ്. അപ്പോഴേക്ക് ജോൺ ഫിലിപ്പോസിന്റെ രാഷ്ട്രീയഭാവി തകർക്കപ്പെട്ടുകഴിഞ്ഞിരുന്നു. മിസ് ആനി മസ്ക്രീനെതിരേ ജോൺ ഫിലിപ്പോസ് മാനനഷ്ടക്കേസ് കൊടുത്തുകൊണ്ടാണ് തനിക്കെതിരേയുണ്ടായ ആരോപണത്തെ നേരിട്ടത്. ആ കേസിൽ മിസ് മസ്ക്രീൻ ശിക്ഷിക്കപ്പെട്ടുവെന്നു മാത്രമല്ല, കോൺഗ്രസ് പാർട്ടിയിൽനിന്ന് അവർ അതോടെ മിക്കവാറും പുറത്താവുകയും ചെയ്തു.

സ്വാതന്ത്ര്യസമരത്തിൽ മിസ് മസ്ക്രീൻ ഏറെ ത്യാഗങ്ങളനുഭവിച്ചിരുന്നു. നഷ്ടങ്ങളും. ഒട്ടേറെത്തവണ അവർക്കു തടവുശിക്ഷയും കിട്ടി. ദിവാന്റെ അറിവോടെയായിരുന്നു ഒരിക്കൽ അർദ്ധരാത്രി പാളയത്തെ അവരുടെ വീട്ടിൽ ഭവനഭേദനം നടന്നതെന്ന് അവരും ജനങ്ങളും വിശ്വസിച്ചു. പിടിക്കപ്പെട്ടതു പരോളിലിറങ്ങിയ മോഷ്ടാക്കളായിരുന്നുവെന്നതു സർക്കാരിനെ അന്നു വെട്ടിലാക്കുകയും ചെയ്തു. ഉടുതുണിയുൾപ്പെടെ സർവ്വതും മോഷ്ടിക്കപ്പെട്ടു.

രാത്രി രണ്ടു മണിക്കാണവർ ഒറ്റയ്ക്കു വീട്ടിൽനിന്നു പാളയം പോലീസ് സ്റ്റേഷൻവരെ നടന്നുചെന്ന് രേഖാമൂലം പരാതിപ്പെട്ടത്. പോലീസ് സ്വയം പിടിയിലായ ഒരു സംഭവമായിരുന്നു അത്. സി.പി. സർക്കാരിന്റെ പ്രതിച്ഛായയ്ക്ക് ഏറെ മങ്ങലേറ്റ സംഭവവും. അതോടെ മിസ് മസ്ക്രീനു ജനമനസ്സുകളിൽ ഒരു ഇതിഹാസകഥാപാത്രത്തിന്റെ പരിവേഷവുമുണ്ടായി.

'സ്വാതന്ത്ര്യലബ്ധിയെത്തുടർന്നവർ തിരുവിതാംകൂർ നിയമസഭാംഗമായി. കുറച്ചുകാലത്തേക്ക് ഇന്ത്യൻ ഭരണഘടന നിർമ്മാണസമിതിയിൽ തിരുവിതാംകൂറിന്റെ പ്രതിനിധിയും. ഡൽഹിയിൽ അവർ നന്നായി



ശോഭിക്കുകയും ചെയ്തു. പട്ടത്തിന്റെ ആദ്യമന്ത്രിസഭയുടെ പതനവും തുടർന്നുണ്ടായ സംഭവവികാസങ്ങളുമാണ് മിസ് മസ്ക്രീനെ കേരളത്തിലെ പ്രഥമ വനിതാമന്ത്രിയാക്കിയത്. 'മിസ് മസ്ക്രീൻ മന്ത്രിസഭയിൽ ഉണ്ടാവുന്നില്ലെങ്കിൽ താനും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നില്ലെ'ന്ന് ജോൺ ഫിലിപ്പോസ് പ്രഖ്യാപിച്ചതോടെയാണ് മുഖ്യമന്ത്രി ടി.കെ. നാരായണപിള്ളയും വഴങ്ങിയത്. നേരത്തേ അക്കാമ്മ ചെറിയാന്റെ പേരും മന്ത്രിപദത്തിലേക്കു നിർദേശിക്കപ്പെട്ടെങ്കിലും തന്നെക്കാൾ ത്യാഗമനുഷ്ഠിച്ചിട്ടുള്ളത് ആനി മസ്ക്രീനാണെന്നു പറഞ്ഞുകൊണ്ട് അക്കാമ്മയും മിസ് മസ്ക്രീനെ പിന്തുണയ്ക്കുകയായിരുന്നു. അധികാരരാഷ്ട്രീയത്തിൽ അവിശ്വസനീയമായ ഒരനുഭവമായി അക്കാമ്മയുടെ ത്യാഗം അനുസ്മരിക്കപ്പെടുന്നു.

പറവൂർ ടി.കെ.യുടെ മന്ത്രിസഭയിൽ ചേർന്നപ്പോൾ മിസ് മസ്ക്രീനു ലഭിച്ചത് ആരോഗ്യവകുപ്പായിരുന്നു. കേന്ദ്രത്തിൽ രാജകുമാരി അമൃത കൗറിനു പണ്ഡിറ്റ് നെഹ്റു നൽകിയതും ആരോഗ്യവകുപ്പുതന്നെയായിരുന്നല്ലോ. പിന്നീട് ഡോ. സുശീലാ നയ്യാർക്കും. തമിഴ്നാട്ടിൽ ജ്യോതി വെങ്കിടാചലത്തിനു മുഖ്യമന്ത്രി കാമരാജും, ലൂർദ്ദമ്മാൾ സൈമണ് മുഖ്യമന്ത്രി ഭക്തവത്സലവും നല്കിയതും ആരോഗ്യവകുപ്പായിരുന്നു. തികഞ്ഞ ആത്മാർത്ഥതയോടെയാണ് മിസ് ആനി മസ്ക്രീൻ വകുപ്പു കൈകാര്യം ചെയ്തത്. സർക്കാർ ആശുപത്രികൾ സന്ദർശിച്ച അവർ രോഗികളിൽനിന്നു നേരിട്ടു തെളിവുകൾ ശേഖരിച്ചു. വീഴ്ച വരുത്തിയ ഡോക്ടർമാരെ പരസ്യമായിത്തന്നെ ശാസിച്ചു. മന്ത്രി ചികിത്സാനിർദേശങ്ങൾ നല്കുന്നുവെന്ന് ചില ഡോക്ടർമാർ മന്ത്രിയെ പരിഹസിക്കുകകൂടി ചെയ്തു. പക്ഷേ, ആനി മസ്ക്രീൻ അക്ഷോഭ്യയായിരുന്നു. സർക്കാർ ആശുപത്രികളിലെ സ്ഥിതിഗതികൾ മെച്ചമാക്കുവാൻ ആവതെല്ലാമവർ ചെയ്തു. അതിലവർ കുറച്ചൊക്കെ വിജയിക്കുകയും ചെയ്തു.

ആനി മസ്ക്രീനു ജീവിതത്തിലും രാഷ്ട്രീയത്തിലും വഴിത്തിരിവായത് ഫിലിപ്പോസ്-മസ്ക്രീൻ കേസുതന്നെയായിരുന്നുവെന്നു പറയാം. അശനിപാതംപോലെ ജോൺ ഫിലിപ്പോസിനെതിരായി ആരോപണം വന്നപ്പോൾ അതു കോൺഗ്രസിലും സംസ്ഥാനരാഷ്ട്രീയത്തിലുംതന്നെ പലർക്കും മനസ്സുമടുപ്പുണ്ടാക്കി. പാർട്ടിയിൽ ഒറ്റപ്പെട്ടതോടെ അവരും ദുഃഖിതയായിത്തീർന്നിരുന്നു. പഴയ സഹപ്രവർത്തകരിൽ പലരും അവരോടു മിണ്ടാതായി. ടി.കെ. മന്ത്രിസഭയുടെ രാജിയോടെ മിസ് മസ്ക്രീന്റെ രാഷ്ട്രീയപ്രതാപത്തിനും വല്ലാതെ മങ്ങലേറ്റു.

1951–52 ലെ പൊതുതിരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തുനിന്നു സ്വതന്ത്രസ്ഥാനാർത്ഥിയായി ഉദയസൂര്യൻ അടയാളത്തിൽ ലോക്സഭയിലേക്ക് അവർ മത്സരിച്ചത് കോൺഗ്രസിലെ കരുത്തനായിരുന്ന നെയ്യാറ്റിൻകര ടി.കെ. നാരായണപിള്ളയോടാണ്. തിരഞ്ഞെടുപ്പിൽ മിസ് മസ്ക്രീന്റെ ജയം ചരിത്രസംഭവമായി. ആ തിരഞ്ഞെടുപ്പിൽ പട്ടത്തിന്റെ പിന്തുണയും മിസ് മസ്ക്രീനു കിട്ടിയെന്നു വ്യക്തമായിരുന്നു. ലത്തീൻ സമുദായവും ഒറ്റക്കെട്ടായി അവർക്കൊപ്പം നിന്നു.

അഞ്ചുവർഷം പാർലമെന്റിലവർ തന്റെ സാന്നിധ്യമറിയിച്ചെങ്കിലും അവസാനവർഷമടുത്തതോടെ അവർ തീർത്തും നിരാശയായതുപോലെ തോന്നിച്ചിരുന്നു. 57 ലെ തിരഞ്ഞെടുപ്പായപ്പോഴേക്കും പാർട്ടികൾക്കൊന്നും അവരെ വേണ്ടാതായി. പി.എസ്.പി.യും അവർക്കു ടിക്കറ്റു കൊടുത്തില്ലെന്നു മാത്രമല്ല, സാക്ഷാൽ പട്ടംതാണുപിള്ള തന്നെ പാർലമെന്റിലേക്ക് മത്സരിക്കുവാനും സന്നദ്ധനായി. വളരെ കുറച്ച് വോട്ടുകൾ മാത്രമാണ് അപ്രാവശ്യം ആനി മസ്ക്രീനു ലഭിച്ചത്. അതോടെ സജീവരാഷ്ട്രീയത്തിൽ നിന്നവർ ഏതാണ്ടു വിരമിച്ചപോലെയായി.

തിരുവനന്തപുരത്തു വഞ്ചിയൂരിലെ വസതിയിൽ ദീർഘകാലമവർ രോഗിയായി ശയ്യാവലംബിയായി കഴിച്ചുകൂട്ടി. പഴയ സഹപ്രവർത്തരാകട്ടെ, ആരുംതന്നെ അവരെ തിരിഞ്ഞുനോക്കിയതുമില്ല. അവർ മരിക്കുമ്പോൾ കോൺഗ്രസാണു ഭരിച്ചിരുന്നതെങ്കിലും സർക്കാർ ബഹുമതികളൊന്നുമുണ്ടായില്ല. ശവസംസ്കാരച്ചടങ്ങിൽ കോൺഗ്രസ് മന്ത്രിമാരാരുംതന്നെ പങ്കെടുക്കാതിരുന്നതും പാറ്റൂർ ശ്മശാനത്തിൽ അവരെ സംസ്കരിക്കുമ്പോൾ അതിനു സാക്ഷികളാവാൻ കഷ്ടിച്ച് നൂറിൽ താഴെ ആളുകളേ ഉണ്ടായിരുന്നുള്ളൂവെന്നതും മാധ്യമങ്ങളിൽ പിന്നീട് കടുത്ത വിവാദവുമായി.

അർഹിച്ച പരിഗണനകളൊന്നും കിട്ടാതെയും അർഹിക്കാത്ത അവഗണനകളെല്ലാം സഹിച്ചും അന്ത്യകാലം കഴിച്ചുകൂട്ടിയ ആനി മസ്ക്രീന് അനുയോജ്യമായ ഒരു സ്മാരകവും ഉണ്ടായിട്ടില്ല. അക്കാമ്മ ചെറിയാനു തിരുവനന്തപുരത്ത് സ്മാരകപ്രതിമ വന്നപ്പോഴും ആനി മസ്ക്രീന് മരണാനന്തരവും വിധിക്കപ്പെട്ടത് സഹപ്രവർത്തകരുടെ പോലും അവഗണന മാത്രം. ഇന്നും അവരെ ഓർമിക്കുന്നവരും ചുരുക്കം. എങ്കിലും ജീവിച്ചിരുന്ന കാലത്തു തിരുവിതാകൂർ രാഷ്ട്രീയത്തിലെ ഒരു പെൺസിംഹംതന്നെയായിരുന്നു മിസ് മസ്ക്രീൻ. ദിവാനുൾപ്പെടെ സർവപുരുഷസിംഹങ്ങളും ഭയപ്പെട്ടിരുന്ന പെൺസിംഹം.

■

# പെൺകരുത്തിൽ കോട്ടയം

കെ.ജി. രഞ്ജിത്ത്

മാർച്ച് എട്ട് - ലോകവനിതാദിനം. അടുക്കളയിലെ കരിപുരണ്ട ജീവിതത്തിൽനിന്ന് ഭരണസിരാകേന്ദ്രങ്ങളിലേക്കു നടന്നുകയറിയ പെൺകരുത്തിന്റെ കഥയാണ് ഓരോ വനിതാദിനവും ഓർമപ്പെടുത്തുന്നത്. ശത്രുവിനെ വാളിൻമുനയിൽ നിർത്തിയ ഝാൻസി റാണിയും, കരുണയിലൂടെ ലോകത്തെ കീഴടക്കിയ വിശുദ്ധ മദർ തെരേസയുമൊക്കെ വനിതാദിനത്തിൽ ഉയർന്നുകേൾക്കുന്ന പേരുകളാണ്. സമസ്തമേഖലകളിലും വ്യക്തിമുദ്രപതിപ്പിച്ചു മുന്നേറുമ്പോഴും സ്വന്തം കുടുംബത്തിൽനിന്നുപോലും ചൂഷണത്തിന് ഇരയാകേണ്ടിവരുന്ന ഒരുകൂട്ടം സ്ത്രീകൾ നമുക്കു



എം. അഞ്ജന



ഡി. ശില്പ



നിർമ്മല ജിമ്മി

ചുറ്റുമുണ്ടെന്ന ഓർമപ്പെടുത്തൽകൂടിയാണ് ഓരോ വനിതാദിനവും.

1857 മാർച്ച് എട്ടിന് ന്യൂയോർക്കിൽ സ്ത്രീകൾ നടത്തിയ ആദ്യപ്രക്ഷോഭണത്തിന്റെ ഓർമയിലാണ് വനിതാദിനം ആഘോഷിക്കുന്നത്. ക്ലാരാ സെറ്റ്കിൻ എന്ന ജർമൻ തത്ത്വചിന്തകയാണ് ഈ ദിവസത്തെ അന്തർദേശീയ വനിതാദിനമാക്കി മാറ്റുകയെന്ന ആശയം മുന്നോട്ടുവച്ചത്. 1911 ൽ ഓസ്ട്രിയയിലും ഡെന്മാർക്കിലും ജർമനിയിലും സ്വിറ്റ്സർലൻഡിലും വനിതാദിനം ആദ്യമായി ആഘോഷിച്ചു. 1975 ൽ ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര വനിതാദിനത്തെ അംഗീകരിച്ചു.

കനലെരിയുന്ന വഴികളിലൂടെ സ്ത്രീകൾ അടുക്കളയിൽനിന്ന് അധികാരത്തിലേക്കെത്തിയത് അർപ്പണബോധത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമൊന്നുകൊണ്ടുമാത്രമാണ്. സമൂഹത്തിനായി തനിക്കു പലതും ചെയ്യാനുണ്ടെന്നുള്ള തിരിച്ചറിവാണ് ഓരോ സ്ത്രീയുടെയും വിജയത്തിനു പിന്നിലെ രഹസ്യം. അന്തർവാഹിനിമുതൽ വിമാനംവരെ നിയന്ത്രിക്കാൻ വളയിട്ട കൈകൾക്കു കരുത്തുണ്ട്. ചെയ്യുന്ന ജോലിയോടു കൂറും ബഹുമാനവും പുലർത്തുന്നതിൽ പുരുഷനെക്കാൾ ഒരുപടി മുന്നിലാണ് സ്ത്രീകളെന്നത് മറ്റൊരു സത്യം.

അമ്മയായും ഭാര്യയായും മകളായും മാത്രമല്ല ഉത്തരവിടാൻ കഴിവുള്ളവളായും സ്ത്രീ വളർന്നുകഴിഞ്ഞിരിക്കുന്നു. രാജ്യത്തിന്റെ ഭരണചക്രം തിരിക്കാൻ സ്തീകൾ പ്രാപ്തരായി. ദേശീയ, സംസ്ഥാന തലത്തിൽ ഭരണസിരാകേന്ദ്രങ്ങളിൽ സ്ത്രീകൾ കൈയൊപ്പു പതിപ്പിച്ചുകഴിഞ്ഞു. കേരളത്തിലും സ്ഥിതി മറിച്ചല്ല. ഏറ്റവുമൊടുവിലായി കേരളത്തിലെ ചരിത്രപ്രധാനമായ ജില്ലകളിലൊന്നായ കോട്ടയം അക്ഷരനഗരിയിലും വനിതകൾതന്നെ ഭരണചക്രം തിരിക്കുന്ന കാഴ്ചയാണ് 2021 സമ്മാനിക്കുന്നത്. മധ്യതിരുവിതാംകൂറിലെ തന്ത്രപ്രധാനപദവികളായ ജില്ലാ കളക്ടർ, ജില്ലാ പൊലീസ് മേധാവി, ജില്ലാപ്പഞ്ചായത്ത് പ്രസിഡന്റ് എന്നീ സുപ്രധാന പദവികളാണ് വളയിട്ട കൈകളിൽ ഭദ്രമാകുന്നത്. കൂടാതെ, ജില്ലയിലെ 71 പഞ്ചായത്തുകളിൽ 32 പഞ്ചായത്തുകളിലും ഭരണസാരഥ്യം വനിതകൾക്കാണ്. ഒരു സ്ത്രീ തന്റെ കുടുംബത്തെ എങ്ങനെ കാത്തുസൂക്ഷിക്കുന്നുവോ അതു പോലെതന്നെയാവും തന്റെ അധികാരപരിധിയും സംരക്ഷിക്കുകയെന്നു തെളിയിക്കുകയാണ് കോട്ടയത്തെ വനിതാനേതൃത്വം.

ജില്ലാ കളക്ടർ എം. അഞ്ജന, ജില്ലാ പൊലീസ് മേധാവി ഡി. ശില്പ, ജില്ലാപ്പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി എന്നിവരാണ് കോട്ടയത്തിന്റെ പുതിയ കാവൽക്കാർ. സ്ത്രീകളായതുകൊണ്ടുതന്നെ സഹജീവികളോടു കരുണയോടെ പെരുമാറാനും, എതിർക്കുന്നവർക്കു മുന്നിൽ പ്രതിരോധത്തിന്റെ വൻമതിൽ തീർക്കാനും ഇവർക്കാകുന്നു. മൂവരും ഒറ്റക്കെട്ടായി രംഗത്തെത്തിയതോടെ ജില്ലയിൽ സമസ്തമേഖലകളിലും വികസനവുമെത്തി.

സർക്കാരിന്റെ വികസനക്ഷേമപദ്ധതികളും മറ്റും സാധാരണക്കാരിലെത്തിക്കുകയും അവരുടെ പ്രശ്നങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന തിരക്കിലാണ് ജില്ലാ ഭരണകൂടത്തിന്റെ അധ്യക്ഷകൂടിയായ കളക്ടർ എം. അഞ്ജന. തന്റെ അർപ്പണമനോഭാവത്തോടെയുള്ള പ്രവർത്തനവും, സഹജീവികളോടുള്ള കരുണയുമാണ് എം. അഞ്ജനയെന്ന ഐ.എ.എസുകാരിയെ കോട്ടയത്തിനു പ്രിയങ്കരിയാക്കിയത്. കൊവിഡും മഹാപ്രളയവും പക്ഷിപ്പനിയുമടക്കമുള്ള വലിയ പ്രതിസന്ധിഘട്ടങ്ങളിലും അടിപതറാതെ ശക്തമായ നിലപാടുകളെടുത്ത് തന്റെ കുടുംബത്തെപ്പോലെ കോട്ടയത്തിനു കാവലിരുന്ന ജില്ലാകളക്ടർ എം. അഞ്ജന ഐ.എ.എസുകാർക്ക് മാതൃകയാക്കാവുന്ന വ്യക്തിത്വംകൂടിയാണ്. പ്രളയത്തിലും പകർച്ചവ്യാധികളിലുമൊക്കെ പതറാതെ കോട്ടയത്തെ സംരക്ഷിക്കാനായത് പൊതുജനങ്ങളുടെ സഹായവും സഹകരണവുംകൊണ്ടു മാത്രമാണെന്ന് കളക്ടർ എം. അഞ്ജന ഓർമിക്കുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ സർക്കാർനിർദേശങ്ങൾ പാലിക്കാൻ ജനങ്ങൾക്കും അതു നടപ്പിലാക്കാൻ ജില്ലാഭരണകൂടത്തിനും കഴിഞ്ഞതാണ് കോട്ടയത്തിന്റെ വിജയം. അതിനു സഹകരിച്ച എല്ലാവർക്കും നന്ദി പറയുകയാണ് ജില്ലാ മജിസ്ട്രേറ്റുകൂടിയായ കളക്ടർ.

നിരവധി ക്രമസമാധാനപ്രശ്നങ്ങളും കുറ്റകൃത്യങ്ങളും നടക്കുന്ന കോട്ടയത്ത് പുതിയ പൊലീസ് മേധാവിയായി ഡി. ശില്പയെന്ന കരുത്തുറ്റ യുവതിയെത്തിയതോടെ അക്ഷരനഗരി ശാന്തമായി. അക്രമങ്ങളും, മറ്റ് അനിഷ്ടസംഭവങ്ങളും കുറഞ്ഞു. സ്ത്രീസുരക്ഷയുടെ കാര്യത്തിൽ തെല്ലും വിട്ടുവീഴ്ചയില്ലാത്ത നിലപാടു സ്വീകരിക്കുന്ന പൊലീസ് മേധാവി മറ്റു മേഖലയിലുള്ളവരോടും നീതി പുലർത്തിയതോടെ ജില്ലയിലെ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞു.

ജില്ലയെ വികസനപാതയിലേക്ക് ഉയർത്താനുള്ള പദ്ധതികളിലാണ് ജില്ലാപ്പഞ്ചായത്ത് അധ്യക്ഷ നിർമ്മല ജിമ്മി കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്. സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിനും, അവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിനും കൂടുതൽ സമയം ചെലവഴിക്കുന്ന വ്യക്തിയാണ് ജില്ലാപ്പഞ്ചായത്ത് അധ്യക്ഷ. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിന് ബജറ്റിൽപോലും പ്രത്യേക താത്പര്യമെടുക്കാനും നിർമ്മല ജിമ്മിക്കു കഴിഞ്ഞു.

മൂവരും ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ മുമ്പെങ്ങും ഉണ്ടാകാത്തത്ര വികസനവും വളർച്ചയുമാണ് കോട്ടയം ജില്ലയ്ക്കു സമ്മാനിച്ചത്. ഏതു പ്രതിസന്ധിഘട്ടങ്ങളിലും നാടിനെ സംരക്ഷിക്കാൻ വനിതകൾക്കു കഴിയുമെന്ന സന്ദേശം കൂടിയാണ് മൂവരും സമൂഹത്തിനു നൽകുന്നത്. ജില്ലയുടെ ഭരണസിരാകേന്ദ്രങ്ങളിൽ കരുത്തുറ്റ സ്ത്രീകളെത്തിയതോടെ അക്ഷരാർത്ഥത്തിൽ അക്ഷരനഗരി വളയിട്ട കൈകളിൽ ഭദ്രമായിരിക്കുന്നുവെന്നു വേണം പറയാൻ.

ഈ വനിതാദിനത്തിൽ അക്ഷരനഗരി ഒരു മാതൃകയാകട്ടെ. സ്ത്രീകൾക്ക് സമൂഹത്തിന്റെ ഉന്നതപദവികളിലേക്കു നടന്നുകയറാനും, കഴിവു തെളിയിക്കാനുമാവുമെന്നത് സമൂഹത്തിനു കാട്ടിത്തന്നെ ഈ കോട്ടയംകൂട്ടായ്മ രാജ്യവികസനത്തിന്റെ സമസ്തമേഖലകളിലേക്കുമുള്ള തുടർച്ചകൂടിയാകട്ടെ.

**ശ്രേഷ്ഠമലയാളം** **ഡോ. ഡേവിസ് സേവ്യർ**

## സ്ത്രീശക്തീകരണം

'സ്ത്രീശാക്തീകരണം' എന്നു കേൾക്കാത്തവരുണ്ടാകില്ല. താരതമ്യേന പുതിയ സമസ്തപദസൃഷ്ടിയാണിത്. Women empowerment എന്നതിനു സമാനമായി നാം ഈ വാക്ക് ഉപയോഗിക്കുന്നു. സ്ത്രീപക്ഷചിന്തകൾക്കു പ്രാധാന്യം വന്നതോടെയാണ് ഈ പദത്തിന് പ്രചാരവും പ്രസിദ്ധിയും വർദ്ധിച്ചത്. പ്രഗല്ഭരായ പ്രസംഗകരും എഴുത്തുകാരും യഥേഷ്ടം സ്ത്രീശാക്തീകരണം എന്നു പ്രയോഗിച്ചുതുടങ്ങിയതോടെ സുസമ്മതമായ ഒരു ശൈലിയായി അതുമാറി. ഈ പദം ശരിയായി ഉച്ചരിക്കുകയും എഴുതുകയും ചെയ്യേണ്ടതെങ്ങനെ? ശരിയായ അർത്ഥവിവക്ഷയെന്ത്? ആലോചിച്ചിട്ടുണ്ടോ?

ശക്തിയുള്ളത് ശക്തമാണ്, ആ വിശേഷണപദത്തോട് കരണം എളുപ്പം ചേരും. അപ്പോൾ വരുന്നത് ശക്തീകരണമാണ്, ശാക്തീകരണമല്ല. അങ്ങനെയാവുമ്പോൾ സ്ത്രീശക്തീകരണം എന്നായാൽ ശുദ്ധരൂപമായി. സ്ത്രീയെ ശക്തിപ്പെടുത്തൽ എന്ന് അർത്ഥവും ലഭിക്കും. തന്നെയുമല്ല ശാക്തീകരണത്തെ ന്യായീകരിക്കാവുന്ന വ്യാകരണതത്ത്വങ്ങളൊന്നും ഭാഷയിലില്ല. തന്മൂലം ഒരു വിലക്ഷണരൂപമായേ ശാക്തീകരണത്തെ കണക്കാക്കാനാവൂ. കൂടാതെ, സാത്വികം എന്നൊരു വാക്കും ശക്തിയുള്ളത് എന്ന അർത്ഥത്തിൽ നമുക്കുണ്ട്. അതിനോട് കരണം ചേർന്നുവരുന്ന സാത്വികീകരണത്തിനും ശക്തിയുള്ളതാക്കൽ എന്നർത്ഥം ഗണിക്കാം.

അതനുസരിച്ച് സ്ത്രീസാത്വികീകരണവും ശുദ്ധരൂപമാണ്. എന്നാൽ, ആ പ്രയോഗം ലളിതമോ സാധാരണമോ അല്ല. ഈ സാഹചര്യത്തിൽ ശക്തീകരണംതന്നെ സ്വീകരിക്കുന്നതാണ് നല്ലത്. ഭാരതീയദർശനത്തിൽ ശാക്തം എന്നൊരു വാക്കുണ്ട്. അത് ശക്തിയെ ഉപാസിക്കുന്നവരുടെ ശാക്തമതത്തെക്കുറിച്ചുള്ളതാണ്. നമ്മുടെ സ്ത്രീകളെ ശാക്തമതാനുയായികളാക്കിത്തീർക്കുക എന്ന ദുരർത്ഥവും സ്ത്രീശാക്തീകരണം എന്ന സംജ്ഞയ്ക്ക് വരും. ശക്തിശബ്ദത്തിനു് ദുർഗ്ഗ എന്നും അർത്ഥമുള്ളതിനാൽ ശാക്തികശബ്ദത്തിനു് ദുർഗ്ഗയെ ആരാധിക്കുന്ന എന്നും അർത്ഥം വരാം.* അതുകൊണ്ടു കേരളവനിതാക്കമ്മീഷന്റെ** ന്യൂസ് ലെറ്ററായ 'സ്ത്രീശക്തി'യിലെങ്കിലും സ്ത്രീശക്തീകരണം എന്ന് അച്ചടിച്ചുകണ്ടാൽ കൊള്ളാം.

* ജോൺ കുന്നപ്പള്ളി, ഫാ., പ്രക്രിയാഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം-544.

** വനിതാ എന്ന സംസ്കൃതശബ്ദം മലയാളമാക്കുമ്പോൾ വനിത എന്നാകും. ഹ്രസ്വാന്തത്തോടാണ് ഉത്തരപദമായ കമ്മീഷൻ എന്ന ഇംഗ്ലീഷ് വാക്ക് ചേരുന്നത്, മലയാളനിയമമനുസരിച്ച് വനിതക്കമ്മീഷൻ എന്നാണ് ശുദ്ധരൂപം വരേണ്ടത്, എങ്കിലും ശ്രുതിമാധുര്യം വനിതാക്കമ്മീഷനായതിനാൽ അതും സ്വീകാര്യം.




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ





**ജോയിഷ് ജോസ്**

"**നി**ന്നോട് എല്ലാം തുറന്നു പറയാൻ കഴിയുമെന്നും, നീ എനിക്ക് ആശ്വാസത്തിന്റെയും താങ്ങിന്റെയും ഉറവിടമായിരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു."

*(ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പിൽനിന്ന്...)*

1929 ജൂൺ 12 ന് ജർമനിയിലെ ഫ്രാങ്ക്ഫുട്ട് ഓൺമെയ്നിൽ ഓട്ടോ ഫ്രാങ്കിന്റെയും ഈഡിത്ത് ഫ്രാങ്കിന്റെയും രണ്ടാമത്തെ മകളായാണ് ആൻ ജനിച്ചത്.

പിതാവ് ഓട്ടോ ഫ്രാങ്ക് ബാങ്കുദ്യോഗസ്ഥനും മാതാവ് എഡിത്ത് ഫ്രാങ്ക് വീട്ടമ്മയും. മാർഗോട്ട് ഫ്രാങ്ക് ആയിരുന്നു ഏകസഹോദരി. ജർമനിയിൽ ഹിറ്റ്ലറുടെ നാസിപാർട്ടി ശക്തിപ്രാപിച്ചതോടെ ജൂതകുടുംബങ്ങൾ ആക്രമണ ഭീഷണിയിലായി. അനേകം ജൂതർ വേട്ടയാടപ്പെട്ടു. മറ്റുള്ളവർ അന്യദേശങ്ങളിലേക്കു പലായനം ചെയ്തു. അതിലൊന്നായിരുന്നു ആൻ ഫ്രാങ്കിന്റെ കുടുംബം. ആനിന്റെ അഞ്ചാം വയസ്സിൽ ഹോളണ്ടിലേക്കാണ് അവർ കുടിയേറിയത്. ആദ്യമൊക്കെ ഹോളണ്ടിൽ ആൻ ഫ്രാങ്കിന്റെ കുടുംബം സന്തോഷത്തിൽത്തന്നെയാണു കഴിഞ്ഞത്. ഓട്ടോ ഫ്രാങ്കിന് ആംസ്റ്റർഡാമിൽ ഒരു ജാം നിർമാണക്കമ്പനിയിൽ ജോലിയായി. ആനും സഹോദരിയും സ്കൂളിൽ ചേർന്നു പഠിക്കാൻ തുടങ്ങി. മാർഗോട്ടിന് താത്പര്യം ഗണിതമായിരുന്നുവെങ്കിൽ ആൻഫ്രാങ്കിനു സാഹിത്യത്തോടായിരുന്നു ഇഷ്ടം. നാസിപ്പട ഹോളണ്ടിലുമെത്തിയതോടെ ജൂതകുടുംബങ്ങൾ അവിടെയും ഭീഷണിയിലായി. ആനിനും സഹോദരിക്കും ജൂതർ മാത്രമുള്ള സ്കൂളിലേക്കു പഠിത്തം മാറ്റേണ്ടിവന്നു. ജൂതർ കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിനും സർക്കാരുദ്യോഗം വഹിക്കുന്നതിനുമെല്ലാം വിലക്കുവന്നു. ജർമനിയിലേക്കു തിരിച്ചുപോകാത്തവരെ തടവിലാക്കുമെന്ന് അറിയിപ്പുണ്ടായി. പക്ഷേ, പോകാൻ പറ്റുന്ന അവസ്ഥയിലായിരുന്നില്ല അവരുടെ കുടുംബം.

ജർമൻ തൊഴിൽ ക്യാമ്പിലേക്കു പെട്ടെന്നൊരുനാൾ ആനിന്റെ സഹോദരി മാർഗോട്ടിനെ വിളിപ്പിച്ചു. അതോടെ കാര്യങ്ങൾ അപകടകരമാണെന്നു മനസ്സിലാക്കിയ പിതാവ് ഓട്ടോ ഫ്രാങ്ക് ഒളിത്താവളം തേടി. മറ്റു നാലു കുടുംബങ്ങളോടൊപ്പം അവർ ഓഫീസ് കെട്ടിടത്തിനു മുകളിലത്തെ നിലയിൽ ഒളിച്ചുതാമസിക്കാൻ തുടങ്ങി. പുറത്തിറങ്ങാൻ കഴിയാതെ ഒരു കൊച്ചുമുറിയിൽ ഭയന്നുവിറച്ചുകൊണ്ടുള്ള ജീവിതം. ചില സുഹൃത്തുക്കൾ നല്കിക്കൊണ്ടിരുന്ന ഭക്ഷണമായിരുന്നു അവർക്കാശ്രയം. പുറംലോകം കാണാനാവാതെ ആൻ വീർപ്പുമുട്ടി. ഒരു പൂമ്പാറ്റയെപ്പോലെ ചിറകടിച്ചുയരാൻ വെമ്പുന്ന മനസ്സിന് ഒളിത്താവളം കൂച്ചുവിലങ്ങിട്ടു. ആ കുഞ്ഞുമനസ് കരഞ്ഞു. ആ ദിവസങ്ങളിലാണ് ആൻ തന്റെ ഡയറിയുമായി കൂട്ടുകൂടാനാരംഭിച്ചത്. 'കിറ്റി' എന്ന് ഓമനപ്പേരിട്ടു വിളിക്കുന്ന ഡയറി. അതവൾക്ക് അച്ഛൻ സമ്മാനിച്ചതാണ്. 'പ്രിയപ്പെട്ട കിറ്റി'... എന്നു തുടങ്ങുന്ന വാചകങ്ങളിൽ തന്റെ ഹൃദയത്തിന്റെ അസ്വസ്ഥതകൾ ഓരോന്നും ആൻ ഡയറിയിൽ പകർത്തി.

ഒളിവുസങ്കേതങ്ങളിലെ അനുഭവങ്ങൾ കിറ്റിയോട് ആൻ പറയുന്നത് വ്യത്യസ്തഭാവങ്ങളിലായിരുന്നു. പതിമൂന്നുകാരിയുടെ ദേഷ്യം, കുശുമ്പ്, ആഗ്രഹം, ഉറച്ച ധൈര്യം, ആത്മവിശ്വാസം എന്നിങ്ങനെ ഏറെ വികാരങ്ങൾ കിറ്റിയോടു ദിവസവും പറഞ്ഞുകൊണ്ടിരുന്നു. സന്തോഷത്തോടെ ആദ്യകുറിപ്പ് എഴുതിത്തുടങ്ങിയ അവളുടെ ഭാവങ്ങൾക്കു മാറ്റം വരുന്നു അവസാനഭാഗങ്ങളിൽ. നാസികളുടെ ആക്രമണത്തിന്റെ തീവ്രത നമുക്ക് ഹൃദയത്തിൽ തട്ടുന്ന രീതിയിലാണ്. യുദ്ധസാഹിത്യത്തിലെ ക്ലാസിക്കാണ് ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ. തന്റെ ഡയറിക്കുറിപ്പുകളെക്കുറിച്ച് ആൻ ഫ്രാങ്കു തന്നെ അഭിപ്രായപ്പെട്ടത് ഇങ്ങനെയായിരുന്നു: "എന്നെപ്പോലൊരാൾക്കു ഡയറിയെഴുത്ത് എന്നത് തീർത്തും അപരിചിതമായ അനുഭവമാണ്. ഞാൻ ഇതിനുമുമ്പ് ഒന്നും എഴുതിയിട്ടില്ല എന്നതുകൊണ്ടു മാത്രമല്ല, എനിക്കു തോന്നുന്നു, പിന്നീട് എനിക്കു തന്നെയോ മറ്റാർക്കുമോ ഒരു പതിമൂന്നുകാരി സ്കൂൾ കുട്ടിയുടെ ജല്പനങ്ങളിൽ യാതൊരു താത്പര്യവുമുണ്ടാകില്ല.'' എന്നാൽ, ആ കുറിപ്പുകളിൽക്കൂടിയാണ് നാസിഭരണത്തിൻ കീഴിൽ ജൂതന്മാർ അനുഭവിക്കേണ്ടിവന്ന യാതനകളെക്കുറിച്ച് ലോകം അറിഞ്ഞത്.


1944 ഓഗസ്റ്റ് നാലിന് നാസിപോലീസ് അവർ താമസിച്ചിരുന്ന ഒളിത്താവളത്തിൽ മിന്നൽ പരിശോധന നടത്തി. ആനും കുടുംബവും കോൺസൻട്രേഷൻ ക്യാമ്പിൽ തടവിലായി. പതിനഞ്ചു വയസ്സുള്ള ആൻ ഫ്രാങ്കിനെയും സഹോദരിയെയും അടിമപ്പണി ചെയ്യാൻ നിർത്തി. 1945 മാർച്ചിൽ ഹോളണ്ടിന്റെ മോചനത്തിനു കേവലം രണ്ടു മാസംമുമ്പ് ബെർഗൻ ബെൽഡൻ എന്ന കുപ്രസിദ്ധ നാസിത്തടവറയിൽ വച്ച് ടൈഫസ് പിടിപെട്ടതിനെത്തുടർന്ന് ആനും സഹോദരിയും അവശനിലയിലായി. ദിവസങ്ങൾക്കുള്ളിൽ ആൻ ഫ്രാങ്ക് മരണത്തിനു കീഴടങ്ങി. യുദ്ധം തീർന്ന ശേഷമാണ്, ആൻ ഫ്രാങ്കിന്റെ ഒളിത്താവളത്തിൽനിന്നു ലഭിച്ച ഡയറിക്കുറിപ്പുകൾ 1947 ൽ ആംസ്റ്റർഡാമിൽ വച്ചു പ്രസിദ്ധീകരിക്കുന്നത്, 'ദി ഡയറി ഓഫ് എ യങ് ഗേൾ' എന്ന പേരിൽ.

□

# സിസ്റ്റർ മേരി കെല്ലർ

## കമ്പ്യൂട്ടർ സയൻസിൽ പിഎച്ച്ഡി നേടിയ ആദ്യവനിത

**ക**മ്പ്യൂട്ടർ സയൻസിൽ ലോകത്താദ്യമായി പിഎച്ച്ഡി നേടിയ വനിത ഒരു കത്തോലിക്കാ കന്യാസ്ത്രീയാണ്. സ്ത്രീകൾക്ക് കമ്പ്യൂട്ടർ മേഖല അപ്രാപ്യമായൊരു കാലത്താണ് 'സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി' സന്ന്യാസസമൂഹാംഗമായ സിസ്റ്റർ മേരി കെന്നെത്ത് കെല്ലർ കമ്പ്യൂട്ടർ സയൻസിൽ പി.എച്ച്.ഡി നേടുന്നത്. 1965 ലാണ് സിസ്റ്റർ പി.എച്ച്.ഡി കരസ്ഥമാക്കുന്നത്.



1914 ൽ ഒഹിയോയിലാണ് സിസ്റ്റർ മേരിയുടെ ജനനം. 1940 ൽ നിത്യവ്രതവാഗ്ദാനം സ്വീകരിച്ചശേഷം സിസ്റ്റർ, കണക്കിൽ ബാച്ചിലേഴ്സ് ഡിഗ്രിയും, കണക്കിലും സയൻസിലും മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്ഥമാക്കി. വെറുമൊരു കമ്പ്യൂട്ടർ വിദഗ്ദ്ധ എന്നതിലുപരി വിവരങ്ങൾ എല്ലാവർക്കും ലഭ്യമാകണമെന്ന് ആഗ്രഹിച്ച വനിതയായിരുന്നു സിസ്റ്റർ മേരി. 1960 ലാണ് സിസ്റ്റർ മേരി വിസ്കോൺസിൻ സർവകലാശാലയിൽ ചേരുന്നത്. മിഷിഗണിലെ പർഡ്യൂ സർവകലാശാലയിലും, ഡാർട്ട്മൗത്ത് കോളജിലും സിസ്റ്റർ തന്റെ പഠനം പൂർത്തിയാക്കി.

ഡാർട്ട്മൗത്ത് കോളജ് തങ്ങളുടെ കമ്പ്യൂട്ടർ സെന്ററിൽ സ്ത്രീകൾക്കുള്ള വിലക്കു നീക്കിയതാണ് സിസ്റ്റർ മേരിക്ക് കമ്പ്യൂട്ടർ സയൻസ് പഠിക്കുവാൻ അവസരമൊരുക്കിയത്. ഇത് ബേസിക് (BASIC) എന്ന കമ്പ്യൂട്ടർ ഭാഷ വികസിപ്പിക്കുന്നതിൽ പങ്കാളിയാകുവാൻ സിസ്റ്റർ മേരിക്ക് വഴിയൊരുക്കി. ബേസിക്കിനുമുമ്പ് ഗണിതശാസ്ത്രജ്ഞർക്കും ശാസ്ത്രജ്ഞർക്കും മാത്രമായിരുന്നു തങ്ങളുടെ രീതിയിലുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കുവാൻ കഴിഞ്ഞിരുന്നത്. എന്നാൽ, ആർക്കും പഠിക്കാവുന്ന ഒരു കമ്പ്യൂട്ടർ ഭാഷയായിരുന്നു ബേസിക്.

'ഇൻഡക്ടീവ് ഇൻഫറൻസ് ഓൺ കമ്പ്യൂട്ടർ ജെനറേറ്റഡ് പാറ്റേൺസ്' എന്ന പേരിൽ സി.ഡി.സി ഫോർട്രാൻ 63 യിലാണ് സിസ്റ്റർ തന്റെ പി.എച്ച്.ഡിക്ക് വേണ്ട പ്രബന്ധം തയ്യാറാക്കിയത്. ഇയോവയിലെ ക്ലാർക്ക് കോളജിൽ ഒരു കമ്പ്യൂട്ടർ വിഭാഗവും സിസ്റ്റർ മേരി സ്ഥാപിച്ചു. 20 വർഷക്കാലം സിസ്റ്റർ അതിന്റെ ഡയറക്ടറായി സേവനം ചെയ്തു.

ജനങ്ങളെ സമർത്ഥരും, സ്വയമായി ചിന്തിക്കുവാൻ കഴിവുള്ളവരുമാക്കുന്ന ഒരു കാലഘട്ടമായിരുന്നു സിസ്റ്ററിന്റെ സ്വപ്നം. കൃത്രിമബുദ്ധിക്ക് പുറമേ ജനങ്ങൾക്ക് അറിവു നേടുന്നതിനു സഹായിക്കുവാൻ കമ്പ്യൂട്ടറിനു കഴിയുമെന്നും, കാലം ചെല്ലുംതോറും പക്വമതികളായ വിദ്യാർത്ഥികളുടെ എണ്ണം കൂടുമെന്നും ഇത്തരത്തിലുള്ള പഠനങ്ങളുടെ പ്രാധാന്യം വർദ്ധിക്കുമെന്നും പ്രവചിച്ച സിസ്റ്റർ മേരി കെന്നെത്ത് കെല്ലർ 1985 ജനുവരി 10 നാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

# കിളിമൊഴി

**മിനിക്കഥ**

**ജോൺ ജെ. പുതുച്ചിറ**

**അ**ത്ര സുന്ദരനൊന്നുമായിരുന്നില്ല അന്ത്രയോസ്.

കൗമാരത്തിനും യൗവനത്തിനും ഇടയ്ക്കുള്ള പ്രായം. പഠിത്തം കഴിഞ്ഞിട്ടും പണികിട്ടാതെ നിൽക്കുന്ന മിടുക്കൻ.

ഉറക്കം, തീറ്റ, പട്ടണത്തിലേക്ക് ഒരു സായാഹ്നസവാരി ഇതാണ് ഇഷ്ടന്റെ സ്ഥിരം ദിനചര്യ.

ചില ഇടവഴികൾ താണ്ടിയാണ് ഇഷ്ടന്റെ പട്ടണപ്രവേശം. അങ്ങനെ ഇടവഴിയിലൂടെയുള്ള സ്ഥിരമായ ആ യാത്രാവേളയിലാണ് അയാൾ ആ കറുത്ത സുന്ദരിയെ കണ്ടുമുട്ടിയത്.

പാവാടപ്രായം കഴിഞ്ഞ് ദാവണിപ്രായത്തിലേക്കു പ്രവേശിച്ച ഒരു കറുത്തമുത്ത്. തൊഴിലുറപ്പുപദ്ധതിയിലാണെന്നു തോന്നുന്നു തൊഴിൽ.

എന്തായാലും അന്ത്രയോസിന്റെ നിത്യേനയുള്ള സായാഹ്നസവാരിയിലെ ഒരു സുന്ദരക്കാഴ്ചയായി ആ കറുത്ത മുത്ത്. അവന്റെ ഹൃദയത്തിൽ ആകർഷണത്തിന്റെ അനുരണനങ്ങൾ.

ഇടവഴിയിലെ അടുപ്പവും വിജനതയും നിത്യദർശനവുമൊക്കെ ഒടുവിൽ ആ ചോദ്യം ചോദിക്കാൻ അവനു തന്റേടമേകി.

"എന്താണ് കുട്ടീടെ പേര്?"

മറുപടിയും പെട്ടെന്നുതന്നെ കിട്ടി:

അവളുടെ കിളിമൊഴി: "നിന്റമ്മച്ചിയോടു ചെന്നു ചോദിക്ക്."

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

**ഹൃദ്യമായ വാക്കു തേനറപോലെയാണ്; അത് ആത്മാവിനു മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്.**

സുഭാഷിതങ്ങൾ 16:24

## എഡിറ്റോറിയൽ

# കരുതൽ നഷ്ടപ്പെട്ട കൊവിഡ് നിയന്ത്രണം

**കേ**രളമുൾപ്പെടെ അഞ്ചു സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശമായ ജമ്മുകാഷ്മീരിലും കൊവിഡ് ബാധിതരുടെ എണ്ണം കുതിച്ചുയരുന്നതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. രോഗികളുടെ 74 ശതമാനത്തിലേറെ കേരളത്തിലും മഹാരാഷ്ട്രയിലുമാണ്. കേരളം, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, പഞ്ചാബ് സംസ്ഥാനങ്ങളിലും ജമ്മുകാഷ്മീരിലുമാണ് കൊവിഡ് ബാധിതർ പെരുകുന്നത്.

അഞ്ചിന അടിയന്തരനടപടികൾ നിർദേശിച്ച് പ്രതിരോധപ്രവർത്തനം ഊർജിതമാക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് കേന്ദ്ര ആരോഗ്യമന്ത്രാലയം ഈ സംസ്ഥാനങ്ങൾക്കു കത്തെഴുതിയിരിക്കുന്നു. ആർ.ടി.പി.സി.ആർ. പരിശോധനകൾ കൂട്ടുക, ആന്റിജൻ ടെസ്റ്റുകളിൽ നെഗറ്റീവായവരെ ആർ.ടി.പി.സി.ആർ. പരിശോധനയ്ക്കു വിധേയരാക്കുക, രോഗവ്യാപനം രൂക്ഷമായ ജില്ലകളിൽ ശക്തമായ കൺടെയ്ൻമെന്റ് ഏർപ്പെടുത്തുക, കർശനനിരീക്ഷണവും ചികിത്സാസംവിധാനവും മെച്ചപ്പെടുത്തുക, പകർച്ചസാധ്യത തടയുന്നതിനുള്ള കരുതൽ നടപടികൾ കാര്യക്ഷമമാക്കുക എന്നിവയാണു നിർദേശങ്ങൾ. സർക്കാർസംവിധാനങ്ങളും പൊതുസമൂഹവും ഇക്കഴിഞ്ഞ മാസങ്ങളിലായി കാണിച്ചുവന്ന ജാഗ്രതക്കുറവാണ് രോഗവ്യാപനത്തോതുയരാനും അതു ഭീഷണിയായി മാറാനും കാരണമെന്നു വിലയിരുത്തപ്പെടുന്നു.

കൊവിഡിനെ നിയന്ത്രിക്കുന്നതിൽ ആദ്യഘട്ടത്തിൽ വലിയ വിജയം നേടി രാജ്യത്തിനകത്തും പുറത്തും മാതൃകയായ കേരളം പക്ഷേ, പിന്നീടതിൽ പിന്നാക്കം പോയി എന്നതു വാസ്തവമാണ്. രോഗബാധിതരിൽ മരണനിരക്ക് ലോകത്തുതന്നെ ഏറ്റവും കുറവു കേരളത്തിലാണെന്നും രോഗബാധിതരെക്കാൾ രോഗവിമുക്തരാണ് ഇപ്പോൾ കൂടുതലെന്നും മറ്റുമൊക്കെയുള്ള കണക്കുകളും റിപ്പോർട്ടുകളും നിരത്തി ഒരുവശത്ത് നമുക്കാശ്വസിക്കാം എന്നതു ശരിയാണ്. പക്ഷേ, അതിനപ്പുറത്തേക്ക്, കാര്യക്ഷമമായ ആസൂത്രണവൈഭവവും നിരീക്ഷണപാടവവും രോഗപ്പകർച്ച തടയുന്നതിൽ നമ്മുടെ ആരോഗ്യമന്ത്രാലയത്തിനും വകുപ്പുദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നതും തുറന്നുപറയാതെ തരമില്ല.

നിലവിൽ രാജ്യത്താകെ ചികിത്സയിലുള്ള കൊവിഡ് രോഗികളുടെ എണ്ണം ഒന്നരലക്ഷത്തോളമാണെങ്കിൽ, അതിൽ അറുപതിനായിരത്തോളം പേരും കേരളത്തിലാണ്. രാജ്യത്തെ ആകെ കൊവിഡ് രോഗികളിൽ നാലിൽ മൂന്നും കേരളം, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലാണ്. രാജ്യത്തെ ശരാശരി കൊവിഡ് പോസിറ്റിവിറ്റി നിരക്ക് 1:79 ശതമാനമാണ്. കേരളത്തിൽ അത് എട്ടു ശതമാനത്തിനടുത്താണ്.

കേരളത്തിലെ കൊവിഡ് രോഗികളുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ഇവിടെനിന്ന് കർണാടക, മഹാരാഷ്ട്ര, മണിപ്പൂർ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലേക്കെത്തുന്നവർക്ക് അതതു സംസ്ഥാനങ്ങൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് മലയാളികളെ വല്ലാതെ വലച്ചിരിക്കുകയാണിപ്പോൾ. കർണാടക അതിർത്തി അടച്ചതുവഴി കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ അതിർത്തിപ്രദേശത്തുള്ളവർ കഠിനയാതനകളാണ് അനുഭവിക്കുന്നത്. നിത്യേന വന്നുപോകുന്നവരടക്കമുള്ള സ്ഥിരം സംസ്ഥാനാന്തരയാത്രക്കാർ 15 ദിവസത്തിലൊരിക്കലും അല്ലാത്തവർ 72 മണിക്കൂറിനുള്ളിലും നടത്തിയ കൊവിഡ് പരിശോധനയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നാണ് കർണാടകയുടെ ഇപ്പോഴത്തെ നിലപാട്. അതില്ലാതെ വരുന്നവർ ആർ.ടി.പി.സി.ആർ. പരിശോധനയ്ക്കു വിധേയരാവുകയും ഫലം വരുന്നതുവരെ ക്വാറന്റീനിൽ കഴിയുകയും വേണം. ബംഗളൂരുവും മൈസൂരും മംഗളൂരുവുംപോലുള്ള കർണാടകനഗരങ്ങളിൽ പതിനായിരക്കണക്കിനു മലയാളികളാണു പഠിക്കുകയും ജോലി ചെയ്യുകയും താമസിക്കുകയും ചെയ്യുന്നത്. പച്ചക്കറിപോലുള്ള നിത്യോപയോഗസാധനങ്ങൾക്കും കാസർകോട്ടെ അതിർത്തിപ്രദേശത്തുള്ളവർ ആശ്രയിക്കുന്നതേറെയും മംഗളൂരുവിനെയാണ്. കർണാടകയിലേക്കുള്ള പല പാതകളും ബാരിക്കേഡുവച്ച് അടച്ച നിലയിലാണ്. വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും ബിസിനസ് ആവശ്യങ്ങൾക്കും മറ്റുമായി ദിവസേനയോ ആഴ്ചയിലോ കർണാടകത്തിൽ പോകുമ്പോഴെല്ലാം കൊവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർബന്ധം അപ്രായോഗികമാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആർ.ടി.പി.സി.ആർ. പരിശോധന നടത്തി സർട്ടിഫിക്കറ്റ് വാങ്ങിയെടുക്കുക സാമാന്യം പണച്ചെലവുള്ള കാര്യവുമാണ്. സമയനഷ്ടവും മറ്റു ബുദ്ധിമുട്ടുകളും വേറെയുണ്ടുതാനും. കുറെക്കൂടി മനുഷ്യത്വപരമായ സമീപനം കർണാടകസർക്കാരിൽനിന്നുണ്ടാവും എന്ന പ്രതീക്ഷയിലാണ് മലയാളികളിപ്പോൾ.

അയൽസംസ്ഥാനങ്ങളും അതിർത്തിപ്രദേശങ്ങളും അടയ്ക്കുന്നതുമായി ബന്ധപ്പെട്ട ആശങ്കകളും പരിഭവങ്ങളും നിലവിലിരിക്കുമ്പോഴും ആരോഗ്യരംഗത്തുള്ള മികവു കാട്ടി പ്രശംസ പിടിച്ചുപറ്റിയ നമ്മുടെ കേരളത്തിനെന്തുപറ്റിയെന്ന ആത്മപരിശോധനയ്ക്കു കേരളസർക്കാരും പൊതുജനവും തയ്യാറായേ പറ്റൂ. കാരണം, കൊവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ കുത്തഴിഞ്ഞ ഒരവസ്ഥ സംജാതമായെന്നു പറയാതെ തരമില്ല. പൊതുഗതാഗതം പുനരാരംഭിച്ചതും ആരാധനാലയങ്ങളും വിദ്യാലയങ്ങളും വാണിജ്യസ്ഥാപനങ്ങളും തുറന്നുപ്രവർത്തിച്ചതും പൊതുആവശ്യം മുൻനിറുത്തിയാണ്. പ്രതിസന്ധികൾക്കിടയിലും മനുഷ്യർ സാധാരണജീവിതത്തിലേക്കു തിരിച്ചുവരണമെന്ന ആഗ്രഹമാണ് അടഞ്ഞുപോയതെല്ലാം തുറക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. എന്നാൽ, കൊവിഡ് നിയന്ത്രണങ്ങളെല്ലാം കൈവിട്ടുപോയ ദുരവസ്ഥയിലേക്കു കേരളം മാറി.

കൊവിഡ് പെരുമാറ്റച്ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിൽ നമ്മുടെ ആരാധനാലയങ്ങൾ കാണിച്ച ജാഗ്രതയും അച്ചടക്കവും അഭിനന്ദനാർഹമാണ്. നേതൃത്വത്തിന്റെ ഗുണവിശേഷവും കെട്ടുറപ്പുള്ള ഭരണസംവിധാനവുമാണ് അതിനുള്ള കാരണം. മറ്റെല്ലാ രംഗങ്ങളിലും നിയന്ത്രണങ്ങൾക്ക് അയവു വരുത്തിയപ്പോഴും ആരാധനാലയങ്ങൾ ഏറെക്കുറെ ഇന്നും അതു പാലിച്ചുപോരുന്നുണ്ട്.

കൊവിഡ് പെരുമാറ്റച്ചട്ടങ്ങൾ പൂർണമായും കാറ്റിൽപ്പറത്തിയത് ഇവിടത്തെ രാഷ്ട്രീയപ്പാർട്ടികളാണെന്നു പറയേണ്ടിയിരിക്കുന്നു. തദ്ദേശതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കൊവിഡ് പ്രോട്ടോക്കോൾ കുറ്റമറ്റവിധം പാലിച്ചുവെന്നു പറയാൻ സർക്കാരിനോ രാഷ്ട്രീയപ്പാർട്ടികൾക്കോ ആവുമോ? വരാനിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പിനൊരുക്കമായി നടക്കുന്ന യോഗങ്ങൾക്കും റാലികൾക്കും സമരങ്ങൾക്കും വല്ല നിയന്ത്രണവും നിർദേശിക്കാനും നടപ്പിലാക്കാനും ഉത്തരവാദിത്വപ്പെട്ട ആരെങ്കിലുമുണ്ടോ ഈ സംസ്ഥാനത്ത്? പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടോ എന്നു നോക്കാൻ ചുമതലപ്പെട്ട പോലീസിന് അതിനു നേരമില്ലാതായി. സെക്ടറൽ മജിസ്ട്രേറ്റുമാരായി നിയോഗിക്കപ്പെട്ടവരും നിസ്സഹായരായിരിക്കുന്നു. മുഖാവരണം നന്നായി ധരിച്ചും ജനസമ്പർക്കപ്പരിപാടികൾ ഉപേക്ഷിച്ചും അത്യാവശ്യസഞ്ചാരങ്ങൾ മാത്രം നടത്തിയുമൊക്കെ ഓരോ പൗരനും ആത്മനിയന്ത്രണമേർപ്പെടുത്തിയാൽ നന്ന്.

## STATEMENT ABOUT THE OWNERSHIP AND OTHER PARTICULARS OF THE DEEPANALAM WEEKLY

| | | |
|---|---|---|
| 1. Place of Publication | : | Pala |
| 2. Periodicity of the Publication | : | Weekly |
| 3. Printer's Name | : | Joseph Thadathil |
| Nationality | : | Indian |
| Address | : | Deepanalam Pala 686575 |
| 4. Publisher's Name | : | Joseph Thadathil |
| Nationality | : | Indian |
| Address | : | Deepanalam Pala 686575 |
| 5. Editor's Name | : | Kurian Thadathil |
| Nationality | : | Indian |
| Address | : | Deepanalam, Pala 686575 |
| Names and addresses of Individuals who own the newspaper and partners or share holders holding more than one percent of total capital | : | Deepanalam Society, Pala. |

I, Joseph Thadathil hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 28-02-2021 Signature of Publisher

# കൊവിഡുകാലം നീളുന്നു കുഞ്ഞുങ്ങളോടു കരുതൽ കൂടണം



**പ്രതികരണം**

ആധുനികലോകചരിത്രത്തിൽ പത്തു വയസിൽ താഴെയുള്ള ശിശുക്കളും കുഞ്ഞുങ്ങളും ഈ കൊവിഡുകാലത്തിനു തുല്യമായ പ്രതികൂലവളർച്ചാസാഹചര്യങ്ങൾ നേരിട്ട ഒരു കാലം ഉണ്ടായിട്ടുണ്ടോ? നിശ്ചയം പോരാ. അണുകുടുംബത്തിനു പുറത്തുള്ള ലോകസാഹചര്യങ്ങളൊന്നും ഈ ശിശുക്കൾക്കും കുഞ്ഞുങ്ങൾക്കും ഇടപഴകാൻ കഴിഞ്ഞ പത്തു മാസക്കാലത്തിനുള്ളിൽ അടുത്തു കിട്ടിയിട്ടില്ല. അച്ഛനുമമ്മയും ഒന്നോ രണ്ടോ കൂടപ്പിറപ്പുകളുമല്ലാതെ മറ്റു മനുഷ്യർ, പക്ഷിമൃഗാദികൾ, സസ്യജാലങ്ങൾ, പ്രകൃതിപ്രതിഭാസങ്ങൾ... ഇതൊന്നും ഇക്കാലത്തു കുഞ്ഞുങ്ങൾക്കു പരിചയപ്പെടാൻ അവസരമുണ്ടായില്ല.

കുഞ്ഞുങ്ങൾക്ക് വീടിനു പുറത്തു സഞ്ചരിക്കാൻ അവസരങ്ങൾ കിട്ടുന്നില്ല. അതുപോലെ തന്നെ കുഞ്ഞുങ്ങളുടെ വളർച്ചയെ കാര്യമായി സ്വാധീനിക്കുന്ന, സമപ്രായക്കാരുമായുള്ള സംസർഗം ഈ കാലത്ത് കുഞ്ഞുങ്ങൾക്ക് കിട്ടുന്നേയില്ല. അതുകൊണ്ട്, കൊവിഡുകാലത്ത് ശിശുക്കൾക്കും കുഞ്ഞുങ്ങൾക്കും വന്നുചേർന്നിരിക്കുന്ന നാനാവിധ കുറവുകൾ മനസ്സിലാക്കി, മാതാപിതാക്കളും ഗുരുക്കന്മാരും മതാചാര്യന്മാരും കുഞ്ഞുങ്ങളോടു കൂടുതൽ കരുതൽ കാട്ടി, അവരുടെ വളർച്ചയിൽ കാണുന്ന വൈകല്യങ്ങൾ ജാഗ്രതയോടെ പരിഹരിക്കണം. യുക്തമായ നടപടികൾ തക്കസമയത്തു സ്വീകരിക്കുന്നില്ലെങ്കിൽ കൊവിഡുകാലതലമുറ എന്നു വിളിക്കേണ്ടിവരുന്ന ഒരു പുത്തൻ സമൂഹം നമ്മുടെ ഇടയിൽ ഉണ്ടാകും.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

### അറിയിപ്പ്

മാർച്ച് 8 വനിതാദിന സംബന്ധിയായി കൂടുതൽ മാറ്ററുകൾ ഉൾപ്പെടുത്തേണ്ടി വന്നതിനാൽ ചില പതിവു പംക്തികളും 'പ്രതിഭ'യും ചേർക്കുവാൻ സാധിച്ചിട്ടില്ല എന്നറിയിക്കട്ടെ. പ്രതിഭ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

–പത്രാധിപർ



# രുചിയിടങ്ങൾ

ഗൾഫിൽനിന്നു മടങ്ങിയെത്തിയതിന്റെ പിറ്റേന്ന് അത്രയ്ക്കലക്ഷ്യമായി, തീർത്തും സാധാരണമായി അടുക്കളപ്പുറത്തു ചാരിവച്ചിരുന്ന കുറ്റിച്ചൂലുമെടുത്ത് ജയാപ്പൻ പുറത്തിറങ്ങിയപ്പോൾ എന്റമ്മ ഒരത്യാഹിതം സംഭവിച്ചെന്ന മട്ടിൽ അതു നോക്കി നിന്നു...

അമ്മയ്ക്ക് ജയാപ്പനോട് ഒരു പ്രത്യേക വാത്സല്യമുണ്ട്. അമ്മ കല്യാണം കഴിഞ്ഞ് ആ വീട്ടിലേക്കു വരുമ്പോൾ ജയാപ്പൻ നാലാം ക്ലാസ്സുകാരനാണ്. അമ്മയുടെ കൺമുമ്പിലൂടെ വളർന്ന ജയാപ്പനോട് പ്രത്യേകസ്നേഹം അമ്മയ്ക്കുള്ളതായി തോന്നിയിട്ടുണ്ട്. ജയാപ്പന്റെ മുറ്റമടി അമ്മയുടെ ഹൃദയത്തിലൂടെയാവണം വരഞ്ഞുകോറിപ്പോയിട്ടുണ്ടാകുക!

മോളന്ന് കൈക്കുഞ്ഞാണ്.. അവളെയും മടിയിൽ വച്ച് അകത്തിരിക്കുകയായിരുന്ന എന്നോട് ''ജയനാണ് അവടെ മുറ്റമടിക്കണത്'' എന്ന് നിരാശയോടെ അമ്മ പറഞ്ഞു.

ഞാൻ ജനലിലൂടെ നോക്കിയപ്പോൾ, അസാമാന്യവഴക്കത്തോടെ ചൂല് കൈയിലിട്ടൊന്നു കറക്കി അതിന്റെ കെട്ടു മുറുക്കി മതിലിലൊന്ന് ആഞ്ഞു കുത്തി വീണ്ടും കുനിഞ്ഞ് വലത്തോട്ടും ഇടത്തോട്ടും ചൂല് പരത്തിയടിച്ച് ടൈൽസിട്ട മുറ്റത്ത് വീണുകിടക്കുന്ന പ്ലാവിലകളെ ജയാപ്പൻ ആട്ടിയോടിച്ചു...

അമ്മയുടെ നിരാശ കണ്ട് എനിക്കു ചിരിവന്നു.

"അതിനെന്താ? നല്ലതല്ലേ?"

"നിനക്കു നല്ലതാവും. ഞാനിതൊന്നും കണ്ടു ശീലിച്ചിട്ടില്ല. അതാവും."

ഞാൻ അഭിപ്രായൈക്യം പ്രകടിപ്പിക്കാത്തതിന്റെ നിരാശയിൽ അമ്മയ്ക്കു ദേഷ്യം വന്നു.

''അവൾക്കവടെന്താ പണി? അവൾക്ക് ചെയ്തൂടേ?''

അച്ഛന്റെ അനിയന്മാരുടെ വീടുകൾ തൊട്ടപ്പുറത്താണ്. ഒരേ പറമ്പിലാണ്. വിശേഷദിവസങ്ങളിലൊക്കെ എല്ലാവരും ഒന്നിച്ചാകും..

ഇടയ്ക്ക് വിശിഷ്ടവിഭവങ്ങൾ പരസ്പരം കൈമാറുമ്പോൾ, ജയാപ്പനുണ്ടാക്കീതാണെന്നു കേൾക്കുമ്പോഴേക്കും ഞാൻ ആവേശത്തോടെ പാത്രത്തിലേക്കു കയ്യിടുമായിരുന്നു... അച്ഛനെടുത്തു വെക്കട്ടെ എന്നു പറഞ്ഞ് അമ്മയെന്റെ കൈ തട്ടിമാറ്റി ഏറ്റവും നല്ല കഷണങ്ങൾ മാറ്റിവയ്ക്കും... മധ്യവർഗകുടുംബങ്ങളിലെ തീർത്തും സ്വാഭാവികമായ 'നീതി' അതായിരുന്നല്ലോ...

ഞങ്ങളോടാരോടും പങ്കുവയ്ക്കാത്ത, എത്ര പരീക്ഷിച്ചാലും ശരിയാകാത്ത വിശേഷപ്പെട്ട രുചിക്കൂട്ടുകൾ ജയാപ്പന്റെ കറികൾക്കുണ്ടാകുമായിരുന്നു.. അതു കഴിക്കുമ്പോൾ ജയാപ്പനൊരു ഷെഫാവാമായിരുന്നല്ലോ എന്ന് ഞാൻ നിരാശപ്പെടും.. ഗൾഫിലെ മെക്കാനിക്കിന്റെ പണിയും ജയാപ്പനും തമ്മിൽ ഒരിക്കലും ചേരില്ലെന്നു തോന്നും.

ജയാപ്പൻ അധികസമയവും അടുക്കളയോടു ചേർന്നുള്ള ഉമ്മറത്താണ് ഇരിക്കാറുള്ളത്.. ചക്കക്കാലമാകുമ്പോൾ ജയാപ്പൻ അത് വെട്ടിയരിയുകയായിരിക്കും.. മറ്റു ചിലപ്പോൾ കൂർക്ക നന്നാക്കുകയായിരിക്കും.. ചിലപ്പോൾ അതിവിദഗ്ധമായി മീൻ നന്നാക്കുകയായിരിക്കും. മീൻ കത്രികയുപയോഗിച്ച് മീൻ നന്നാക്കുന്നത് ഞാനാദ്യമായി കണ്ടിട്ടുള്ളത് ജയാപ്പനിൽനിന്നാണ്.

ജയാപ്പൻ പാചകം ചെയ്യുന്ന സമയത്ത് അടുക്കളയിൽ അസാധാരണമായ ഒരു ശാന്തത നിറഞ്ഞുനിൽക്കുമായിരുന്നു.. സിങ്കിൽ പാത്രങ്ങൾ കുമിഞ്ഞുകൂടാതെ.... കഴിച്ചതിന്റെയും അരിഞ്ഞതിന്റെയും അവശിഷ്ടങ്ങൾ ചുറ്റും തെറിക്കാതെ ട്രിപ്പിൾ ഡ്രം പ്രാക്റ്റീസുപോലെ തവികൊണ്ട് മറ്റു പാത്രങ്ങളിൽത്തട്ടി ബഹളമുണ്ടാക്കാതെ അത്രയ്ക്കാസ്വദിച്ച് ഒരു ധ്യാനം പോലെയായിരുന്നു ജയാപ്പന്റെ അടുക്കളപ്പെരുമാറ്റം.. കോലാഹലങ്ങളില്ലാതെ അത്രയ്ക്കു നിശ്ശബ്ദമായുള്ള അടുക്കളപ്പെരുമാറ്റം എനിക്കു പരിചയമുള്ള ഒരാളിലും ഞാൻ കണ്ടിട്ടില്ല...

ജയാപ്പന്റെ മുറ്റമടി പിന്നെപ്പിന്നെ ഒരു സ്വാഭാവികകാഴ്ചയായി. കാലങ്ങളായുള്ള മുട്ടുവേദനയിൽനിന്നു മേമ മോചിക്കപ്പെട്ടു. എന്നാലും ആണുങ്ങൾ ചൂലു തൊടാൻ പാടില്ലെന്ന മധ്യവർഗ്ഗവിശ്വാസങ്ങൾ അമ്മയെ അസ്വസ്ഥയാക്കി..

"ഗൾഫീന്നു വന്നേന്റെയാണ് ചെക്കന്... രണ്ടീസം കഴിഞ്ഞാ നിന്നോളും" എന്ന അമ്മയുടെ പ്രതീക്ഷയെ തകർത്തുകൊണ്ട് ജയാപ്പൻ ആ വീടിനെയങ്ങ് മൊത്തത്തിൽ ഏറ്റെടുത്തു. സാധനങ്ങൾ വാങ്ങാൻ മേമ പുറത്തു പോയി. കറന്റുബില്ലടയ്ക്കാനും കുറിയടയ്ക്കാനും വീടിനു മുന്നിൽ പണിയുന്ന കെട്ടിടത്തിന്റെ നിർമാണാവശ്യങ്ങൾക്കും മേൽനോട്ടത്തിനുമായി മേമ മുന്നിൽ നിന്നു. പണിക്കാർക്ക് അഞ്ചു മണിയാകുമ്പോ കൂലി നൽകി അവരെ പറഞ്ഞയച്ചു. രണ്ടു പെൺമക്കളുടെ വിവാഹാവശ്യങ്ങൾക്കായി ഹാൾ ബുക്ക് ചെയ്യാനും സ്വർണമെടുക്കാനും ഭക്ഷണവും പന്തലും ഏല്പിക്കാനും മേമ ഓടി നടന്നു. ഗൾഫിൽ സമ്പാദിച്ച പൈസ കൊണ്ട് ബിൽഡിങ് പണിയുന്ന സമയത്ത് 'എന്റെ പേരിൽ ഒന്നും വേണ്ട. ഓരോ കാര്യത്തിന് ഞാൻ നടക്കേണ്ടിവരും. എനിക്കു പറ്റില്ല.. നിന്റെ പേരിലാക്കിക്കോ' എന്നു പറഞ്ഞ് ജയാപ്പൻ ഉദാരനായി. തന്റെ സമ്പാദ്യങ്ങളൊക്കെയും സംശയലേശമെന്യേ ഭാര്യയ്ക്കു വിട്ടുകൊടുത്ത് പരസ്പരവിശ്വാസത്തിന്റെ സ്വാസ്ഥ്യത്തിൽ ജയാപ്പൻ കിടന്നുറങ്ങി. സെന്ററിൽ തുണിക്കടയിട്ടപ്പോൾ മേമ രാവിലെ ഒമ്പതു മണിക്കു പോകും. വൈകുന്നേരം കടയടച്ചു വരുമ്പോൾ മേമയെയും കാത്ത് ആ വീട്ടിൽ പണികളൊന്നുമുണ്ടാകില്ലായിരുന്നു.... അങ്ങനെ സ്വാസ്ഥ്യത്തോടെ വന്നുകയറുന്ന ഒരു വീട് ഞങ്ങളുടെയൊന്നും വിദൂരസങ്കല്പങ്ങളിൽപ്പോലുമില്ലായിരുന്നു...

മകൾ ഗർഭിണിയായ സമയത്ത്, അവളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് രുചിക്കൂട്ടുകൾ മാറി മാറി പരീക്ഷിക്കുന്ന ജയാപ്പൻ ഞങ്ങൾക്കദ്ഭുതമായിരുന്നു. അച്ഛനുണ്ടാക്കിയ ഒരു കറിയും ഇന്നോളം കഴിച്ചിട്ടില്ലാത്ത മക്കളായിരുന്നു ഞങ്ങൾ...

ചക്ക വെട്ടാനും വാഴക്കുടപ്പൻ അരിയാനും കടച്ചക്കയരിയാനും അപൂർവങ്ങളിലപൂർവമായി അച്ഛൻ അടുക്കളയിൽ കയറുന്നത് ഞങ്ങൾക്കദ്ഭുതമായിരുന്നു. അത്തരം ദിവസങ്ങളിൽ അമ്മ അച്ഛനെ ഏറ്റവും ആർദ്രമായി നോക്കുമായിരുന്നു. ഊണു കഴിക്കാനിരിക്കുമ്പോൾ 'അച്ഛനാ അരിഞ്ഞുതന്നത്' എന്നു പറഞ്ഞ് ആ കറിയുടെ മൊത്തം ക്രെഡിറ്റും കറിപൗഡർ പരസ്യത്തിലെ വീട്ടമ്മയെപ്പോലെ യാതൊരവകാശവാദങ്ങളുമില്ലാതെ അമ്മ അച്ഛനു തീറെഴുതിക്കൊടുക്കുമായിരുന്നു.

അല്ലാത്തപ്പോഴെല്ലാം ഒച്ചിനെപ്പോലെ അമ്മ വീടും ചുമന്നു നടന്നു. 'ഞാനൊരു ദിവസം മാറി നിന്നാൽ കാണാം... അച്ഛനും മക്കളും പഠിച്ചോളും' എന്ന ഭീഷണി ഇടയ്ക്കിടെ വീട്ടിൽ മുഴങ്ങി.. അച്ഛന്റെ ഏഴുമണിക്കുള്ള കട്ടൻ ചായയും എട്ടുമണിക്കുള്ള പ്രഭാതഭക്ഷണവും പതിനൊന്നു മണിക്കുള്ള അധികം മധുരമിടാത്ത ചെറുനാരങ്ങവെള്ളവും പന്ത്രണ്ടരയ്ക്കുള്ള ഉച്ചഭക്ഷണവും മൂന്നരയ്ക്കുള്ള ചായയും ഏഴരയ്ക്കുള്ള രാത്രിഭക്ഷണവും മുടങ്ങിയാലുണ്ടാകുന്ന ഭീകരപ്രതിസന്ധി അമ്മ ഞങ്ങളെയും ഓർമപ്പെടുത്തി. ഇതൊക്കെ സമയാസമയത്തു ചെയ്തുകൊടുക്കുന്നതുകൊണ്ടാണ് അച്ഛനിങ്ങനെ ശാന്തനായിരിക്കുന്നതെന്നും അല്ലെങ്കിലച്ഛനീ വീടിളക്കിമറിക്കുമെന്നും ഞങ്ങൾ വിശ്വസിച്ചു.

ഞങ്ങളുടെ പ്രസവസമയത്ത് ആശുപത്രിയിലും അമ്മയുടെ വീട്ടിലെ മരണങ്ങൾക്കുമല്ലാതെ അമ്മ വീട്ടിൽനിന്നു മാറിനിൽക്കില്ലായിരുന്നു... ഞാനില്ലെങ്കിൽ ശരിയാവില്ല എന്നു പറഞ്ഞ് അമ്മ എപ്പോഴും ആ വീടിന്റെ ചങ്ങല തന്റെ കാലിൽ കെട്ടിയിട്ടു.

ഗേറ്റ് പൂട്ടുകയും വാതിൽ പൂട്ടുകയുമായിരുന്നു അച്ഛന്റെ റിട്ടയേഡാനന്തര ജീവിതത്തിലെ ഏക തൊഴിൽ.. അമ്മയ്ക്കതിൽ പരാതിയില്ലായിരുന്നു. അച്ഛൻ 18 വയസ്സുമുതൽ വീടിന്റെ ഉത്തരവാദിത്വമേറ്റെടുത്ത ആളാ എന്ന കാര്യം അമ്മ നിരന്തരം ഞങ്ങളെ ഓർമ്മപ്പെടുത്തി. 55-ാം വയസ്സിൽ റിട്ടയേഡായ അച്ഛനു വിശ്രമം ആവശ്യമാണെന്ന് ഞങ്ങളാരും ചോദിക്കാതെതന്നെ ബോധ്യപ്പെടുത്തി.

റിട്ടയർമെന്റും ആനുകൂല്യങ്ങളും ശമ്പളവുമില്ലാത്ത ലോകത്തെ ഏകതൊഴിലിടത്തിൽ



ഹൗസ് വൈഫായി അമ്മ തൊഴിലെടുത്തു. എന്തു ചെയ്യുന്നു? എന്ന ചോദ്യത്തിന് ഒന്നും ചെയ്യുന്നില്ല എന്ന് തീർത്തും സ്വാഭാവികമായി അമ്മ ഉത്തരം കൊടുത്തു.

പണി കൂടുതലുള്ള ദിവസങ്ങളിൽ അമ്മയുടെ മുറുമുറുപ്പ് കേൾക്കാൻ പറ്റുന്ന പാകത്തിലാകുമ്പോൾ, നിന്നോട് വല്ലോരും ചെയ്യാൻ പറഞ്ഞോ? നിനക്കിവിടെ വെറുതെ വന്നിരുന്നൂടേ? നിനക്കിപ്പെന്താ ഈ വീട്ടിൽ ഇത്ര വല്യ പണി? എന്ന് അച്ഛൻ പറയും. അമ്മയപ്പോൾ പിറുപിറുപ്പ് ശക്തമാക്കും. മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോളജിൽ പഠിച്ച താൻ ഈ അടുക്കളയിൽ തളച്ചിടേണ്ട ആളല്ലായിരുന്നു എന്ന് ഞങ്ങളെ ഓർമപ്പെടുത്തും. കോളജിൽ ഒപ്പം പഠിച്ച, ഇപ്പോൾ വിവിധ ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന, തന്നെക്കാൾ അസമർത്ഥകളായ കൂട്ടുകാരികളുടെ പേര് അമ്മ പറയും. ഏതെങ്കിലും സ്കൂളിലെ ഹെഡ്മിസ്ട്രസ്സോ ബാങ്ക് മാനേജരോ ഒക്കെയാവേണ്ടിയിരുന്ന അമ്മ മഞ്ഞൾക്കറ പുരണ്ട ഈ മുഷിഞ്ഞ വേഷത്തിൽ ഈ വീടിനുള്ളിൽ പാഞ്ഞുനടക്കേണ്ടിയിരുന്ന ആളേ ആയിരുന്നില്ല എന്ന് ഞങ്ങളപ്പോൾ നിരാശപ്പെടും.

ഒരിക്കൽ അച്ഛനോട്, അച്ഛനെന്താ അമ്മേനെ ജോലിക്ക് വിടാഞ്ഞത് എന്നു ചോദിച്ചപ്പോൾ, ഞാനാ! എന്നച്ഛൻ അമ്പരന്നു.

"അവൾക്ക് പോവാനിഷ്ടല്ലാണ്ടായിരുന്നു. ഞാനൊന്നും ചെയ്തിട്ടല്ല. നിന്റമ്മ അതും അതിലപ്പുറോം പറയും" എന്ന് അച്ഛനാ ആരോപണത്തെ പൂർണമായി നിഷേധിച്ചിട്ടുണ്ട്.

അഞ്ചുമണിക്കുള്ള അലാറനിലവിളിയിൽ പിടഞ്ഞുണർന്ന്, അടുക്കളയിലേക്കൊരോട്ടപ്പാച്ചിൽ നടത്തുന്ന അമ്മ!

ആ ഓട്ടം നിൽക്കുന്നത് രാത്രി കിടക്കുമ്പോഴായിരിക്കും...

ഒരിക്കൽ അടുക്കളപ്പുറത്തിരുന്ന് അമ്മ അരിക്കലം കരിയിട്ട് വെളുപ്പിക്കുന്നതിനിടയ്ക്ക് ഞാൻ ചോദിച്ചു:

"ഇനിയീ പാത്രം ഉപയോഗിക്കില്ലേ?"

"ഏഹ്?" അമ്മയ്ക്ക് കാര്യം മനസ്സിലായില്ല.

ഞാനും വിശദമാക്കാൻ നിന്നില്ല.

പിറ്റേന്നു രാവിലെ വീണ്ടും കരിയാക്കാനായാണ് തേച്ചുതേച്ച് കണ്ണാടിപോലെ ആ പാത്രം വെളുപ്പിക്കുന്നത്...! ചോദിച്ചാൽ നല്ല ചീത്ത കേൾക്കും.. അമ്മ ചീത്ത പറഞ്ഞാൽ എനിക്കിപ്പോഴും കരച്ചിൽ വരും..

അമ്മയ്ക്കു മാത്രം ചുമക്കാൻ കഴിയുന്ന മരുത്വാമലയായിരുന്നു ഞങ്ങളുടെ വീട്!

കല്യാണം കഴിഞ്ഞാൽ ഞങ്ങളും അങ്ങനെയാകണമെന്ന് അമ്മ ആഗ്രഹിച്ചു... ഞാനാദ്യമൊക്കെ അങ്ങനെതന്നെയായിരുന്നു.. എന്റെ ഇഷ്ടങ്ങളൊക്കെ ഞാൻ മാറ്റിവച്ചു... ഏറ്റവും പ്രിയപ്പെട്ട ഉള്ളിത്തീയലിന്റെ രുചി അമ്മയുടെ അടുത്തുചെല്ലുമ്പോൾ മാത്രം ഞാനറിഞ്ഞു. ചെന്നുകയറിയ കുടുംബത്തിന്റെയും ഭർത്താവിന്റെയും രുചിക്കൂട്ടുകളിലേക്ക് എന്നെ പറിച്ചുനട്ടു..

പിന്നെപ്പിന്നെ എനിക്കു ബോറടിക്കാൻ തുടങ്ങി.

മറ്റുള്ളവരുടെ ഇഷ്ടങ്ങളിലേക്കുള്ള പരകായപ്രവേശങ്ങൾ ഞാൻ നിർത്തിയതങ്ങനെയാണ്...

'നീ തേക്കുമ്പോൾ നിറച്ചും ചുളിവാ' എന്ന് ഭർത്താവൊരിക്കൽ പരാതി പറഞ്ഞതിൽപ്പിന്നെ ആ പരിപാടിയേ അവസാനിപ്പിച്ചു... സാരി തേക്കാതെ ഉടുക്കുന്ന എനിക്ക് ചുളിവു വീഴാത്ത ഷർട്ടുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറ്റില്ലായിരുന്നു... ഞാനത് തുറന്നുപറഞ്ഞപ്പോൾ അവിശ്വസനീയമായതെന്തോ കേട്ടപോലെ ഭർത്താവെന്നെ നോക്കി... ഞാൻ ഗൂഢമായ ചിരിയോടെ ആ നോട്ടത്തെ അവഗണിച്ചു...

പാചകം എനിക്കൊരു പ്രശ്നമല്ലായിരുന്നു. എങ്കിലും അടുക്കളയ്ക്ക് ഞാനെന്നെ മുഴുവനായി വിട്ടുകൊടുത്തില്ല.. വേഗത്തിൽ പണികൾ തീർക്കാൻ അസാമാന്യമായ കഴിവെനിക്കുണ്ടെന്ന് അമ്മ അഭിമാനത്തിൽ പലരോടും പറയുന്നതു കേട്ടിട്ടുണ്ട്. പണികൾ പെട്ടെന്നു തീർത്ത് ബാക്കിയുള്ള സമയത്ത് ഞാൻ ജനാലയിലെ പൊടികൾ തുടയ്ക്കുമെന്നും തലയണക്കവർ തുന്നുമെന്നും മുറ്റത്തെ ചെടികൾക്കിടയിലുള്ള കളകൾ പറിക്കുമെന്നും എല്ലാവരും പ്രതീക്ഷിച്ചു... ചുറ്റുമുള്ളവർ പ്രതീക്ഷിച്ച വീട്ടമ്മയുടെ ചേരുവകളൊന്നും കൃത്യമായി എന്നിലില്ലായിരുന്നു...

പ്രതീക്ഷ വലിയ ഭാരമാണെന്നും, മറ്റുള്ളവരിൽ പ്രതീക്ഷയുടെ ഭാരങ്ങൾ നിക്ഷേപിക്കാതെ ജീവിച്ചാൽ ജീവിതം കുറേക്കൂടി സുന്ദരമാണെന്നും ഞാനും അപ്പോഴേക്കും തിരിച്ചറിഞ്ഞുകഴിഞ്ഞിരുന്നു...

□

## കൊവിഡ് – 19

# ഈ മഹാമാരിക്ക് അവസാനമില്ലേ?

*1-ാം പേജ് തുടർച്ച*

കൊറോണവൈറസുകളെക്കുറിച്ചു പഠനം നടത്തുന്ന ഗവേഷണസ്ഥാപനത്തിലെ വൈറോളജി ലാബിൽനിന്നാണ് വൈറസുകൾ പുറത്തുചാടിയതെന്ന അഭ്യൂഹങ്ങൾ നിലനില്ക്കുന്നതിനിടയിലായിരുന്നു രണ്ടു കൂട്ടരും വുഹാനിൽ സമ്മേളിച്ചത്. പരീക്ഷണശാലയിൽനിന്നല്ല വൈറസുകൾ ഉദ്ഭവിച്ചത്; മറിച്ച്, വൈറസ് വാഹകരായ വവ്വാലുകളിൽനിന്നാണ് തുടക്കമെന്ന് അവർ കണ്ടെത്തി. എന്നാൽ, വവ്വാലുകളുടെ വിഹാരകേന്ദ്രങ്ങളായ നിബിഡവനങ്ങളിൽനിന്നു മൈലുകളകലെ സ്ഥിതിചെയ്യുന്ന വുഹാൻ നഗരത്തിൽ വൈറസുകളെത്തണമെങ്കിൽ അതിന് ഒരു മധ്യവർത്തി ഉണ്ടാകണമെന്നും വിദഗ്ധസമിതി വിലയിരുത്തി. വവ്വാലുകളിൽനിന്ന് മനുഷ്യരിലേക്കു വൈറസുകളെ എത്തി



ച്ച വന്യജീവി ഏതെന്നു കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല. വവ്വാലുകളുടെ ഉച്ഛിഷ്ടം ഭക്ഷിച്ചു ജീവിക്കുന്ന ഈനാംപേച്ചിയാണ് ആ മധ്യവർത്തിയെന്ന് മുമ്പു വാർത്തകളുണ്ടായിരുന്നു. ലോകത്തെ ഏറ്റവും വലിയ വന്യജീവികമ്പോളമായ ഹുവാന മാർക്കറ്റും വിദഗ്ധസംഘം സന്ദർശിക്കുകയുണ്ടായി. വിദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ശീതീകരിച്ച ഭക്ഷണവസ്തുക്കളിലൂടെയാകാം വൈറസുകൾ ചൈനയിലെത്തിയതെന്നും വിദഗ്ധസമിതി അഭിപ്രായപ്പെടുന്നുണ്ട്. വൈറസുകളെ ആദ്യം കണ്ടെത്തിയ 2019 ഡിസംബറിനു മുമ്പുതന്നെ വൈറസുകൾ നഗരത്തിൽ എത്തിയിരിക്കാമെന്നാണ് കണ്ടെത്തിയത്. മനുഷ്യരിൽനിന്നു മനുഷ്യരിലേക്ക് വൈറസുകൾ പ്രവേശിച്ചുവെന്നു തിരിച്ചറിഞ്ഞപ്പോഴേക്കും ഏറെ വൈകിപ്പോയിരുന്നു.

യുകെയിലും ബ്രസീലിലും സൗത്താഫ്രിക്കയിലും കണ്ടെത്തിയ വകഭേദം വന്ന വൈറസുകൾ കൂടുതൽ വേഗത്തിൽ പടരുന്നതാണെന്ന് പരീക്ഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം സെപ്റ്റംബർ 20 മുതൽ യുകെയിൽ പ്രത്യക്ഷപ്പെട്ട പുതിയ വൈറസ് ഇന്ത്യയടക്കം 86 രാജ്യങ്ങളിലെത്തിയെന്നും തെളിഞ്ഞു. ബ്രസീലിൽനിന്നെത്തിയ യാത്രക്കാരിൽനിന്നു ശേഖരിച്ച വകഭേദം വന്ന വൈറസിനെ പൂനയിലുള്ള ഐ.സി.എം.ആർ. പരീക്ഷണശാലയിൽ നിരീക്ഷിച്ചുവരുന്നു.

കൊവിഡ് – 19 മഹാമാരിക്ക് ഒരവസാനമുണ്ടാകുമോ എന്ന കാര്യത്തിലാണ് ശാസ്ത്രലോകം ആശങ്കപ്പെടുന്നത്. ഇതു മനുഷ്യന്റെ സന്തതസഹചാരിയായി ഏറെക്കാലം കൂടെയുണ്ടാകുമെന്നാണവർ അഭിപ്രായപ്പെടുന്നത്. ഇതിനെ പൂർണമായും നിർമാർജനം ചെയ്യുക സാധ്യമല്ലെങ്കിലും പ്രത്യേക പ്രദേശങ്ങളിലേക്ക് ഒതുക്കിനിർത്താൻ കഴിയുമെന്നാണ് വിദഗ്ധരുടെ പ്രതീക്ഷ. സമുദ്രത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന ന്യൂസിലൻഡുപോലുള്ള രാജ്യങ്ങളിൽ രോഗം പടർന്നുപിടിക്കുന്നതിനെ പ്രതിരോധിക്കാൻ എളുപ്പമുണ്ട്. രാജ്യത്തിനകത്തേക്കും പുറത്തേക്കുമുള്ള എല്ലാ യാത്രകളും നിർത്തിവച്ചുകൊണ്ടാണ് രോഗവ്യാപനം വിജയകരമായി തടയാൻ ന്യൂസിലൻഡിനായത്. കഴിഞ്ഞവർഷം ജനുവരി 31 ന് വുഹാനിൽനിന്ന് എത്തിയ തൃശൂർ സ്വദേശിയായ മെഡിക്കൽ വിദ്യാർത്ഥിനിയായിരുന്നു നമ്മുടെ രാജ്യത്തെ ആദ്യകൊവിഡ് രോഗിയെന്ന കാര്യം വിസ്മരിച്ചുകൂടാ. വാക്സിനേഷനെതിരേ തെരുവിലിറങ്ങിയ ഓസ്ട്രേലിയൻ ജനതയിൽനിന്ന് വ്യത്യസ്തരായി 100 ശതമാനവും സുരക്ഷിതമെന്നുറപ്പിക്കാവുന്ന വാക്സിനേഷൻ സ്വീകരിക്കുകയും കൊവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കുകയും ചെയ്യുകയേ ഇന്നത്തെ സാഹചര്യത്തിൽ കരണീയമായിട്ടുള്ളൂ.

□



കവിത

ഹാജറ കെ.എം.

## ഒളിച്ചോടുന്നവൾ

ഹൃദയരേഖയിൽ
ആശ്വസിക്കാൻ ബാക്കിയായ
ഒരു നേർവരപോലുമില്ലാത്ത ഒരു രാത്രിയിൽ
വക്കുപൊട്ടിയ ഉറക്കത്തിൽനിന്ന്
അവൾ എഴുന്നേൽക്കും.
സ്നേഹരഹിതമായ ചുവരുകൾക്കുള്ളിൽ
വീണുടഞ്ഞുപോയ
വിയർപ്പുതുള്ളികൾ ബാക്കിവച്ച്
പുറത്തേക്കിറങ്ങുമ്പോൾ
ഒന്നുകൂടി തിരിഞ്ഞുനോക്കും.
വീതിച്ചുകിട്ടിയ സ്വത്തിൽ
അല്പംപോലും മനംനിറയാതെ
മക്കൾമുറിയിൽ
അവളൊരു വിഷയമാവുന്നത്
അവളറിയും...
വൃദ്ധസദനത്തിന്റെ ഇരുമ്പഴികൾ
അവൾക്കൊരു ഇരിപ്പിടവുമായി
അകലെയെവിടെയോ
കാത്തുനിൽക്കുന്നതും
പറയാതെ അറിയുമ്പോൾ
ഇരുട്ടിലെ ശൂന്യതയിൽ
വെറുതെ ഒന്നു നോക്കും...
സീമന്തരേഖയിൽ ചുവപ്പുതേച്ച്
കാലപ്പഴക്കത്തോളം കാവൽനിന്നയാൾ
ഇരുട്ടിലെ ഓർമയിൽനിന്ന്
അവളെയൊന്നു മാടിവിളിക്കും...
നിരാലംബയെന്ന് മിഴികളിലൂടെ ഒഴുക്കിവിട്ട്
ഇരുട്ടിലേക്കിറങ്ങുമ്പോൾ
കാത്തുനിന്ന മിന്നാമിനുങ്ങ്
അവളുടെ കൈപിടിച്ചു നടക്കും...
അവളെ കാത്തുനിൽക്കുന്ന
ഒറ്റ നക്ഷത്രത്തോട് അവൾ എല്ലാം പറയും
പെയ്തിറങ്ങുന്ന മിഴികൾക്കു മുകളിലൂടെ
ഒരു മഴച്ചാർത്ത് അപ്പോഴവളെ
നനച്ചിട്ടുണ്ടാവും...

## ചുവന്നു തടിച്ച പാടുകൾ

# അർട്ടിക്കേറിയ

ആരോഗ്യവീഥി





ഡോ. നീതു മേരി ജോർജ്

**എന്താണ് അർട്ടിക്കേറിയ?**

ചുവന്നുതടിച്ച് ചൊറിച്ചിലോടുകൂടിയതും അല്പായുസുമായ പാടുകളാണ് അർട്ടിക്കേറിയ. ഏതു പ്രായക്കാരിലും ചർമ്മത്തിലുണ്ടാകുന്ന ഒരുതരം അലർജിയാണിത്.

**രോഗലക്ഷണങ്ങൾ**

ചുവന്നുതടിച്ച, ചൊറിച്ചിലോടുകൂടിയ പാടുകൾ പെട്ടെന്നുതന്നെ അപ്രത്യക്ഷമാകും

അപൂർവമായി ആസ്ത്മ/ശ്വാസംമുട്ടൽപോലെ ബുദ്ധിമുട്ടുണ്ടാക്കാവുന്ന അവസ്ഥയും (ആൻജിയോ എഡീമ), ഗുരുതരമായ അനാഫൈലാക്സിസ് എന്ന അവസ്ഥയും അർട്ടിക്കേറിയമൂലം ഉണ്ടാകാം.

**രോഗകാരണം**

ഹിസ്റ്റമിൻപോലെയുള്ള കെമിക്കലുകൾ ശരീരത്തിലും രക്തക്കുഴലുകളിലും ഉണ്ടാക്കുന്ന മാറ്റങ്ങളാണ് അർട്ടിക്കേറിയയ്ക്കു കാരണമാകുന്നത്. ഭക്ഷണപദാർത്ഥങ്ങൾ, മരുന്നുകൾ, വിര, മൂത്രത്തിൽപഴുപ്പ് തുടങ്ങിയ ഇൻഫെക്ഷനുകൾ, ചെടികൾ, പൂമ്പൊടികൾ എന്നിങ്ങനെ പല കാരണങ്ങൾകൊണ്ട് ഈ കെമിക്കലുകൾ നമ്മുടെ ശരീരത്തിൽ കടന്നുകൂടാം.



**ഫിസിക്കൽ അർട്ടിക്കേറിയ** – തണുപ്പ്, ചൂട്, വെയിൽ, ചർമത്തിൽ ശക്തമായി ഉരയ്ക്കുന്നത് (ഡെർമോഗ്രാഫിസം), വ്യായാമം മുതലായവ ഫിസിക്കൽ അർട്ടിക്കേറിയയ്ക്കു കാരണമാകുന്നു.

ഇതു കൂടാതെ മറ്റു പല അസുഖങ്ങൾകൊണ്ടും അർട്ടിക്കേറിയ ഉണ്ടാകാം. കൂടുതൽ പേരിലും അർട്ടിക്കേറിയയ്ക്ക് ഒരു കാരണവും കണ്ടെത്താനാവില്ല (ഇഡിയോപ്പതിക് അർട്ടിക്കേറിയ).

**അർട്ടിക്കേറിയയുടെ കാരണം എങ്ങനെ കണ്ടുപിടിക്കാം?**

ദിവസവും കഴിക്കുകയും കുടിക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ, അന്നന്നു ചെയ്യുന്ന കാര്യങ്ങൾ എന്നിവ ഒരു ഡയറിയിൽ കുറിക്കുക. എന്തെങ്കിലും വസ്തുക്കൾ അലർജിയുണ്ടാക്കുന്നുണ്ടോ എന്നു പരിശോധിക്കാം.

അലർജിക്കു കാരണമായി തോന്നുന്ന വസ്തുക്കൾ/ഭക്ഷണപദാർത്ഥങ്ങൾ എന്നിവ ഒഴിവാക്കി നോക്കുക. ഈ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി ഒരു ഡോക്ടറെ കാണുക.

**ചുവന്നുതടിച്ച പാടുകൾ മായാതെ നിൽക്കുമ്പോൾ**

ചുണ്ടിലും കൺപോളകളിലും ചൊറിച്ചിൽ അധികമില്ലാതെ, എന്നാൽ ചിലപ്പോൾ വേദനയോടുകൂടിയ തടിപ്പ് കണ്ടാൽ ആൻജിയോ എഡീമ (angioedema) എന്ന അലർജി ആവാം. ഇത് ശ്വാസകോശത്തിലേക്കു പടരാനും ശ്വാസതടസം ഉണ്ടാകാനും കാരണമാകുന്നു.

അലർജിയുടെ ഭാഗമായി ശ്വാസംമുട്ടൽ, രക്തസമ്മർദം താഴുക, ചുമ, അബോധാവസ്ഥ എന്നിവ സംഭവിച്ചാൽ അത് അനാഫൈലാക്സിസ് (anaphylaxis) എന്ന അലർജി ആയേക്കാം. ഇതു മരണത്തിനു വരെ കാരണമാകാം.

**അർട്ടിക്കേറിയയുടെ ചികിത്സ**

അർട്ടിക്കേറിയയ്ക്കു കാരണമായ വസ്തു ഒഴിവാക്കുക എന്നതാണ് ഏറ്റവും പ്രധാനം. ചില സാഹചര്യങ്ങളിൽ കാരണം കണ്ടുപിടിക്കാനും അർട്ടിക്കേറിയപോലുള്ള മറ്റു ചർമരോഗങ്ങൾ അല്ല എന്ന് ഉറപ്പുവരുത്താനും പല ടെസ്റ്റുകൾ നടത്തേണ്ടിവരും.

ആന്റി ഹിസ്റ്റമിൻ എന്ന മരുന്നുകളാണ് അർട്ടിക്കേറിയയ്ക്കു പ്രധാനമായും നൽകുന്നത്. ചില സാഹചര്യങ്ങളിൽ സ്റ്റീറോയ്ഡ് പോലുള്ള മരുന്നുകളും കൊടുക്കേണ്ടതായിവരാം.

ആൻജിയോ എഡീമ, അനാഫൈലാക്സിസ് എന്ന അലർജിയുടെ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി ആശുപത്രിയിൽ എത്തി ചികിത്സ തേടേണ്ടതാണ്.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഡെർമിറ്റോളജി & കോസ്മറ്റോളജി വിഭാഗം കൺസൽട്ടന്റാണ്.*

# രാജ്യപുരോഗതി സ്ത്രീയുടെ കരങ്ങളിൽ



ആൻസി മാത്യു പാലാ



**അ**രനൂറ്റാണ്ടുമുമ്പ് സ്ത്രീക്കു പ്രവർത്തനസാധ്യതകൾ ഒന്നുമില്ലായിരുന്നു. ഇന്ന് ക്രമസമാധാനം, ബാങ്കിങ്, പട്ടാളം, പ്രതിരോധം, ശാസ്ത്രഗവേഷണം, കായികരംഗം തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീകൾ സ്ഥാനം ഉറപ്പിച്ചു. ആധുനിക കാലഘട്ടത്തിൽ രാജ്യത്തിന്റെ പേരും പെരുമയും ഉയർത്തുന്നതിൽ, സ്ത്രീകളുടെ സാധ്യതയും സാന്നിധ്യവും എത്രയോ വലുതാണ്!

ആഗോളതലത്തിൽ നമ്മുടെ രാജ്യത്തിന്റെ പെരുമ ഇന്ന് പല മേഖലകളിലും ഉയർത്തിക്കാട്ടുന്നത് നമ്മുടെ നാട്ടിലെ കർമധീരരായിട്ടുള്ള പെൺകുട്ടികളുടെ, സ്ത്രീകളുടെ ക്രിയാത്മകതയാണ്. ഈ കൊവിഡ് കാലഘട്ടത്തിൽ, നമ്മുടെ ആതുരശുശ്രൂഷാരംഗത്ത് ആയിരക്കണക്കിനു രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന്, അവർക്കു തൃപ്തികരമായ പരിചരണം കൊടുക്കുന്നതിന്, അസാമാന്യമായ സമർപ്പണബുദ്ധിയോടെ സേവനം ചെയ്യുന്ന സഹോദരിമാർ ആരിലാണ് അഭിമാനമുണർത്താത്തത്?

> കൂടുതൽ പ്രവർത്തന മേഖലകളിലേക്കു സ്ത്രീകൾ കടന്നുവരുന്നതിലൂടെ രാജ്യത്തിന്റെ പുരോഗതി സ്ത്രീകളുടെ കരങ്ങളിലാവും എന്നതിൽ സംശയമില്ല. പല തൊഴിൽമേഖലകളുടെയും പ്രത്യേകിച്ച് അധ്യാപനം, ബാങ്കിങ്, സാങ്കേതികപഠനം, ഗവേഷണം, ആതുരശ്രുശൂഷ തുടങ്ങിയ മേഖലകളിൽ ഒരു രാജ്യത്തിനുവേണ്ട കരുതലും കാവലും നൽകുന്ന കാര്യത്തിൽ സ്ത്രീയുടെ പങ്കാളിത്തമായിരിക്കും ഇനി വരാനിരിക്കുന്നത്.

ഈ കൊവിഡുകാലത്ത് നമ്മുടെ കുട്ടികളെ വിദ്യാഭ്യാസരംഗത്ത് പിന്നോട്ടു പോകാതെ ഉറപ്പിച്ചുനിർത്താനും ഓൺലൈൻ സാധ്യതകളിലേക്ക് അവരെ കൈപിടിച്ചു നടത്താനും മുൻകൈയെടുത്തത് നമ്മുടെ അധ്യാപികമാരാണ് എന്നുള്ളതും നാമിവിടെ ഓർക്കേണ്ടതുണ്ട്.

പ്രപഞ്ചസൃഷ്ടിയുടെ കാലം മുതൽ സ്ത്രീയുടെയും പുരുഷന്റെയും നില തുല്യത ഉള്ളതാണ്. ദൈവികമായ കാഴ്ചപ്പാടിലും പരിസ്ഥിതിയുടെയോ പ്രകൃതിയുടെയോ കാഴ്ചപ്പാടിലും 1:1 എന്ന ഒരു അനുപാതംതന്നെയാണ് സൃഷ്ടികർമത്തിൽ ഉണ്ടായിരിക്കുന്നത്. ഒരുതരത്തിലും പിന്നാക്കം നിൽക്കേണ്ട ഒരു തലമല്ല സ്ത്രീയുടേത്. ഒരു കുടുംബത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന കാര്യത്തിൽ, ഒരു സമൂഹത്തിൽ പ്രവർത്തിക്കുന്ന കാര്യത്തിൽ, ആദ്ധ്യാത്മികവും ബൗദ്ധികവുമായിട്ടുള്ള വിജ്ഞാനങ്ങൾ പകർന്നുകൊടുക്കുന്ന കാര്യത്തിലൊക്കെയും സ്ത്രീയുടെ സേവനതലം എക്കാലവും പ്രസക്തമാണ്. തങ്ങളുടെ സാന്നിധ്യവും ക്രിയാത്മകതയുംകൊണ്ട് അവർ ചെയ്യുന്ന സേവനത്തെ നമ്മൾ വിസ്മരിച്ചുകൂടാ.

ലോകസംസ്കാരങ്ങളുടെ ചരിത്രം പരിശോധിച്ചാൽ കൃഷി ആരംഭിച്ചത് ലോകത്തിൽ സ്ത്രീകളായിരുന്നു. പിന്നീട് വ്യാപാര വാണിജ്യമേഖലകൾ ശക്തിപ്പെടുത്തുന്ന കാര്യത്തിലും സ്ത്രീയുടെ പങ്കാളിത്തവും ശ്രമകരമായ അധ്വാനവും ലോകത്തിൽ ഉണ്ടായിട്ടുണ്ട്.

ഇന്ദിരാഗാന്ധി, പ്രതിഭാപാട്ടീൽ തുടങ്ങിയ വനിതാരത്നങ്ങൾ തങ്ങളുടെ രാജ്യത്തെ ലോകത്തിലെ മറ്റു രാഷ്ട്രങ്ങൾക്കൊപ്പമോ അതിലുപരിയായോ കൊണ്ടുവരുന്നതിൽ ലോകത്തിനുതന്നെ മാതൃകയായി. അത്തരത്തിൽ സ്ത്രീ, ഭരണത്തിലും സാമൂഹികപ്രവർത്തനത്തിലും പൊതുപങ്കാളിത്തത്തിലും ഒട്ടും പിന്നിലല്ല എന്നുള്ള തിരിച്ചറിവ് നമ്മളിൽ ഉണ്ടാവണം.

പ്രവർത്തിക്കുന്ന മേഖല ഏതുമാവട്ടെ, അതു ചെറുതോ വലുതോ ആകട്ടെ, അതിനോടു സത്യസന്ധത പുലർത്തുക, നീതി പുലർത്തുക, അതിൽ പുതിയ സാധ്യതകളെ കണ്ടെത്തുക – ഇങ്ങനെ അത് വീടിനും സമൂഹത്തിനും ഉപകാരപ്രദമാക്കി മാറ്റാൻ ആർക്കു സാധിക്കുന്നു എന്നതാണ് പ്രസക്തമായ കാര്യം. എത്ര ചെറിയ ജോലിയായാലും അതിൽ ഒരു സ്ത്രീയുടെ പങ്കാളിത്തം എത്ര വലുതാണ് എന്നുള്ളതാണ് ഏറ്റവും പ്രസക്തമായ കാര്യം. പാചകം, ഒരു വീടിന്റെ പരിപാലനം, കൃഷി – ജന്തു – ജീവജാലങ്ങളെ വളർത്തുന്ന കാര്യം, മക്കളുടെ പരിപാലനം അങ്ങനെ എന്തുമാവട്ടെ, ഒരു സ്ത്രീയുടെ കാലോചിതമായ ഇന്നവേഷൻ അത് ഏറ്റവും പ്രധാനപ്പെട്ട ഘടകം തന്നെയാണ്.

നമ്മുടെ രാജ്യത്തുതന്നെ വനിതകൾ എത്ര വലിയ സംരംഭകരായി ഉണ്ട്! ടെക്സ്റ്റൈൽ, കല, സാഹിത്യം തുടങ്ങിയ എല്ലാ രംഗങ്ങളിലും സ്ത്രീയുടെ പങ്കാളിത്തം നമ്മുടെ സാമൂഹികസംസ്കൃതിയെ വളർത്തുന്ന കാര്യത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സ്ത്രീ, മകൾ, അമ്മ, സഹോദരി എന്നീ തലങ്ങളിൽ നമ്മുടെ വ്യവസ്ഥിതിക്കും കുടുംബത്തിനും നാടിനും ചെയ്യുന്ന സേവനങ്ങൾ നമുക്ക് ഒരിക്കലും കുറച്ചു കാണാൻ പറ്റില്ല. അവരുടെ നിശ്ശബ്ദമായ ശുശ്രൂഷയുടെ വില പലപ്പോഴും നമ്മൾ അറിയുന്നില്ല, ഇത്തരത്തിൽ വരുംകാലത്ത് കൂടുതൽ പ്രവർത്തനമേഖലകളിലേക്കു സ്ത്രീകൾ കടന്നുവരുന്നതിലൂടെ രാജ്യത്തിന്റെ പുരോഗതി സ്ത്രീകളുടെ കരങ്ങളിലാവും എന്നതിൽ സംശയമില്ല. പല തൊഴിൽമേഖലകളുടെയും പ്രത്യേകിച്ച് അധ്യാപനം, ബാങ്കിങ്, സാങ്കേതികപഠനം, ഗവേഷണം, ആതുരശ്രുശൂഷ തുടങ്ങിയ മേഖലകളിൽ ഒരു രാജ്യത്തിനുവേണ്ട കരുതലും കാവലും നൽകുന്ന കാര്യത്തിൽ സ്ത്രീയുടെ പങ്കാളിത്തമായിരിക്കും ഇനി വരാനിരിക്കുന്നത് എന്നുള്ള കാര്യവും നമ്മൾ ഇവിടെ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെയൊക്കെ സമൂഹത്തിൽ സ്ത്രീ പ്രവർത്തിക്കുമ്പോഴും അവരുടെ പൊതുസുരക്ഷയുടെ കാര്യത്തിൽ സമൂഹം താരതമ്യേന വിമുഖരാണ്. പൊതുപ്രവർത്തനരംഗങ്ങളിൽ സ്ത്രീ പലപ്പോഴും അവഗണനയ്ക്കും ആക്ഷേപങ്ങൾക്കും ഇരയാകുന്നു എന്നു കൂടി നാം മനസ്സിലാക്കണം. സ്ത്രീകൾക്ക് കൂടുതൽ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കിട്ടുമ്പോൾത്തന്നെ അവരുടെ പൊതുസുരക്ഷകൂടി ഉറപ്പാക്കുന്ന കാര്യങ്ങളിൽ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധ പുലർത്തണം. □

# പെണ്ണിലേക്ക് ഒരു യാത്ര



നിഷ ആന്റണി

**അ**ന്നയ്ക്ക് അന്നു ലൈബ്രറിയിൽ ഒരു സുഹൃത്തിന്റെ പുസ്തകപ്രകാശനമുണ്ടായിരുന്നു. ഞായറാഴ്ച ആയിരുന്നതുകൊണ്ട് ജേക്കബ് വീട്ടിലുണ്ടാവുമെന്ന ആശ്വാസത്തിലാണ് ചടങ്ങിനെത്താമെന്ന ഉറപ്പുകൊടുത്തത്. പ്രശസ്തരായ എഴുത്തുകാർ പങ്കെടുക്കുന്ന പരിപാടിയാണ്.

ഉത്തമനായ ഒരു ഭർത്താവിന്റെ സ്നേഹത്തോടെ ജേക്കബ് ഭാര്യയെ കാറിൽ കൊണ്ടിറക്കി. അന്ന ഇറങ്ങിപ്പോയപ്പോൾ ജേക്കബ് ഒരു കയർ അന്ന അറിയാതെ അവളുടെ അരയിൽ കുടുക്കി. അതിന്റെ അറ്റം മറ്റാരും കാണാതെ തന്റെ വലതു കൈയിലൊതുക്കിപ്പിടിച്ചു.

"മൊബൈൽ സൈലന്റാക്കരുതു കേട്ടോ." പ്രിയതമൻ ഓർമിപ്പിച്ചു.



പ്രധാന വേദിയിൽ വിശിഷ്ടവ്യക്തികളോടൊപ്പം അന്ന എന്ന എഴുത്തുകാരിയും ആസനസ്ഥയായി. ഉദ്ഘാടനപ്രസംഗം ആരംഭിച്ചു. സാഹിത്യനായകൻമാരൊക്കെ അരങ്ങു തകർത്ത് സംസാരിക്കാൻ തുടങ്ങി. ലോകത്തിന്റെ വിസ്മയഭാവങ്ങളെക്കുറിച്ച് വാതോരാതെ വ്യാഖ്യാനിച്ച ഒരെഴുത്തുകാരനിലേക്ക് അന്ന കാതിറക്കിവച്ചപ്പോൾ പെട്ടെന്ന് അരയിൽ വല്ലാത്തൊരു വലിച്ചിൽ അനുഭവപ്പെട്ടു. ഒപ്പം മടിയിൽനിന്നൊരു ശബ്ദവും. അന്ന വിറച്ചുകൊണ്ട് മൊബൈൽ എടുത്തു.

ജേക്കബ്ബാണ്.

മറ്റാരും കാണാതെ വലതുകൈയിലൊതുക്കിപ്പിടിച്ച കയർ അയാളിലെ മാന്യഭർത്താവ് മെല്ലെയൊന്നു വലിച്ചു.

അന്ന ഇരുന്നിടത്തിരുന്ന് വലിഞ്ഞു.

മൈക്കിനടുത്ത് ഇരിപ്പുറപ്പിച്ചതുകൊണ്ട് മൊബൈലിന്റെ ചിന്നംവിളി സദസ്യരെല്ലാം കേട്ടിരിക്കുന്നു. അന്ന ഫോൺ വൈബ്രേഷനിലാക്കി, വാട്ട്സാപ്പ് തുറന്ന് മെസേജ് അയച്ചു:

എന്താണ് ജേക്കബ്?

കഴിയാറായോ അന്നേ?

ഇല്ല. ഇടയ്ക്ക് വിളിക്കല്ലേ.

കഴിയുമ്പോൾ വിളിക്കാം.

മെസേജിനു മറുപടി കൊടുത്തുകൊണ്ട് അന്ന ഫോൺ പേഴ്സിലൊതുക്കി.

സന്ധ്യയാവുന്തോറും ജേക്കബ് തന്റെ കൈയിലെ കയർ വീട്ടിലിരുന്ന് പലവട്ടം ആഞ്ഞു പിറകിലേക്കു വലിക്കാൻ തുടങ്ങി. ഇരുന്നിടത്തുനിന്ന് അന്നയുടെ കസേര ഇളകി. മൊബൈൽ പലവട്ടം മടിയിലിരുന്ന് വിളിച്ചു വിറച്ചു.

അവസാനം അന്നയിലെ ഭാര്യ സഹികെട്ട് ജേക്കബ്ബിലെ ഭർത്താവിന് ഇങ്ങനെ മെസേജ് അയച്ചു:

എത്രയും പെട്ടെന്ന് എന്നെ കൊണ്ടുപോവാൻ വരിക.

ഇതാണ് ഇന്ന് കേരളത്തിലെ ഒരു സാധാരണ സ്ത്രീ അനുഭവിക്കുന്ന ഏറ്റവും വലിയ സ്വാതന്ത്ര്യം.

കയറ് എപ്പോഴും അവന്റെ കയ്യിലാണ്. ഒരു സ്ത്രീ എപ്പോൾ പുറത്തിറങ്ങണമെന്നും എപ്പോൾ തിരികെ വരണമെന്നും അവൻ തീരുമാനിക്കുന്നു.

സ്വന്തം ഉടലിൽ കുടുംബത്തെ മാത്രം കൊളുത്തിയിട്ടുകൊണ്ട് ഒരു പെണ്ണോടുന്നത് അവൾക്കാഗ്രഹമുണ്ടായിട്ടല്ല. തലമുറകളായി തുടർന്നുവന്ന നശിച്ച പാരമ്പര്യത്തിന്റെ ക്ലീഷേ താനായി തകർക്കുമ്പോൾ ഉണ്ടാകുന്ന ഒറ്റപ്പെടൽ, തുറിച്ചുനോട്ടം, ഇതൊക്കെ അനുഭവിക്കേണ്ടിവരുമല്ലോ എന്നോർത്തിട്ടാണ്. ടെൻഷൻ വരുമ്പോൾ പുരുഷനിറങ്ങി നാടുകാണാൻ പോകാം, സുഹൃത്തുക്കളെ കാണാം. വേണമെങ്കിൽ ബാറിലിരുന്ന് രണ്ടു പെഗ്ഗടിക്കാം.

ഏതെങ്കിലും വിശുദ്ധ ഗ്രന്ഥങ്ങളിലോ, നിയമഗ്രന്ഥങ്ങളിലോ സ്ത്രീയ്ക്കു മാത്രമായിട്ടൊരു നിയമമെഴുതിക്കണ്ടിട്ടില്ല. എന്നിട്ടും ചില ജോലികൾ അവൾക്കു മാത്രമാവുന്നു. ഒരു വീട്ടിലെ ചില മുറികൾ അവൾക്കു മാത്രം തുറന്നിട്ടതാവുന്നു.

പ്രിയ പുരുഷപ്രജകളെ.. സമൂഹമെന്നാൽ പുരുഷനല്ല. സമൂഹമെന്നാൽ മനുഷ്യരാണ്. സ്ത്രീയും പുരുഷനുമാണ്. ദിവസവും... അവളെ... ഒരിത്തിരിനേരം കേട്ടാൽ.. ഒന്നു ചേർത്തു തലോടിയാൽ.. കരളിന്റെ പാതിയും പകുത്തുതരില്ലേ ആ പെൺഞാവൽമരം. □

# വയൽവരമ്പിലെ സുവിശേഷകാന്തി









*അവസരങ്ങൾ ഒരിക്കലും നമ്മെ കാത്തുനില്ക്കില്ല. നന്മ ചെയ്യാനുള്ള അവസരങ്ങൾ കിട്ടിയാൽ അതു പാഴാക്കാതെ കരുതലോടെ വിനിയോഗിക്കണം.*

## സി. റോസ് ആന്റോ

**ആലപ്പുഴ ജില്ലയിലെ കൈതവനയിൽ മംഗലത്തുവീട്ടിൽ ദേവസ്യ ആന്റണിയുടെയും ത്രേസ്യാമ്മ ആന്റണിയുടെയും പന്ത്രു മക്കളിൽ ഒൻപതാമത്തെ മകൾ. പ്രൈമറി, ഹൈസ്കൂൾ, പ്രീഡിഗ്രി, ഡിഗ്രി പഠനം ആലപ്പുഴയിൽ. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ (CUSAT) നിന്ന് MA,M.Phil, Ph.D ബിരുദങ്ങൾ. M.Phil ന് ഫസ്റ്റ് റാങ്ക് നേടി. ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളജിൽ അധ്യാപികയായതിനുശേഷം സന്ന്യാസിനിയായി. 30 വർഷത്തെ അധ്യാപനത്തിനുശേഷം 2020 ൽ കോളജിൽനിന്നു വിരമിച്ചു. അധ്യാപനത്തിലും സാമൂഹികപ്രവർത്തനങ്ങളിലുമായി ഇരുപതിലധികം അവാർഡുകൾ നേടിയിട്ടുണ്ട്.**

**കൃഷിയിലും സാമൂഹികക്ഷേമപ്രവർത്തനങ്ങളിലും സായുജ്യം കണ്ടെത്തുന്ന സിസ്റ്റർ റോസ് ആന്റോ തന്റെ പ്രേഷിതവഴികളിലേക്കു വായനക്കാരെ കൂട്ടിക്കൊണ്ടുപോവുകയാണിവിടെ.**

**ഒ**രു സന്ന്യാസിനിയായി ജീവിക്കാൻ സാധിക്കുന്നതിൽ ദൈവത്തോട് എനിക്ക് നന്ദിയുണ്ട്. ഈ ചെറിയ ജീവിതത്തിനിടയിൽ ഒത്തിരിയേറെ ചെറിയ കാര്യങ്ങൾ ചെയ്യുന്നതിന് ദൈവം ഇടയാക്കി. എന്റെ വീട് ആലപ്പുഴയിലാണ്. 31 വർഷം ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളജിൽ അധ്യാപികയായിരുന്നു. അധ്യാപികയായി മാത്രമാണ് ഞാൻ കോളജിൽ എത്തിയത്; പിന്നീടാണ് ഇരിഞ്ഞാലക്കുട ഹോളി ഫാമിലി സന്ന്യാസിനീസമൂഹത്തിൽ അംഗമാകുന്നത്. ഇപ്പോൾ ഇരിഞ്ഞാലക്കുടയിലുള്ള കൃപാഭവനിലെ അംഗമാണ്.

ഞാൻ പ്രവർത്തിച്ച മേഖലകളിലൊക്കെ എന്റെ വിദ്യാർത്ഥിനികളെക്കൂടി കൊണ്ടുപോകാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. കോളജിൽ നാഷണൽ സർവീസ് സ്കീമിന്റെ പ്രോഗ്രാം ഓഫീസറായിരുന്ന സമയത്ത് കുട്ടികളെ സമൂഹവുമായി ചേർത്തുനിർത്തുന്നതിനായി നിരവധി കാര്യങ്ങൾ ചെയ്യുകയുണ്ടായി.

അതിലൊന്നാണ് പൊതിച്ചോർ പദ്ധതി. കുട്ടികൾ വീട്ടിൽനിന്നു കൊണ്ടുവരുന്ന പൊതിച്ചോറുമായി ഉച്ചയ്ക്ക് പൊരിവെയിലത്ത് ഞങ്ങൾ പട്ടണത്തിലേക്കിറങ്ങും. അവിടെ കടത്തിണ്ണകളിലും പാതയോരത്തുമായി വിശന്നു പൊരിഞ്ഞിരിക്കുന്ന ഒത്തിരിപ്പേർ ഉണ്ടാവും. വിശക്കുന്ന ആളുകളുടെ കൈയിൽ പൊതിച്ചോർ വച്ചുകൊടുക്കുമ്പോൾ എന്റെ കുട്ടികളുടെ കണ്ണ് നിറയുന്നതു കണ്ടിട്ടുണ്ട്. ന്യൂജെൻ എന്നൊക്കെപ്പറഞ്ഞ് നമ്മളിൽ ചിലർ പരിഹസിക്കുമെങ്കിലും നമ്മുടെ കുട്ടികൾ നന്മ നിറഞ്ഞവരും തീക്ഷ്ണതയുള്ളവരുമാണ്. ഞാൻ എന്റെ ഉച്ചഭക്ഷണം ഒഴിവാക്കി, കോളജിൽ തോട്ടപ്പണിക്കു വരുന്ന ഒരു തൊഴിലാളിക്ക് ഉച്ചഭക്ഷണം കൊടുക്കുന്നത് വിദ്യാർത്ഥികൾ കണ്ടു. അത് അവർക്കൊരു സന്ദേശമായി. ഇങ്ങനെയാണ് 'പൊതിച്ചോർ' എന്ന ആശയത്തിലേക്കു ഞങ്ങൾ എത്തിച്ചേർന്നതും കുട്ടികൾ എന്നോടു സഹകരിച്ചിരുന്നതും.

പ്രകൃതിയെയും മണ്ണിനെയും മനുഷ്യനെയുമൊക്കെ സ്നേഹിക്കാൻ പഠിച്ചത് എന്റെ കുടുംബത്തിൽനിന്നാണ്. എന്റെ അമ്മ ഒരു മനഃശാസ്ത്രജ്ഞനായിട്ടാണ് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്. അമ്മയുടെ ജീവിതമായിരുന്നു ഞങ്ങളുടെ പാഠങ്ങൾ. ഒന്നിനും അമ്മ നിർബന്ധിച്ചില്ല. ഓരോന്നും അമ്മ ചെയ്തു കാണിച്ചു. ഞങ്ങൾ പന്ത്രണ്ടു മക്കളും അതു പിന്തുടർന്നു.

കോളജിൽനിന്നു റിട്ടയറായ ശേഷം ഞാനിപ്പോൾ കൃഷിരംഗത്താണ്. തികച്ചും ജൈവരീതിയിൽ നെൽകൃഷി ചെയ്തുവരികയാണ് ഇപ്പോൾ. അതും പാട്ടത്തിനെടുത്ത അഞ്ചേക്കർ സ്ഥലത്ത്. നൂറുമേനി വിളവും കിട്ടുന്നുണ്ട്. കൃഷിയിലേക്കിറങ്ങിയത് കൃഷിക്കാരുടെ അനുഭവങ്ങൾ ഒന്നു പഠിക്കാൻതന്നെയാണ്. ഓരോ തവണയും ഭക്ഷണം കഴിക്കുമ്പോൾ ഇതിനുവേണ്ടി അധ്വാനിച്ചവരെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാറുണ്ട്. കർഷകരുടെ കടബാധ്യതയെക്കുറിച്ചും അവരുടെ ആത്മഹത്യയെക്കുറിച്ചുമൊക്ക കേട്ടറിഞ്ഞതുകൊണ്ടാണ്, എനിക്ക് ഒരു പരിചയവുമില്ലാത്ത കൃഷിമേഖല ഞാൻ തിരഞ്ഞെടുത്തത്. ഇപ്പോൾ കർഷകരുടെ കഷ്ടപ്പാടെന്തെന്നു ശരിക്കും പഠിച്ചു. ഡൽഹിയിലെ ദുരിതകാലാവസ്ഥ സഹിച്ചു നീതിക്കുവേണ്ടി മല്ലിടുന്ന കർഷകരെ പ്രാർത്ഥനയോടെ ഓർക്കുന്നു. അതിജീവനത്തിനുവേണ്ടി, നമുക്ക് ഭക്ഷണം ഒരുക്കിത്തരുന്നതിനുവേണ്ടി, പ്രതികൂലസാഹചര്യങ്ങളോടു മല്ലിട്ട് കഴിഞ്ഞ മൂന്നുമാസത്തോളമായി അവർ സമരം ചെയ്യുകയാണ്.

പ്രകൃതിയെ സ്നേഹിക്കുക എന്ന പാഠം എന്നെ പഠിപ്പിച്ചതും എന്റെ കുടുംബമാണ്. കൊടുങ്ങല്ലൂർ അഴീക്കോട് ബീച്ചിൽ 2500 കാറ്റാടിമരങ്ങൾ നട്ടുപിടിപ്പിച്ചു. ചെറിയൊരു കറുത്ത കവറിൽ തൊട്ടാവാടിപോലെയുള്ള കുഞ്ഞുതൈയാണ് കിട്ടിയത്. അത് ഇപ്പോൾ ഒരു വലിയ കാടായി നില്ക്കുകയാണ്. 2004 ലെ സുനാമിക്കു ശേഷമാണ് അതു നട്ടത്. സുനാമിക്കോളനി എന്നാണ് ആ പ്രദേശം അറിയപ്പെടുന്നത്. സുനാമിക്കുശേഷം ഓഖി വന്നു. ഈ പ്രദേശത്ത് ഒട്ടും തന്നെ വെള്ളം കയറിയില്ല. അതിനടുത്ത സ്ഥലങ്ങളിലൊക്കെ ഓഖി നാശം വിതച്ചപ്പോഴും ഈ മരങ്ങൾ കരുത്തോടെ നില്ക്കുന്ന കാഴ്ച വളരെ അഭിമാനകരമായിരുന്നു.

ഞാൻ ഇപ്പോൾ താമസിക്കുന്ന സ്ഥലത്ത്, നാനൂറോളം ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്; കോളജ് കാമ്പസിൽ അഞ്ഞൂറോളം മരങ്ങളും. A tree for every home എന്ന പദ്ധതിയനുസരിച്ച് കോളജിലെ എല്ലാ കുട്ടികൾക്കും ഓരോ പേരത്തൈ കൊടുത്തുവിട്ടു. Home for homeless എന്ന പ്രോജക്ടിന്റെ ഭാഗമായി നിർധനരായ നിരവധി പേർക്ക് ഭവനം നിർമിച്ചു നൽകി. വിശേഷദിവസങ്ങളിൽ ആദിവാസി ഊരുകളിൽ ഭക്ഷണക്കിറ്റ് നൽകിക്കൊണ്ടിരിക്കുന്നു. ആദിവാസി ഊരുകളിലെ വനിതകളെ പുറംലോകത്തേക്കിറക്കാനും ജീവിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാനും പഠിപ്പിച്ചു. അവരെ കടൽ കാണിക്കാനും ബോട്ടിങ്ങിനും നാട്ടിലെ ഉല്ലാസസ്ഥലങ്ങളിൽ കൊണ്ടുവരാനും എനിക്കു സാധിച്ചു.

പങ്കുവയ്ക്കൽ എന്ന ദൈവികപുണ്യം ശീലിച്ചത് എന്റെ അമ്മയിൽനിന്നാണ്. പന്ത്രണ്ടു മക്കളുള്ള ഒരിടത്തരം കുടുംബത്തിൽ പങ്കുവയ്ക്കൽ എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമായിരുന്നു. അമ്മയോടൊപ്പം കൃഷിപ്പണി ചെയ്തും പശുക്കളെ പരിപാലിച്ചും ഇളയ സഹോദരരെ സംരക്ഷിച്ചും കഴിച്ചുകൂട്ടുന്ന സമയം... അതിനിടയിൽ കിട്ടുന്ന ചുരുങ്ങിയ ഇടവേളകളിൽ മാത്രമായിരുന്നു പഠനം നടന്നിരുന്നത്. പഠിക്കാൻ സമയപരിമിതി ഉണ്ടായിരുന്നതുകൊണ്ടുതന്നെ ഉത്സാഹത്തോടെ പഠിച്ചു. എന്റെ വീട്ടിൽ ജോലിക്കു വന്നിരുന്ന ആളുകൾക്ക് എന്തെങ്കിലും ചെറിയ സഹായങ്ങൾ ചെയ്തു കൊടുത്തിരുന്നത് ഞങ്ങളുടെ കൈകളിലൂടെയാകാൻ അമ്മ ശ്രദ്ധിച്ചിരുന്നു. അങ്ങനെ പങ്കുവയ്ക്കലിന്റെ ആനന്ദം വളരെ ചെറുപ്പത്തിൽത്തന്നെ ഞാൻ അനുഭവിച്ചു.

ഞാനൊരു കിഡ്നി ഡോണറാണ്. അതും പങ്കുവയ്ക്കലിന്റെ മറ്റൊരു പാഠമായി ഞാൻ കാണുന്നു. വീട്ടുമുറ്റത്തുണ്ടായിരുന്ന മൂവാണ്ടൻ മാവിൽനിന്നു താഴെ വീഴുന്ന മാമ്പഴം പന്ത്രണ്ടു മക്കളും അപ്പനും അമ്മയും ഒരുപോലെ പങ്കുവച്ചു കഴിച്ചിരുന്ന ആ അനുഭവം തന്നെയാണ് കിഡ്നി ദാനത്തിലൂടെയും എനിക്കു ലഭിച്ചത്. സന്ന്യാസിനിയായതിന്റെ ജൂബിലി വർഷത്തിൽ (2018) മരണാസന്നനായ ഒരാൾക്ക് ജീവൻ പങ്കിട്ടു നല്കിയത് കർത്താവിനോടുള്ള വലിയ നന്ദിയായി ഞാൻ സമർപ്പിക്കുന്നു.

ഞാൻ കിഡ്നി കൊടുത്ത തിലകൻ ഇപ്പോൾ ജോലിക്കു പോകുന്നതു കാണുമ്പോൾ, ദൈവകൃപയാൽ അതിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. ചെറിയ സഹനങ്ങളുണ്ടെങ്കിൽ ജീവിതത്തിൽ പല കാര്യങ്ങളും ചെയ്യാൻ കഴിയും. ജീവിതം ഒന്നേയുള്ളൂ. നമുക്കു സാധിക്കുമെങ്കിൽ ഒരു തൂവൽ ഇവിടെ കൊഴിച്ചു കടന്നുപോവുക.

നിങ്ങൾ ഇരിക്കുന്ന മുറിയുടെ ജനലുകളും വാതിലുകളും തുറന്നിടുക. മുന്നോട്ടു കയറുക. സ്വരമുയർത്തിപ്പറയുക. ചോദ്യങ്ങളെ അഭിമുഖീകരിക്കാതിരിക്കാൻ പിറകിലേക്കു മാറാതിരിക്കുക. ജീവിതത്തിൽ എന്തെങ്കിലും ആയിത്തീരണം എന്ന ആഗ്രഹവും അതിനുള്ള അശ്രാന്തപരിശ്രമവും ഉണ്ടായിരിക്കണം. മാത്രല്ല, നാം ജീവിക്കുന്ന സമൂഹത്തോട് ആത്മാർത്ഥമായ പ്രതിബദ്ധതയും ഉണ്ടാവണം.

□

# ജീവിതം സുവിശേഷമാക്കിയ കന്യാസൂനം


## ഫെബ്രുവരി 25 : വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ തിരുനാൾ



**മേരി സെബാസ്റ്റ്യൻ**

**കാലത്തിന്റെ** വെല്ലുവിളികളെ ധീരതയോടെ നേരിട്ടുകൊണ്ട് സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കുവാൻ ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുക്കുകയും മാറ്റിനിർത്തുകയും കാലാനുസൃതമായ ദൗത്യത്തിനായി വിട്ടുകൊടുക്കുകയും ചെയ്യുന്നതായി എക്കാലത്തെയും വിശുദ്ധാത്മാക്കളുടെ ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു. അങ്ങനെ, കത്തോലിക്കാസഭയുടെ സാമൂഹികനീതിക്കൊരു പുതിയ ഊടും പാവും നെയ്ത് സ്വന്തം ഹൃദയരക്തം കൊണ്ട് അടിക്കുറിപ്പെഴുതിയ ഒരു ധീരകന്യകയാണ് രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട സിസ്റ്റർ റാണിമരിയ.

നാല്പത്തിയൊന്നു വയസ്സു മാത്രം ഈ ഭൂമിയിൽ ജീവിച്ച് രക്ഷയുടെ സുവിശേഷമായി രക്തസാക്ഷിത്വമകുടം ചൂടി സ്വർഗസമ്മാനത്തിനർഹയായ സിസ്റ്റർ റാണി മരിയ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ (എഫ്.സി.സി.) സന്ന്യാസിനീസമൂഹാംഗമാണ്. 1995 ഫെബ്രുവരി 25 നാണ് ഇൻഡോറിലെ ഉദയനഗറിൽവച്ച് സമന്ദർസിംഗ് എന്ന കൂലിത്തൊഴിലാളി ഈ കന്യാരത്നത്തെ കത്തിക്കിരയാക്കിയത്. സമർപ്പിതജീവിതത്തിനു പുതിയൊരു ഭാഷ്യം ചമച്ചുകൊണ്ടാണവൾ തന്റെ പ്രേഷിതദൗത്യം പൂർത്തിയാക്കിയത്.



ദരിദ്രരും മർദ്ദിതരും നിരാലംബരുമായിരുന്ന ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി അവൾ തന്റെ ജീവിതം ഉഴിഞ്ഞുവച്ചു. അതിനായി ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും വ്യത്യസ്തമായി ചിന്തിക്കുകയും സമാനതകളില്ലാതെ പ്രവർത്തിക്കുകയും ചെയ്തു. തന്മൂലം പുതിയൊരു മാനവികത അവളുടെ പ്രവർത്തനമണ്ഡലങ്ങളിൽ രൂപംകൊണ്ടു. അവൾ ഗ്രാമങ്ങളിലേക്കിറങ്ങിച്ചെന്നു. തൊഴിലിടങ്ങളിലുള്ള അനീതിക്കെതിരേയും, തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയും പോരാടുവാൻ ഗ്രാമങ്ങളിലെ ജനങ്ങളെ ബോധവത്കരിച്ചു. സ്ത്രീശക്തീകരണത്തിനു തിരി തെളിച്ചു. സമ്പാദ്യശീലം വളർത്തി നിരക്ഷരരായ കുട്ടികൾക്ക് അക്ഷരവെളിച്ചം പകർന്നുനല്കി. ജന്മി-കുടിയാൻ ചേരിതിരിവിനെതിരേ, അക്രമങ്ങൾക്കും അനീതിക്കുമെതിരേ ഈ യോഗിനി പാവങ്ങളുടെ പക്ഷം ചേർന്നു ശബ്ദമുയർത്തി.

ഗവൺമെന്റിൽനിന്നു ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ, പെൻഷനുകൾ, വായ്പാപദ്ധതികൾ, ചികിത്സാസഹായങ്ങൾ, ഇൻഷുറൻസുകൾ തുടങ്ങിയവ നേടിയെടുക്കുവാൻ ഈ മിഷനറി അവരോടൊപ്പം പ്രവർത്തനനിരതയായി. ആരാധനാലയങ്ങളും ആതുരാലയങ്ങളും വിദ്യാലയങ്ങളും അവളുടെ സ്വപ്നങ്ങളായിരുന്നു. ഈ അമ്മമനസ്സിനു മുന്നിൽ ഗ്രാമവാസികൾ കരങ്ങൾ കൂപ്പി. ജന്മിമാരും അധികാരികളും രോഷാകുലരായി നിന്നു. സഹജീവികളിൽ യേശുവിന്റെ മുഖം ദർശിച്ച ഈ സമർപ്പിതയ്ക്കു ലഭിച്ച സമ്മാനമാണ് അവളുടെ ശരീരം ഏറ്റുവാങ്ങിയ ചെറുതും വലുതുമായ 54 മുറിവുകൾ. മുറിവുകളെല്ലാം തിരുമുറിവുകളാക്കി സ്വർഗം വിലയിട്ടു. അവൾ സ്വർഗത്തിലേക്കു പറന്നുയർന്നു!

സമന്ദർസിംഗ് എന്ന വാടകക്കൊലയാളിയെ ജീവപര്യന്തം തടവിനു കോടതി ശിക്ഷിച്ചു. പിന്നീടങ്ങോട്ട് മനുഷ്യബുദ്ധിക്കു നിരക്കാത്ത രീതിയിലാണു കാര്യങ്ങൾ നീങ്ങിയത്. ഒല്ലൂർ സ്വദേശി, മധ്യപ്രദേശിൽ സിഎംഐ വൈദികനായി സേവനമനുഷ്ഠിക്കുന്ന ഫാ. മൈക്കിൾ പുറാട്ടുകര എന്ന സ്വാമിയച്ചൻ ഇൻഡോർ ജയിലിൽ സമന്തർസിംഗിനെ കാണുകയും മാനസാന്തരത്തിലേക്കു വഴിയൊരുക്കുകയും ചെയ്തു. വി. മരിയ ഗൊരേത്തിയുടെ ഘാതകനായ അലക്സാണ്ടറുടെ മാനസാന്തരം അവളുടെ ക്ഷമിക്കുന്ന സ്നേഹത്തിൽനിന്നുയർന്ന പ്രാർത്ഥനയുടെ ഫലമായിരുന്നുന്നെന്നതുപോലെ രക്തസാക്ഷിയായ റാണിമരിയയുടെ തീവ്രമായ പ്രാർത്ഥനയ്ക്കുള്ള പ്രത്യുത്തരമാണ് സ്വാമിയച്ചനിലൂടെ സമന്ദർസിംഗിൽ നിറവേറിയത്! അതു മാത്രമല്ല, റാണി മരിയയുടെ സഹോദരി സിസ്റ്റർ സെൽമി ജയിലിൽ വച്ച് സമന്ദറിന്റെ കരങ്ങളിൽ രാഖികെട്ടി സഹോദരനായി അംഗീകരിച്ചതും ക്ഷമയുടെ ഉദാത്ത മാതൃക തന്നെ. അദ്ഭുതങ്ങളുടെ പട്ടിക നീളുകയാണ്. ആ നാളുകളിൽ സിസ്റ്റർ സെൽമയ്ക്ക് കാൻസർ രോഗം കലശലാവുകയും വൈദ്യശാസ്ത്രം പരാജയപ്പെടുകയും ചെയ്തപ്പോൾ തന്റെ സഹോദരിയുടെ മാദ്ധ്യസ്ഥ്യം വഴി സിസ്റ്റർ സെൽമ പൂർണ സൗഖ്യം പ്രാപിക്കുകയുണ്ടായി. ഇന്ന് ഇൻഡോറിൽ കർമനിരതയായി അവർ കഴിയുന്നു.

പശ്ചാത്താപവിവശനായ സമന്ദർസിംഗ് സ്വാമിയച്ചനോടൊപ്പം പുല്ലുവഴിയിലെ വട്ടാലിൽ ഭവനത്തിലെത്തുകയും സിസ്റ്റർ റാണിമരിയയുടെ പിതാവ് പൈലിയോടും മാതാവ് ഏലീശ്വായോടും ക്ഷമായാചനം നടത്തി കാൽക്കൽ വീഴുകയും ചെയതു. തന്റെ ഓമനമകളുടെ ഘാതകന്റെ കരങ്ങൾ ചുംബിച്ച് സ്വന്തം മകനായി സ്വീകരിക്കുകയും ചെയ്തു. മാനുഷികമായി ചിന്തിക്കുന്നവർക്കെല്ലാം ഇതൊക്കെ ശുദ്ധ ഭോഷത്തമായി കരുതാനേ കഴിയൂ. ഈ പുണ്യാത്മാവിന്റെ രക്തസാക്ഷിത്വം മഹത്തായ പല സന്ദേശങ്ങളും പാഠങ്ങളും ലോകത്തിനു നൽകുന്നുണ്ട്. അതിൽ പരമപ്രധാനമായത് കുരിശിലെ ക്ഷമിക്കുന്ന സ്നേഹമാണ്. താൻ ക്ഷമിക്കപ്പെട്ട വ്യക്തിയാണ് എന്നു മനസ്സിലാകുന്നവർക്കേ മറ്റുള്ളവരോടു ക്ഷമിക്കുവാൻ കഴിയുകയുള്ളൂവെന്നതും ഒരു യാഥാർത്ഥ്യം തന്നെ.

ഇന്നു ലോകം അഭിമുഖീകരിക്കുന്ന സമസ്തപ്രശ്നങ്ങൾക്കുമുള്ള സിദ്ധൗഷധം ക്ഷമ എന്ന മഹാപുണ്യമാണെന്ന് വാഴ്ത്തപ്പെട്ട റാണിമരിയ നമ്മെ ഓർമ്മപ്പെടുത്തുന്നു. രക്തസാക്ഷിത്വത്തിന്റെ പരകോടിയിലെത്തിയ ഈ സാഹസകന്യക ചിന്തിയ രക്തത്തുള്ളികൾ സമർപ്പിതർക്കു മാത്രമല്ല, മാനവരാശിക്കുവരെ ഒരു ആത്മീയ തിരുത്തൽ ശക്തിയായി വിരാജിക്കുന്നു.

---

## 6 കേരളത്തിലെ കാട്ടുമൃഗങ്ങൾ

**മാത്യൂസ് ആർപ്പൂക്കര**

കാട്ടിൽ നില്ക്കുന്ന കരിമ്പുലിയെ കാണുക ദുഷ്കരമാണ്. രാത്രിയിൽ അതിദുഷ്കരവും. കറങ്ങുന്ന തിളങ്ങുന്ന, രണ്ടു വജ്രക്കണ്ണുകളാവും ആദ്യം മനുഷ്യദൃഷ്ടിയിൽപ്പെടുക. പുള്ളിപ്പുലിയുടെ സ്വഭാവസവിശേഷതകൾ തന്നെയാണ് കരിമ്പുലിക്കുമുള്ളത്. ബ്ലാക് പാന്തർ എന്നത് ഇംഗ്ലീഷിൽ കരിമ്പുലിയെ വിളിക്കുന്നു. മാർജാരവംശത്തിലെ വലിയ ജീവികളായ കടുവ, സിംഹം എന്നിവയ്ക്കൊപ്പമാണ് കരിമ്പുലികൾ. സാധാരണ പുലികളുടെ ദേഹത്തു കാണപ്പെടുന്ന ഓറഞ്ചു നിറത്തിനു കാരണമായ ഫിലോമെലാനിൻ കരിമ്പുലിയുടെ ദേഹത്തു കാണപ്പെടുന്നില്ല. ജനിതകമായി വ്യത്യാസം സംഭവിച്ചു യുമെലാനിൻ എന്ന കറുത്ത വർണവസ്തു ഉണ്ടാകുന്നു. ഇത് അധികമായി ഉണ്ടാകുന്നതുകൊണ്ടാണ് ഈ പുലിക്കു കറുത്ത നിറമുണ്ടാകുന്നത്. നല്ല പ്രകാശത്തിൽ കരിമ്പുലിയുടെ ദേഹത്തു പുള്ളികൾ കാണാമത്രേ.

നമ്മുടെ കാട്ടിലെ ഒരപൂർവ്വയിനം പുലിയാണ് കരിമ്പുലി. കരിമ്പുലി എന്ന ബ്ലാക് പാന്തറിനെ കേരളത്തിൽ ആദ്യമായി കണ്ടെത്തിയത് ഇടുക്കിവനത്തിലാണ്. ഉൾക്കാടുകളിലാണു വാസം. രാത്രി സഞ്ചാരികളാണിവ. ഇവ എണ്ണത്തിൽ വളരെ കുറവാണ്. ഇടുക്കി, വയനാട്, പെരിയാർ വനങ്ങളിൽ കരിമ്പുലിയുടെ സാന്നിധ്യമുണ്ട്. ഭക്ഷണരീതിയും ജീവിതശൈലിയുമൊക്കെ പുള്ളിപ്പുലിയുടേതുതന്നെ.

ഒറ്റതിരിഞ്ഞാണ് കരിമ്പുലിയുടെ നടപ്പ്. പൊക്കം കുറഞ്ഞ മരത്തിൽ കയറി ഇരയെ കാത്തു കിടക്കും. മുയൽ, പുള്ളിമാൻ, കാട്ടുപന്നി, കുരങ്ങൻ എന്നിവയെയൊക്കെ കരിമ്പുലി പിടികൂടി ഭക്ഷിക്കും. കാട്ടുപോത്തുപോലുള്ള വലിയ മൃഗങ്ങളെയും പിടികൂടാൻ സമർത്ഥനായ ഈ പോരാളിക്കു പേടിയില്ല. കൂട്ടംകൂടി നില്ക്കുന്ന ഇരകളെ വേണ്ടെന്നുവച്ച് ഒറ്റതിരിഞ്ഞുനടക്കുന്ന ഇരയെയാവും ഇവ വേട്ടയാടുക. ഈറ്റപ്പുലിക്കു ശൗര്യം പതിന്മടങ്ങാണ്. കരിമ്പുലി കാട്ടിലെ ബ്ലാക്ക് ക്യാറ്റാണെന്നു പറയാറുണ്ട്. ഒന്നാന്തരം വേട്ടക്കാരൻ!... അഥവാ ബ്ലാക് വില്ലൻ!..

## കരിമ്പുലി






## അധ്യായം 26

പതിനെട്ടുവർഷംമുമ്പ് വെട്ടും കുത്തുമേറ്റു മരിച്ച കാലൻ മാത്തൻ മുമ്പിൽ പ്രത്യക്ഷപ്പെട്ടതുപോലെ വക്കച്ചനു തോന്നി. നെറ്റിയിൽ വിയർപ്പു പൊടിഞ്ഞു. പെട്ടെന്നെന്തെങ്കിലും പറയാൻ അയാൾക്കു കഴിഞ്ഞില്ല. മാത്തനല്ല. കൊടുംക്രിമിനൽ രമണി ഷാജിയാണ് തന്നെക്കാണാൻ വന്നിരിക്കുന്നതെന്നു സ്വന്തം മനസ്സിനെ ബോധ്യപ്പെടുത്താൻ അയാൾ പാടുപെട്ടു. ഷാജി തന്തയില്ലാത്തവനാണെന്ന് ചാക്കപ്പൻ പറഞ്ഞിരുന്നു. ചായക്കടക്കാരി രമണിക്ക് ഇങ്ങനെയൊരു സന്തതിയെ നല്കിയത് തന്റെ പഴയ കിങ്കരൻ മാത്തനായിക്കൂടായ്കയില്ലെന്നു വക്കച്ചനു തോന്നി. ഷാപ്പിലേക്കു തെങ്ങിൻകള്ള് കൊണ്ടുവരാൻ പിക്കപ്പുമായി മാത്തൻ പോയിരുന്ന കാലം വക്കച്ചന്റെ ഓർമ്മയിലെത്തി.

“വാ... അകത്തിരുന്നു സംസാരിക്കാം.'' വക്കച്ചൻ പറഞ്ഞു. അയാൾ രമണി ഷാജിയെ തന്റെ പ്രൈവറ്റ് റൂമിൽ ആനയിച്ചിരുത്തി. ഒരുതരം ഭീകരശാന്തത ഷാജിയുടെ മുഖത്തു പ്രകടമായി.

“ചാക്കപ്പച്ചായൻ എന്നോടു വിവരം പറഞ്ഞു. ഏറ്റവും റിസ്കുള്ള ഒരു കേസാണിത്. അതു നടത്തിത്തരാമെന്നു ഞാൻ സമ്മതിക്കുന്നു. മുൻകൂട്ടി പണം വാങ്ങുന്നതിന് രണ്ടു കാരണങ്ങളുണ്ട്. പ്രധാനകാര്യം എന്റമ്മയുടെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ്. അത് എത്രയും പെട്ടെന്നു ചെയ്തില്ലെങ്കിൽ എന്റമ്മ മരിക്കും. പത്തുലക്ഷം ഞാനുണ്ടാക്കിയിട്ടുണ്ട്. ശരിയായ രീതിയിലൊന്നുമല്ല. മറ്റു പലർക്കും കരൾ മാറ്റിവയ്ക്കലിന് നാട്ടുകാര് സഹായം ചെയ്യുന്നുണ്ട്. എന്റെയമ്മയ്ക്ക് ആരും ചില്ലിക്കാശ് വെറുതേ തരുകേല. അമ്മയും ഞാനും ശരിയല്ലാത്തതുകൊണ്ടാ. ജീവിക്കാൻ ഒത്തിരി കൊതിയാ അമ്മയ്ക്ക്. ഒരു തെറ്റിലൂടെ അമ്മയെ രക്ഷിക്കാൻ ഞാൻ നോക്കുകാ. അച്ചായന്റെ ആഗ്രഹസാധ്യത്തിനുള്ള ആക്ഷൻ നടത്തുമ്പോൾ ചിലപ്പോൾ ഞാൻ കൊല്ലപ്പെട്ടെന്നിരിക്കും. അതല്ലെങ്കിൽ അകത്താകും. ശിക്ഷയും ഉറപ്പാണ്. എന്റെ ജീവന്റെയും ജീവിതത്തിന്റെയും വിലയാണ് ഇപ്പോൾ വാങ്ങിക്കുന്ന മുപ്പതുലക്ഷം.” ഷാജി പറഞ്ഞു നിർത്തി.

അവനോടു കൂടുതലൊന്നും പറയാനോ സംശയിക്കാനോ വക്കച്ചനു കഴിഞ്ഞില്ല. അയാൾ എഴുന്നേറ്റ് അടുത്ത മുറിയിലേക്കു പോയി. ബാങ്കിൽനിന്നെടുത്ത് എണ്ണിക്കെട്ടി വച്ചിരുന്ന നോട്ടുകൾ ഒരു തുണിസഞ്ചിയിലാക്കി തിരികെയെത്തി.

“മുഴുവനുമുണ്ട്. എണ്ണിനോക്കിക്കോളൂ.” വക്കച്ചൻ പറഞ്ഞു.

“വേണ്ട. എനിക്കു വിശ്വാസമാ. കാര്യം നടത്തിത്തരുന്ന തീയതി ഞാൻ പറയുന്നില്ല. എത്രയും വേഗം അതു ചെയ്യും എന്നു വാക്കുപറയുന്നു.” പണസഞ്ചിയുമായി രമണി ഷാജി എഴുന്നേറ്റു. പിന്നെ യാത്ര പറയാതെ പുറത്തിറങ്ങി. അല്പം കഴിഞ്ഞപ്പോൾ ജീപ്പു സ്റ്റാർട്ടാക്കുന്നതിന്റെയും ഓടിച്ചുപോകുന്നതിന്റെയും ശബ്ദം വക്കച്ചൻ കേട്ടു.

അന്നു രാത്രിയിൽ പുഴക്കര വക്കച്ചൻ അതിഭീകരമായ ഒരു സ്വപ്നം കണ്ട് അലറിക്കരഞ്ഞുകൊണ്ട് ഞെട്ടിയുണർന്നു. തിളക്കമുള്ള ഒരു കഠാരയുമായി കാലൻ മാത്തൻ തന്റെ നെഞ്ചിൽ കയറിയിരിക്കുന്നു. എന്റെ മകനെക്കൊണ്ടുതന്നെ കൊടുംപാതകം ചെയ്യിക്കുകയാണല്ലേടാ! എന്നു പറഞ്ഞ് കഠാരകൊണ്ട് ആഞ്ഞുകുത്തുന്ന രംഗമാണ് സ്വപ്നത്തിൽ തെളിഞ്ഞത്. കണ്ണുകൾ തുറിച്ച്, വിയർപ്പിൽ കുളിച്ച് വിറകൊണ്ടിരിക്കുന്ന വക്കച്ചന്റെയരികെ ഫിലോമിന എഴുന്നേറ്റിരുന്നു.

“എന്താ... എന്തുപറ്റി അച്ചായാ?” അവൻ തിരക്കി.

“ഒരു സ്വപ്നം! ഭയങ്കരമായ ഒന്ന്.” വക്കച്ചൻ പറഞ്ഞു.

“പ്രാർത്ഥനയും പള്ളീൽപോക്കുമൊന്നുമില്ലാതെ ജീവിച്ചിട്ടാ ദുസ്സ്വപ്നം കാണുന്നെ. വെള്ളം വേണോ?”

“വേണം.”

ഫിലോമിന എഴുന്നേറ്റു ചെന്ന് ഗ്ലാസിൽ വെള്ളമെടുത്തുകൊണ്ടുവന്നു. വക്കച്ചൻ അതു വാങ്ങി ആർത്തിയോടെ കുടിച്ച് ഗ്ലാസ് തിരികെക്കൊടുത്തു.

“ദേഹമാകെ വിയർത്തല്ലോ? വെള്ളം ഇനീം വേണോ?'' ഫിലോമിന ചോദിച്ചു.

“വേണ്ട.”

''ഇത്രയ്ക്കും പേടിക്കാൻ എന്തു സ്വപ്നമാ കണ്ടത്?”

“വല്ലാത്ത ഒരു സ്വപ്നമായിരുന്നു. പറഞ്ഞു മനസ്സിലാക്കാൻ വയ്യ. നീ കിടന്നോ. ലൈറ്റണച്ചേക്ക്.” വക്കച്ചൻ പറഞ്ഞു.

ഇരുവരും ലൈറ്റണച്ചു കിടന്നു. വക്കച്ചനുറങ്ങാൻ കഴിഞ്ഞില്ല. വിരുദ്ധചിന്തകൾ മനസ്സിനെ മഥിച്ചു. മുപ്പതുലക്ഷം രൂപയാണ് ഏതോ ഒരുത്തന് എടുത്തുകൊടുത്തത്? ചാക്കപ്പന്റെ വാക്കു വിശ്വസിച്ചാണതു ചെയ്തത്. രമണി ഷാജി അതു പയോഗിച്ച് അവന്റെ അമ്മയുടെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തും. അമ്മയെ മരണത്തിൽ നിന്നു രക്ഷിക്കാൻ അവനു കഴിയും. താൻ പണമെടുത്തു കൊടുത്തത് സഹായമെന്ന നിലയ്ക്കല്ല.

തന്റെ പ്രതികാരദാഹമടങ്ങാൻ ഒരു കൊടുംപാതകം ചെയ്യുന്നതിനുള്ള പ്രതിഫലമാണത്. രമണി ഷാജി വാക്കുപാലിച്ചില്ലെങ്കിൽ തന്റെ പണം പാഴാകും. ഷാജി ഏറ്റെടുത്ത ദൗത്യം നടപ്പാക്കുമെന്ന് സ്വയം വിശ്വസിക്കാൻ വക്കച്ചൻ പാടുപെട്ടു. വെളുപ്പിന് നാലുമണിയും കഴിഞ്ഞാണ് അയാൾ ഉറക്കത്തിലായത്.

ദിവസങ്ങൾ ഓരോന്നായി കടന്നുപോകുമ്പോൾ വക്കച്ചന് ആധി വർദ്ധിക്കുകയായിരുന്നു. രമണി ഷാജി പിന്നെ ബന്ധപ്പെട്ടിട്ടില്ല. അവന്റെ യാതൊരു വിവരവും അയാൾക്കില്ല. ചാക്കപ്പനും വിളിക്കുന്നില്ല. മുപ്പതുലക്ഷമാണ് എണ്ണിക്കൊടുത്തത്. പിടിപ്പുകേടാണ് താൻ കാട്ടിയതെന്നു വക്കച്ചനു തോന്നി. ഒരു ഞായറാഴ്ച. അഞ്ചുമണിനേരത്ത് ഉമ്മറത്തെ ചാരുകസേരയിൽ വിശ്രമിക്കുമ്പോൾ ചാക്കപ്പന്റെ ഫോൺവന്നു.

“വക്കച്ചാ... നീയെന്താ ഇതുവരെയെന്നെ വിളിക്കാത്തെ.”

“അവന്റെ അമ്മയുടെ ഓപ്പറേഷനൊക്കെ കഴിയണമെന്നു പറഞ്ഞിരുന്നല്ലോ.”

''എന്തായാലും എന്നെ തനിക്കു വിശ്വാസമുണ്ടെന്നു തെളിഞ്ഞു.”

“നമ്മള് ഇന്നും ഇന്നലെയും തുടങ്ങിയ ബന്ധമല്ലല്ലോ.”

“എന്നാലും ഇന്നത്തെക്കാലത്ത് മനുഷ്യന്മാർത്തമ്മിൽ പരസ്പരവിശ്വാസം തീരെയില്ലല്ലോ. ഞാൻ പറഞ്ഞതുവച്ചു പറഞ്ഞിടത്തോളം പണം മുമ്പൊന്നു കണ്ടിട്ടുകൂടിയില്ലാത്ത ഒരുത്തന്റെ കൈയിൽ കൊടുത്തുവിട്ടത് അത്ര നിസ്സാരകാര്യമല്ല. ഷാജി എന്നെ വന്നു കണ്ടിരുന്നു. നന്ദി പറഞ്ഞു. ഏറ്റെടുത്തത് അവൻ ചെയ്തില്ലെങ്കിൽ ഞാൻ തന്നെ അതിനിറങ്ങുമെന്നു പറഞ്ഞാ വിട്ടത്.”

“അവന്റെ അമ്മേടെ ഓപ്പറേഷൻ കഴിഞ്ഞോ?”

“കഴിഞ്ഞു. സക്സസായി. ആള് വീട്ടിൽ വന്നു. കുറെനാളത്തേക്കു മരുന്നുകഴിച്ച് പൂർണ്ണവിശ്രമത്തിൽ കഴിയണം.”

''അപ്പഴ് നമ്മടെ കാര്യം ഇനിയും നീളുമല്ലേ?”

“ഇല്ല. അമ്മയെ ശുശ്രൂഷിക്കാനൊക്കെ അവനാളെയാക്കി. എന്നാ എപ്പഴാ, എങ്ങനെയാ, എവിടെവച്ചാ എന്നൊന്നും ചോദിച്ചേക്കരുത്. ഒരു ദിവസം ആ വലിയ വാർത്ത കേരളത്തെ ഞെട്ടിക്കും. എനിക്കുറപ്പുണ്ട്. ഷാജിയെ ശരിക്കറിയാവുന്നതുകൊണ്ടു പറയുന്നതാ. ആരും ആരെയും ഫോൺ പോലും വിളിക്കണ്ട. ആപത്താ.”

“അവനെ മുമ്പിൽ കണ്ടപ്പം ഞാൻ ഞെട്ടിപ്പോയി ചാക്കപ്പാ. കാലൻ മാത്തന്റെ തനിരൂപം. അതെങ്ങനെ സംഭവിച്ചെന്ന് എനിക്കതിശയമാ.”

“അതിന്റെ ഉത്തരം രമണിക്കറിയാം. നമുക്കതറിയണ്ട കാര്യമില്ല.”

''പിടിക്കപ്പെടുമ്പം അവൻ നമ്മുടെ ഡീലിനെക്കുറിച്ചു പറയുമോ ചാക്കപ്പാ.”

“അതിപ്പം പറയാൻ പറ്റില്ല. അപ്പഴത്തെ സാഹചര്യമനുസരിച്ചു പ്രവർത്തിക്കുമെന്നു കൂട്ടിയാമതി. പേടിയുള്ളവര് ഇത്തരം പരിപാടിക്കു പോകരുത്.”

“എനിക്കങ്ങനെ പേടിയൊന്നുമില്ല. സംശയം ചോദിച്ചെന്നു മാത്രം. നമ്മൾ സേഫാകാനാ ഇരുന്നതു മുഴുവനുംകൂടെ കൊടുത്തത്.”

“ധൈര്യം വിടാതെ. രമണി ഷാജി വാക്കുപാലിക്കുന്നവനാ. എനിക്കു വേണ്ടി പല ഡീലുകളും ചെയ്തിട്ടുണ്ട്. ഇന്നുവരെ ചതിച്ചിട്ടില്ല.”

''അമ്മയോട് ഇത്രയും സ്നേഹമുള്ള ഒരുത്തൻ നമ്മളുദ്ദേശിക്കുന്ന കൃത്യം ചെയ്യുമോന്നാ സംശയം.”

“അവന് ഈ ഭൂലോകത്തിൽ അമ്മയോടു മാത്രമേ സ്നേഹമുള്ളൂ. മറ്റുള്ളവരോടൊക്കെ വെറുപ്പും പകയുമാ. ധൈര്യമായിട്ടിരിക്ക്.'' ചാക്കപ്പൻ കൂട്ടുകാരനെ ധൈര്യപ്പെടുത്തിയിട്ട് സംഭാഷണം നിർത്തി.

പിറകിൽ ഒരു തേങ്ങൽ ശബ്ദംകേട്ട് വക്കച്ചൻ തിരിഞ്ഞുനോക്കി. എല്ലാം കേട്ടുകൊണ്ട് ഫിലോമിന വാതിൽക്കൽ നിൽക്കുന്നു. അതീവരഹസ്യമായ തന്റെ പദ്ധതികൾ ഭാര്യ അറിഞ്ഞിരിക്കുന്നു!



“പറയുന്നതൊക്ക ഒളിഞ്ഞുനിന്നു കേൾക്കുകയായിരുന്നല്ലേടീ വൃത്തികെട്ടവളേ.” വക്കച്ചൻ ഭാര്യയ്ക്കുനേരേ ദേഷ്യപ്പെട്ടു.

“ഞാൻ വൃത്തികെട്ടവളാ.... സമ്മതിച്ചു. ആ പെണ്ണിനെ കൊല്ലാൻ ആളെ ഏർപ്പാടാക്കിയില്ലേ? കൊടുംക്രൂരത ചെയ്യുന്നതിനുമുമ്പ് ഈ വൃത്തികെട്ട കെട്ടിയവളേം ഒന്നും ചെയ്യാൻ കഴിവില്ലാതെ തളർന്നുകിടക്കുന്ന സ്വന്തം മകളേം കൂടെ തീർക്ക്. മതിയായി. ഈ ലോകത്തിൽ നിങ്ങടെകൂടെ ജീവിച്ചു മതിയായി...” ഫിലോമിന വിങ്ങിപ്പൊട്ടി.

“മാറിപ്പോടീ... ശവമേ എന്റെ മുമ്പീന്ന്. ഞാനെന്തു ചെയ്യണോന്ന് ഞാൻ തീരുമാനിക്കും. എന്റെകൂടെ മടുത്തവൾക്ക് ഇറങ്ങിപ്പോകാം ഈ വീട്ടീന്ന്... ചാകാൻ കൊതിയെങ്കിൽ അതും ചെയ്യാം.” വക്കച്ചൻ ഒച്ചയിട്ടു.

ഫിലോമിന പൊട്ടിക്കരഞ്ഞുകൊണ്ട് അകത്തേക്കു പോയി.

(തുടരും)

# വീഹാരത്തിൽനിന്നൊരു വേറിട്ട ശബ്ദം

ആത്മാർപ്പണത്തിന്റെ ത്യാഗവീഥികളിൽ നിയോഗത്തിന്റെ മൃദുമൊഴികൾ തിരിച്ചറിഞ്ഞ്, പ്രേഷിതശുശ്രൂഷയോടും അധ്യാപനവൃത്തിയോടുമൊപ്പം വരമൊഴിയും വായ്മൊഴിയുമായുള്ള അക്ഷരധർമങ്ങൾ സാമൂഹികപ്രതിബദ്ധതയോടെ നിവർത്തിക്കുകയാണ് സിസ്റ്റർ ഡോ. തെരേസ് ആലഞ്ചേരി. ചുരുങ്ങിയ കാലംകൊണ്ട് ആറു പുസ്തകങ്ങളും നാല്പതോളം കവിതകളും നൂറിൽപ്പരം ലേഖനങ്ങളും രണ്ടു ഡോക്യുമെന്ററികളും പുറത്തിറക്കി. പ്രമുഖ അച്ചടി - ഓൺലൈൻ മാധ്യമങ്ങളിൽ അക്ഷരസപര്യ തുടർന്നുകൊണ്ടിരിക്കുകയാണ് കോളജ് അധ്യാപികകൂടിയായ സി. ഡോ. തേരേസ്. തന്റെ ആദ്ധ്യാത്മികമായ ഉത്തരവാദിത്വങ്ങൾക്കൊപ്പം, വരുംതലമുറകളുടെ പദഗതികളിൽ മെഴുതിരിനാളമായി മാറേണ്ടതിന് സർഗാത്മകവും വൈജ്ഞാനികവുമായ നൂതനസൃഷ്ടികളുടെ പണിപ്പുരയിൽ സദാ വ്യാപൃതയാണ് സിസ്റ്റർ.


സിസ്റ്റർ ഡോ. തെരേസ് ആലഞ്ചേരി S.A.B.S.

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി രൂപതയിൽപ്പെട്ട മടുക്ക ഇടവകയിൽ, ആലഞ്ചേരി തോമസ് - ഏലിക്കുട്ടി ദമ്പതികളുടെ നാലുമക്കളിൽ ഇളയ മകളായിട്ടാണ് സിസ്റ്റർ തെരേസിന്റെ ജനനം. മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നു മലയാള സാഹിത്യത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും ബി.എഡും നേടി. മദ്രാസ് സർവകലാശാലയിൽനിന്ന് എം.ഫിലും. മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന് 'കുഞ്ഞുണ്ണിക്കവിതകളിലെ സാമൂഹികമനശ്ശാസ്ത്രം' എന്ന വിഷയത്തിൽ ഡോക്ടറേറ്റും കാലിക്കട്ട് സർവകലാശാലയിൽനിന്ന് ദൈവശാസ്ത്രത്തിൽ ദിവ്യസരഡിപ്ലോമയും നേടി. ഇപ്പോൾ അണ്ണാമല യൂണിവേഴ്സിറ്റിയിൽ ജേർണലിസം ഡിപ്ലോമ ചെയ്തുകൊണ്ടിരിക്കുന്നു.

നിലവിൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിൽ മലയാളവിഭാഗം അധ്യാപികയായ സിസ്റ്റർ ഡോ. തെരേസ് മുമ്പ് കുന്നുംഭാഗം സെന്റ് ജോസഫ്സ് പബ്ലിക് സ്കൂൾ, കുമളി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ, കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക് കോളജ്, മാന്നാനം കെ.ഇ. കോളജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു.

മദർ തെരേസ, അടിമച്ചന്തയിൽനിന്നൊരു ദേവദൂതിക, ദേവോ ഗ്രാസിയാസ്, റാന്തൽ, കുഞ്ഞുണ്ണിമാഷിന്റെ കാവ്യപ്രപഞ്ചം, മൗനം പൊതിഞ്ഞ മൺകൂടാരം എന്നിവയാണ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ.

ദീപനാളം, ഭാഷാപോഷിണി, ദീപിക, എഴുത്തുമാസിക, പച്ചക്കുതിര, സൺഡേ ശാലോം, കർമ്മലകുസുമം, കാർമ്മൽ, പ്രേഷിതകേരളം, ക്രൈസ്തവകാഹളം തുടങ്ങിയ ആനുകാലികങ്ങളിലും ഓൺലൈൻ പത്രങ്ങളിലും എഴുതുകയും സാമൂഹികപ്രശ്നങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുന്നു. മുല്ലപ്പെരിയാർ പ്രശ്നം, കസ്തൂരിരംഗൻ വിഷയം, സ്റ്റാൻ സ്വാമി അച്ചന്റെ ജയിൽജീവിതം, റബർ കർഷകപ്രശ്നങ്ങൾ ഇവയെല്ലാം ആധാരമാക്കി കവിതകൾ രചിക്കുകയും പെരിയാർ, കുമളി, പൂഞ്ഞാർ, കോട്ടയം തിരുനക്കര മൈതാനം, മേലുകാവ്, കാഞ്ഞിരപ്പള്ളി ടൗൺ എന്നിവിടങ്ങളിലെ സമരപ്പന്തലുകളിൽ പ്രസംഗിക്കുകയും കവിത ചൊല്ലുകയും ചെയ്തിട്ടുണ്ട്.

സിസ്റ്ററിന്റെ കവിതകൾ പലതും വീഡിയോ രൂപത്തിൽ യൂട്യൂബിലും ഫെയ്സ്ബുക്കിലും ഷെക്കെയ്ന ടെലിവിഷൻ ചാനലിലും വന്നിട്ടുണ്ട്. ആനന്ദം, ചങ്ങാതി, ഇടമില്ലാത്തവർ, നേരറിവ്, അടി കൊള്ളുന്നവന്റെ തുടി, ദൈവത്തിന്റെ വിരലുകൾ, പിയാത്ത, സ്നേഹപൂർവം നിശാഗന്ധി, സ്റ്റാൻഡ് വിത്ത് സ്റ്റാൻ, ഒരു കാവ്യപൂജ, ന്യൂജെൻ സൗഹൃദം, നിലാവ് എന്നിവയാണവ. നിലാവിൽ വിരിഞ്ഞ രാപ്പൂവ്, കനൽപ്രാവ് എന്നീ ഡോക്യുമെന്ററികൾക്ക് രചനയും സംവിധാനവും നിർവഹിച്ചത് സിസ്റ്റർതന്നെയാണ്. അവ യൂട്യൂബിലും ഫെയ്സ്ബുക്കിലും ലഭ്യമാണ്.

തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതഭവനിലും കൊച്ചി ചാവറ കൾച്ചറൽ സെന്ററിലും കൊച്ചി സാംസ്കാരികവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന കവിയരങ്ങിലും കോട്ടയം തിരുനക്കര മൈതാനിയിൽ നടന്ന അന്താരാഷ്ട്രപുസ്തകമേളയിലും പ്രത്യേക ക്ഷണിതാവായി കവിത ചൊല്ലുകയും പ്രഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

ജയിലുകളിലും അനാഥമന്ദിരങ്ങളിലും ആശുപത്രികളിലും തീരപ്രദേശങ്ങളിലും മറ്റുമൊക്കെ ബോധവത്കരണപരിപാടികളും മ്യൂസിക് പ്രോഗ്രാമുകളും കുട്ടികളെയുംകൂട്ടി ചെയ്തുവരുന്നു.

കെ.സി.എസ്.എൽ. കാഞ്ഞിരപ്പള്ളി രൂപത വൈസ് പ്രസിഡണ്ട്, കെ.സി.എസ്.എൽ. സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്, ഡി.സി.എൽ. മേഖല ഓർഗനൈസർ, സൺഡേ സ്കൂൾ രൂപത ആനിമേറ്റർ, റിസോർഴ്സ് ടീം മെമ്പർ എന്നിങ്ങനെയുള്ള മേഖലകളിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഡി.സി.എൽ.ന്റെ ബെസ്റ്റ് ഓർഗനൈസർക്കുള്ള സംസ്ഥാന അവാർഡ് 2010 ൽ ലഭിച്ചിട്ടുണ്ട്.

ദിവ്യകാരുണ്യാരാധനാസന്ന്യാസിനീസമൂഹം (എസ്.എ.ബി.എസ്) കാഞ്ഞിരപ്പള്ളി പ്രൊവിൻസ് അംഗമാണ് സി. തെരേസ് ആലഞ്ചേരി.

■ ബിജോ രാജു ഗ്രേഷ്യസ്

കവിത ളാക്കാട്ടൂർ പൊന്നപ്പൻ

## എൻ പൊന്മകളേ!

മകളേ, മകളേയെൻ പൊന്മകളേ,
മാമക ജീവന്റെ വെണ്മ നീയേ!
സൗരഭ്യം വിതറുന്ന സൂനമായ് ജീവിത
സുന്ദരവാടിയിൽ വിലസണം നീ.
അച്ഛനുമമ്മയ്ക്കുമാശ്വാസമാം സ്നേഹ
നിർഝരിയായ് നീയൊഴുകിടേണം.
നീ ചരിച്ചീടുന്ന വീഥിയിലെന്നെന്നും
നിറനിലാവേകും മതിലേഖപോൽ
മൃദുമന്ദഹാസം വിതറിവിതറി നീ
മുഗ്ധേ വിലസേണമെന്നുമെന്നും.
ചുറ്റുമൊഴുകുന്ന കാറ്റിലും സൗരഭ്യ-
ച്ചാറ്റലായ്ത്തീരണമെന്റെ മോളേ
എരിയുന്ന നേരത്തും മായികഗന്ധമീ
ധരയിൽ ചൊരിയുന്ന ചന്ദനത്തിൻ-
തിരിയായി മാറണം, സഹജർക്കു നീ നല്ല
തുണയായ്ത്തീരണം പൊന്നുമോളേ
ജീവിക്കും നാൾ വരെ ഏവരും വാഴ്ത്തുന്ന
ദേവതയായി നീ വാഴ്ക മോളേ
എല്ലാരും സ്നേഹിക്കും ഫുല്ലാരവിന്ദമായ്
എക്കാലവും നീ വസിക്കുമെങ്കിൽ
നിന്നെപ്പാലൂട്ടിയോരമ്മയും, തോളത്തു
തന്നന്നമാട്ടിയ നല്ലച്ഛനും
ജന്മം സഫലമായെന്നാശ്വസിച്ചിടും
പൊന്മകളേയെന്റെ പൊൻമകളേ!



കഥ

പീറ്റർ കുരിശിങ്കൽ

# ഞാൻ, മഗ്ദലേനയിലെ മറിയം

ഏറെ നാളുകളായി കേൾക്കുന്നതാണ് അവന്റെ വിശേഷങ്ങൾ. വിളഞ്ഞ ഗോതമ്പിന്റെ നിറമാണത്രേ അവന്റെ തലമുടിക്ക്. വിടർന്നു വികസിച്ച നെറ്റിയാണത്രേ അവന്. ആരെയും ആകർഷിക്കുന്നതാണത്രേ അവന്റെ കണ്ണുകൾ! മുട്ടോളമെത്തുന്ന കയ്യുകളാണത്രേ അവന്!

സഖിമാരുടെ അടക്കം പറച്ചിലുകൾ ഏറിയപ്പോൾ എന്റെ ഉള്ളിലും ഒരു മോഹം. അവനെ ഒന്നു കാണണം.



അന്നൊരു ദിവസം സായാഹ്നത്തിൽ സഖിമാരുമൊത്ത് നടക്കാനിറങ്ങിയതാണ്. സഖിമാരുടെ അടക്കംപറച്ചിൽ കേട്ടാണു നോക്കിയത്.

അതാ, അവൻ നടന്നടുക്കുന്നു.

വിളഞ്ഞുകിടക്കുന്ന ഗോതമ്പുവയലുകൾക്കിടയിലെ വരമ്പിലൂടെ അവൻ വരുന്നു. വയലേലകൾക്കൊപ്പം അവന്റെ അളകങ്ങളും ചാഞ്ചാടുന്നുണ്ടായിരുന്നു. അതേ വിളഞ്ഞ ഗോതമ്പിന്റെ നിറമുള്ള അവന്റെ അളകങ്ങൾ!

ഒരീണത്തിലങ്ങനെ ചുവടുവച്ച്... മുന്നേറ്റത്തിന്റെ ചുവടുകൾ. ഒരു ജേതാവിനൊത്ത നടത്തം.

ഞാൻ മെല്ലെമെല്ലയാണു നടന്നത്. അവൻ അടുത്തുവരട്ടെ.

അവൻ അടുത്തടുത്തു വന്നു.

പക്ഷേ, എന്നെ ഒന്നു നോക്കാൻപോലും മിനക്കെടാതെ അവൻ കടന്നുപോയി. എന്റെ കണ്ണേറിനു കൊതിക്കുന്ന ആയിരങ്ങളുള്ളപ്പോഴാണിത്. അടിയേറ്റ പാമ്പുകണക്കെ ഞാൻ പുളഞ്ഞുപോയി. അവന്റെ മഥിക്കുന്ന വശ്യത; അത് എന്റെ ഉറക്കം കെടുത്തി. അവനെ കാണാനുള്ള എന്റെ മനസ്സിന്റെ തീവ്രത ആളുന്ന അഗ്നിയായി; എന്നെത്തന്നെ ദഹിപ്പിക്കുന്ന അഗ്നി.

പിന്നീടൊരുദിനം അവിചാരിതമായി അവനെ ഞാൻ കണ്ടു. എന്റെ പൂമുഖത്തിനെതിരേ കരുവേലകത്തിന്റെ തണലിൽ അവൻ ഇരിക്കുന്നു.

എന്നിൽ എരിഞ്ഞിരുന്ന അഗ്നി ആളി. ഞാൻ അവന്റെ അടുത്തേക്കോടി. അവനോടു സംസാരിക്കാൻ ഞാൻ വെമ്പി.

പക്ഷേ,

അവന്റെ ദീപ്തസുന്ദരങ്ങളായ മിഴികൾ എന്നിലേക്കു തിരിഞ്ഞപ്പോൾ എന്നെച്ചുറ്റി വലയം വച്ചിരുന്ന നക്ഷത്രങ്ങൾ എല്ലാം പൊലിഞ്ഞുപോയി. അവന്റെ നിശിതമായ കണ്ണുകളിൽ കാളുന്ന സൂര്യന്റെ തിളക്കമാണ് ഞാൻ കണ്ടത്. ആ നോട്ടം! എന്നെ വലിച്ചുരിഞ്ഞു. ആന്തരികമായ എന്റെ നഗ്നത കണ്ട് ഞാൻ പെരുത്തുപോയി. എനിക്ക് സംസാരിക്കുവാൻ പോയിട്ട് അനങ്ങുവാനേ കഴിഞ്ഞില്ല.

എന്റെ മനസ്സാക്ഷിയുമായി ഒരു മല്പിടിത്തമായിരുന്നു പിന്നെ. എനിക്കു മനസ്സിലായി ആത്മാവിനെ ധിക്കരിച്ചു ജീവിച്ച ഞാൻ മരിച്ചവളായിരുന്നു.

ആ സായന്തനത്തിൽ അവന്റെ കണ്ണുകളിലെ തീനാളങ്ങൾ എന്നിലെ പിശാചിനെ വലിച്ചെടുത്ത് എരിച്ചുകളഞ്ഞു.

എനിക്കത് ചെയ്യാതെ കഴിയുമായിരുന്നില്ല. ഞാൻ അവന്റെ പാദത്തിനരികെയിരുന്നു. കരഞ്ഞു. കണ്ണീരുകൊണ്ട് അവന്റെ പാദങ്ങൾ കഴുകി. തലമുടികൊണ്ട് തുടച്ചു. ചുംബിച്ച് സുഗന്ധതൈലം പൂശി.

അതേ, ഞാൻതന്നെ മറിയം, മഗ്ദലേനയിലെ മറിയം!

# രോഗം അറിയാത്ത സ്ത്രീകൾ



ഡോ. ശാലിനി സി.കെ.

**ആ**രോഗ്യകാര്യത്തിൽ ലോക നിലവാരത്തിലാണ് നമ്മുടെ സംസ്ഥാനം. ആരോഗ്യ പരിപാലന സംവിധാനങ്ങൾ വർദ്ധിച്ചതുകൊണ്ടുമാത്രം ജനങ്ങളുടെ ആരോഗ്യം വർധിക്കുകയില്ല. ഉയർന്ന വിദ്യാഭ്യാസവും നൂതനമായ ആരോഗ്യപരിപാലന സംവിധാനങ്ങളും ഉണ്ടായിട്ടും കേരളം ഇന്ത്യയുടെ ഡയബറ്റിക് ക്യാപ്പിറ്റലാണ് എന്നത് നമ്മൾ മറക്കരുത്.

70 ശതമാനം രോഗങ്ങളും നമ്മുടെ ദിനചര്യയിലെ വ്യതിയാനങ്ങൾമൂലം ഉണ്ടാകുന്നതാണ്. ആഹാരംതന്നെ ഔഷധം എന്ന പ്രയോഗം നമുക്കെല്ലാം സുപരിചിതമാണ്. അതിനൊപ്പം ചേർത്തു പറയേണ്ട രണ്ടു പ്രധാന സംഗതികളാണ് എപ്പോൾ കഴിക്കുന്നുവെന്നതും എന്തു കഴിക്കുന്നുവെന്നതും. യഥാസമയത്ത് ആഹാരം കഴിച്ചാൽ മാത്രമേ നമ്മുടെ ദഹന വ്യവസ്ഥ ശരിയായി പ്രവർത്തിക്കുകയുള്ളൂ. എങ്കിൽ മാത്രമേ അതിലെ പോഷകങ്ങൾ രക്തത്തിലൂടെ ശരീരത്തിലെല്ലായിടത്തും എത്തുകയുള്ളൂ. ഭക്ഷണത്തിന്റെ സമയക്രമം പാലിച്ചില്ലയെങ്കിൽ അസിഡിറ്റി വർദ്ധിക്കുകയും ശരിയായ രീതിയിൽ ദഹനപ്രക്രിയ നടക്കാതെ വരികയും ചെയ്യുന്നു. എന്നുമാത്രമല്ല വയറുവീർപ്പ്, വയറുവേദന, വയറിളക്കം, മലബന്ധം, അൾസർ മുതലായ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.



നമ്മുടെ സമൂഹത്തിൽ 30 നും 45 നും ഇടയിലുള്ള സ്ത്രീകളിൽ തൈറോയ്ഡ്പ്രശ്നങ്ങൾ വളരെയധികം വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്. തൈറോയ്ഡ്ബാധിതരായ സ്ത്രീകളിൽ അധികംപേരും യാതൊരുവിധ ദിനചര്യകളും പാലിക്കാത്തവരാണ്. ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായാലും ഹോസ്പിറ്റലിൽ പോകാനോ ആവശ്യമായ ടെസ്റ്റുകൾ ചെയ്യാനോ പലപ്പോഴും സ്ത്രീകൾ തയ്യാറാവുന്നില്ല. 'എന്താ ഇതുവരെ ടെസ്റ്റ് ഒന്നും ചെയ്യാത്തത്' എന്നു ചോദിച്ചാൽ രസകരമായ ഒരു മറുപടിയാണ് ഇക്കൂട്ടർ തരുക: എങ്ങാനും വല്ല കുഴപ്പവും ഉണ്ടെന്നറിഞ്ഞാൽപ്പിന്നെ മരുന്നു കഴിക്കണ്ടേ ഡോക്ടറെ?

പലർക്കും ഷുഗർ, കൊളസ്ട്രോൾ, തൈറോയ്ഡ് പ്രശ്നങ്ങളുണ്ടാവാം. ലിവർ ഫംഗ്ഷൻ ടെസ്റ്റുകളിൽ വ്യതിയാനങ്ങൾ ഉള്ളവരും ഉണ്ടാവും.

ഷുഗർ, അമിതവണ്ണം തുടങ്ങിയ പ്രശ്നങ്ങൾ ഇല്ലാത്തവർക്ക് കഞ്ഞി ഉത്തമമായ ഒരു ആഹാരമാണ്. മേല്പറഞ്ഞ പ്രശ്നങ്ങൾ ഉള്ളവർക്ക് പച്ചക്കറിപ്പുഴുക്ക് കഴിക്കാം. സൂപ്പും സലാഡും ചേർന്ന ആഹാരരീതിയും നല്ലതാണ്. ദ്രവാംശം കൂടുതലുള്ള ആഹാരമാണ് രാത്രിയിൽ ഉത്തമം. അത് എളുപ്പം ദഹനം നടക്കാൻ സഹായിക്കുന്നു.

രാത്രിയിൽ ദഹനപ്രക്രിയ പൂർത്തിയായതിനുശേഷം ലഭിക്കുന്ന സമയം മാത്രമേ കരളിന് വിഷനിർഹരണം പോലെയുള്ള ജോലികൾ ചെയ്തുതീർക്കാനും വിശ്രമിക്കാനും സാധിക്കുകയുള്ളൂ. ദഹിക്കാൻ പ്രയാസമുള്ള ആഹാരങ്ങൾ രാത്രിയിൽ ശീലിച്ചാൽ കരളിനു സ്വന്തം പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ വരികയും അതു പിന്നീട് രോഗാവസ്ഥയിലേക്കു നയിക്കുകയും ചെയ്യുന്നു. കേരളത്തിലെ വർദ്ധിച്ചുവരുന്ന കരൾരോഗങ്ങൾക്കു കാരണം മദ്യപാനത്തെക്കാൾ നമ്മുടെ തെറ്റായ ആഹാരരീതിയാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

ദിവസവും കുറഞ്ഞത് 40 മിനിട്ടെങ്കിലും നടക്കണം. വീട്ടിൽ ധാരാളം ജോലികൾ ചെയ്യുന്നുണ്ട്, പിന്നെ നടക്കേണ്ട ആവശ്യമുണ്ടോ എന്നു പലരും ചോദിക്കാറുണ്ട്. നമ്മുടെ അടുക്കളകൾ കൂടുതൽ യന്ത്രവത്കൃതമായതോടെ ശരീരത്തിന് ആയാസം ലഭിക്കുന്ന, അല്ലെങ്കിൽ വ്യായാമത്തിന് ഉതകുന്ന ജോലികൾ നന്നേ കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് സ്ത്രീകൾ വ്യായാമം നിശ്ചയമായും ആവശ്യമാണ്.

വീട്ടമ്മമാർക്കും ജോലിക്കാരായ സ്ത്രീകൾക്കും രാവിലെ സമയം ഉണ്ടാവില്ല. എന്നാൽ വൈകുന്നേരം തീർച്ചയായും ഇതിനായി സമയം കണ്ടെത്തണം. നടക്കുകതന്നെ വേണമെന്ന് യാതൊരു നിർബന്ധവുമില്ല. യോഗ, നൃത്തം എന്നിവ പരിശീലിക്കാം. ഷട്ടിൽ ബാഡ്മിന്റൺ കളിക്കുകയോ ജിമ്മിൽ പോവുകയോ മറ്റേതെങ്കിലും തരത്തിലുള്ള സൗകര്യപ്രദമായ വ്യായാമങ്ങൾ ശീലിക്കുകയോ ആവാം. അതുപോലെതന്നെ മാനസികോല്ലാസത്തിനുതകുന്ന എന്തെങ്കിലും ഒരു ഹോബിയിൽ ഏർപ്പെടുന്നതും നല്ലതാണ്. വായനയോ പാട്ടുകേൾക്കലോ സിനിമ കാണലോ എന്തുമാവാം.

സ്വന്തം ശരീരത്തിന്റെ ആരോഗ്യസംരക്ഷണത്തിന് അല്പ സമയം കണ്ടെത്താനായില്ലായെങ്കിൽ വരുംകാലത്ത് അതിന്റെ പേരിൽ ദുഃഖിക്കേണ്ടിവരുമെന്നുള്ളത് സ്ത്രീകൾ മറക്കരുത്.

ഏതുതരത്തിലുള്ള ജീവിതശൈലീരോഗങ്ങളുള്ള സ്ത്രീകളായാലും അവർക്കുവേണ്ടി പ്രത്യേക ഭക്ഷണമുണ്ടാക്കാൻ അവരൊരിക്കലും മെനക്കെടാറില്ല. മറ്റുള്ളവർക്ക് ഉണ്ടാക്കുന്നതിൽനിന്ന് എന്തെങ്കിലും കഴിക്കുകയോ അല്ലെങ്കിൽ ഒന്നും കഴിക്കാതിരിക്കുകയോയാണ് അവരുടെ പതിവ്. ഒരിക്കലും ആശാസ്യമായ ഒന്നല്ലയിത്. ശാരീരികാവസ്ഥയ്ക്കനുസരിച്ചുള്ള ഭക്ഷണക്രമം പിന്തുടരാൻ ഒരുതരത്തിലുള്ള മടിയും വിചാരിക്കേണ്ട കാര്യമില്ല.

എന്തായാലും ഷുഗർ കൂടുതലാണല്ലോ, ഡോക്ടർ ആഹാരം കുറയ്ക്കണമെന്നു പറഞ്ഞിട്ടുമുണ്ട്, എന്നാൽ ഈയൊരു നേരം ആഹാരമൊഴിവാക്കാം എന്നു കരുതി സമയത്തു ഭക്ഷണം കഴിക്കാതെയിരിക്കുന്നവരുണ്ട്. തെറ്റായ ഒരു പ്രവണതയാണിത്. സമയത്ത് ആഹാരം കഴിച്ചില്ലയെങ്കിൽ ശരീരത്തിൽ നടക്കുന്ന ചില പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ ഗ്ലൂക്കോസ് ഉത്പാദിപ്പിക്കപ്പെടുകയും രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വർദ്ധിക്കുകയും ചെയ്യും.

പ്രമേഹബാധിതരായ സ്ത്രീകൾ ഭക്ഷണക്രമീകരണവും വ്യായാമവും ചെയ്യുന്നതോടൊപ്പം പാദസംരക്ഷണത്തിനും കേശസംരക്ഷണത്തിനുമുള്ള ഉപായങ്ങൾകൂടി ദിനചര്യയിൽ കൂട്ടിച്ചേർക്കുന്നത് നല്ലത്.

35 വയസ്സ് കഴിയുമ്പോൾ വർഷത്തിലൊരിക്കലെങ്കിലും ഷുഗർ, പ്രഷർ, കൊളസ്ട്രോൾ, തൈറോയ്ഡ്, കിഡ്നി, ലിവർ ഫങ്ഷൻ, കാൽസ്യം, വൈറ്റമിൻ ഡി എന്നിവ പരിശോധിക്കുന്നതും വയറ് സ്കാൻ ചെയ്തു നോക്കുന്നതും നല്ലതുതന്നെ. ബിപി, കൊളസ്ട്രോൾ, ഷുഗർ എന്നിവയിൽ ഏതെങ്കിലും ഉണ്ടെങ്കിൽ രണ്ടു വർഷത്തിലൊരിക്കലെങ്കിലും ഹൃദയപരിശോധന നടത്തുന്നതും ഉത്തമം.

ശരീരം നമ്മളുടേതാണ്. ആരോഗ്യമുള്ള ശരീരവും മനസ്സും ഉണ്ടെങ്കിൽ മാത്രമേ സന്തോഷകരമായ ജീവിതം ഉണ്ടാവുകയുള്ളൂ എന്നത് ഓരോ സ്ത്രീയും ഓർമയിൽ വയ്ക്കേണ്ട വിലപ്പെട്ട അറിവാണ്.

■



രേഖ റിജോ




**ദൈ**വസൃഷ്ടികളിൽ ഏറ്റവും ഉത്കൃഷ്ടമാണ് സ്ത്രീജന്മം. മറ്റൊരു സൃഷ്ടിയിലുമില്ലാത്ത മഹത്തായ പല സവിശേഷതകളും സ്ത്രീയിലടങ്ങിയിരിക്കുന്നു.

മകൾ, ഭാര്യ, അമ്മ, മുത്തശ്ശി എന്നിങ്ങനെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളിലൂടെ ഒരു സ്ത്രീ കടന്നുപോകുന്നു. അവൾ പൂർണതയിലെത്തുന്നത് അമ്മയാകുമ്പോഴാണ്.

സ്ത്രീയുടെ അഭിമാനവും അന്തസ്സും മാഹാത്മ്യവും ധീരതയും ലോകത്തിനുമുന്നിൽ തെളിയിച്ചവരാണ് ഇന്ദിരാഗാന്ധി, മാർഗരറ്റ് താച്ചർ തുടങ്ങിയവർ. സഹനത്തിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും ഉത്തമോദാഹരണമാണ് മദർ തെരേസ. ഇവരെയൊക്കെ ലോകം ആദരിച്ചതും ബഹുമാനിച്ചതും അവരുടെ വ്യക്തിപ്രഭാവം കൊണ്ടാണ്. ആദരവും ബഹുമാനവും അവരിലേക്കു വന്നുചേരുകയായിരുന്നു.

എന്നാൽ, സ്ത്രീക്കു വിദ്യാഭ്യാസം നിഷേധിക്കുകയും അടുക്കളത്തളത്തിൽ മാത്രമായി അവർ ഒതുങ്ങുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അക്കാലത്ത് സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി മാത്രം കണ്ടിരുന്നവരുമുണ്ടായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമായതോടെ സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യസ്ഥാനം നിലവിൽ വന്നു. സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിന് അവസരമുണ്ടായി. പുരുഷനോടൊപ്പം സ്ത്രീയും അധ്വാനിച്ച് കുടുംബം പുലർത്തുവാനും സമൂഹമാറ്റത്തിൽ പങ്കാളിയാകുവാനും തുടങ്ങി. പുരുഷൻ സ്ത്രീയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

ഭാരതസ്ത്രീകൾ സ്വഭാവമഹിമയിൽ എവിടെയും മാതൃകയായിരുന്നു. അങ്ങനെയാണ് 'ഭാരതസ്ത്രീതൻ ഭാവശുദ്ധി' എന്ന ചൊല്ലുതന്നെയുണ്ടായത്. 'കാര്യത്തിൽ മന്ത്രിയും കർമത്തിൽ ദാസിയും' ആയിരുന്നു അവൾ. ഭവ്യതയും അടക്കവും ഒതുക്കവും ഉള്ളവളായിരുന്നു.

കാലം മാറി. ഇന്നു കുടുംബശ്രീ പോലുള്ള സംഘങ്ങൾ സ്ത്രീകൾക്കായി നിലവിൽ വന്നിരിക്കുന്നു. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്രദവും തൊഴിൽരഹിതരില്ലാത്ത നാളേക്കുവേണ്ടി നടപ്പിലാക്കിയതുമായ തൊഴിലുറപ്പു പദ്ധതിയിലും സ്ത്രീകൾ മുൻതൂക്കം നേടി.

വികസനത്തിന്റെ പാതയിൽ സ്ത്രീക്കു സാരമായ മാറ്റങ്ങൾ സംഭവിച്ചു. അടുക്കളയിൽനിന്ന് അരങ്ങത്തേക്കു കടന്നപ്പോൾ കൂരിരുട്ടിലേക്കു പെട്ടെന്നു പ്രകാശം പതിക്കുമ്പോഴുണ്ടാകുന്ന പതർച്ചപോലെ എന്തു ചെയ്യണം, എങ്ങനെ പെരുമാറണം എന്നറിയാത്ത അവസ്ഥ പലരിലും കാണുമാറായി. സ്വന്തമായി ധനസമ്പാദനമാർഗമില്ലാതിരുന്ന സ്ത്രീകൾക്ക് അതിനുള്ള വഴി തെളിഞ്ഞപ്പോൾ അഹങ്കാരത്തിന്റെ വിത്തുമുളച്ചു. പാശ്ചാത്യസംസ്കാരമാണ് ജീവിതനിലവാരത്തിന്റെ അളവുകോൽ എന്നു തെറ്റിദ്ധരിച്ച പലരും അല്പവസ്ത്രധാരിയാകുവാനും ശരീരവടിവ് പ്രദർശിപ്പിക്കുവാനും വ്യഗ്രത കാട്ടി.


ഇന്ന് പെൺകുട്ടികൾ ഏതുവിധേനയും 'പോക്കറ്റുമണി' സമ്പാദിച്ച് സ്വൈരവിഹാരം നടത്താൻ മാർഗങ്ങൾ തേടുന്നു. അവസരോചിതമായി അവരെ വലയിൽ വീഴ്ത്തുന്ന പുരുഷന്മാരും ഏറെ. അതിനുള്ള തെളിവുകളാണ് ഇപ്പോൾ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പീഡനക്കേസുകൾ പലതും.

വിവരസാങ്കേതികവിദ്യയുടെ കടന്നുവരവോടെ മൊബൈൽ ഫോൺ സർവവ്യാപിയായി. അതിന്റെ ദുരുപയോഗം താഴേത്തട്ടുമുതൽ ആൺ-പെൺ വ്യത്യാസമെന്യേ ദൂരവ്യാപകമായ ഭവിഷ്യത്തുകളിലേക്കു നയിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഒട്ടുമിക്ക പീഡനക്കേസുകളും നഷ്ടപരിഹാരത്തുകയിലൂടെ തേഞ്ഞുമാഞ്ഞു പോകുന്നു.

ആധുനികലോകത്തു സ്ത്രീക്ക് ഭയരഹിതയായി പൊതുനിരത്തിലൂടെ ഒറ്റയ്ക്കു സഞ്ചരിക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുന്നത് അത്യന്തം ഭയാനകമായ അവസ്ഥാവിശേഷമാണ്.

സ്ത്രീകൾ മാനസികമായി ഉണരേണ്ടിയിരിക്കുന്നു. സ്ത്രീയെ സംരക്ഷിക്കേണ്ടത് സ്ത്രീതന്നെയാണെന്ന സത്യം തിരിച്ചറിയണം.

താൻ അബലയല്ല, ധീരയാണെന്നും സമൂഹത്തിനുവേണ്ടി തനിക്കും ചിലതെല്ലാം ചെയ്യാൻ സാധിക്കുമെന്നും ഓരോ സ്ത്രീയും മനസ്സിലാക്കണം. സ്ത്രീയുടെ ദൗർബല്യത്തെയാണ് പുരുഷൻ മുതലെടുക്കുന്നത്. അതിന് ഇടം നല്കരുത്. ലോകമെമ്പാടും സ്ത്രീയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന കാലം വരണം. സാർവ്വദേശീയമാറ്റം അനിവാര്യമാണ്. അങ്ങനെ ചാൾസ് മാലിക്കിന്റെ The fastest way to change the society is to mobilize the women of the world എന്ന വാക്കുകൾ നമുക്ക് അന്വർത്ഥമാക്കാം. കാതലായ പരിവർത്തനം സ്ത്രീയിൽനിന്നുതന്നെയാവട്ടെ.




**മാർച്ച് 7**
**നോമ്പുകാലം**
**നാലാം ഞായർ**



**ഉത്പ 11:1 – 9**
**ജോഷ്വ 7:10 – 15**
**റോമ 8:12 – 17**
**മത്താ 21:33 – 44**

**ഡോ. ജോഷി മയ്യാറ്റിൽ**

# പുത്രനെ ചുംബിക്കുവിൻ !



**ക**ർത്താവിന്റെ അഭിഷിക്തനെതിരേ ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുന്നതിന്റെ കഥ പറയുന്ന രണ്ടാം സങ്കീർത്തനത്തിൽ 12-ാം വാക്യം ഹീബ്രുമൂലമനുസരിച്ച്, "പുത്രനെ ചുംബിക്കുവിൻ" എന്നാണ്! മിശിഹായുടെ ആധിപത്യം അംഗീകരിക്കുവിൻ എന്നർത്ഥം. ദൈവപുത്രന്റെ ആധികാരികത പരിചിന്തനവിഷയമാക്കുന്ന ഈ ഞായറാഴ്ചയിലെ സുവിശേഷം വായിച്ചപ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയെത്തിയത് സങ്കീർത്തനം 2,12 ആയത് സ്വാഭാവികം.

തന്റെ അധികാരത്തെ ചോദ്യം ചെയ്ത പ്രധാന പുരോഹിതന്മാരോടും ജനപ്രമാണികളോടും (മത്താ 21:23) യേശു മൂന്ന് ഉപമകളാണു പറഞ്ഞത്: രണ്ടു പുത്രന്മാരുടെ ഉപമ, മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ, വിവാഹവിരുന്നിന്റെ ഉപമ. ഇതിൽ മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയാണ് ഈ ഞായറാഴ്ചയിലെ സുവിശേഷം.

**ഉൾക്കാഴ്ചകൾ**

1. മുന്തിരിത്തോട്ടത്തിന്റെ അധികാരിയായ 'വീട്ടുടമസ്ഥൻ' ('ഒയിക്കൊദെസ്പോത്തെസ്') 40-ാം വാക്യത്തിൽ 'നാഥനാ'യി ('ക്യൂരിയോസ്') മാറുന്ന കാഴ്ച കൗതുകകരമാണ്. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ദൈവംതന്നെ.

2. മുന്തിരിത്തോട്ടത്തിന്റെ വിവരണം ധ്വനിപ്പിക്കുന്ന ഏശ: 5:1-7 ന്റെ വെളിച്ചത്തിൽ മുന്തിരിത്തോട്ടം ഇസ്രായേലിന്റെ പ്രതീകമാണെന്നു വ്യക്തം (ഏശ 5:7). ഇതോടൊപ്പം, 43-ാം വാക്യത്തിലൂടെ മുന്തിരിത്തോട്ടം ദൈവരാജ്യത്തിന്റെ രൂപകമാണെന്നും തെളിയുന്നു.

3. ഉപമയിൽ മൂന്നു പ്രാവശ്യം പരാമർശിക്കപ്പെടുന്ന 'ഫലങ്ങൾ' (കാർപോസ്) മത്തായിയുടെ സുവിശേഷത്തിൽ സത്പ്രവൃത്തികളുടെ മുഖ്യരൂപകമാണ്. 17 പ്രാവശ്യം ഈയർത്ഥത്തിൽ അതു സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവിടെയെല്ലാം സൂചിതമാകുന്ന 'ഫലങ്ങൾ' ക്രിസ്തുവിശ്വാസത്തിലധിഷ്ഠിതമായ സത്പ്രവൃത്തികളാണ്.

4. മാത്സര്യമുള്ള ജനതയായ ഇസ്രായേലിന്റെ പക്കലേക്ക് ദൈവം അയച്ച പ്രവാചകരെയാണ് മത്തായി, ഭൃത്യർ എന്ന രൂപകത്തിലൂടെ സൂചിപ്പിക്കുന്നത്. വീട്ടുടമസ്ഥൻ ഭൃത്യന്മാരെ അയയ്ക്കുന്നത് രണ്ടു ഗണമായാണ് (മർക്കോസിൽ ഇതു മൂന്നാണ്). സുവിശേഷകന്റെ കാലത്ത് പ്രവാചകഗ്രന്ഥങ്ങളെ രണ്ടു ഗണങ്ങളായി യഹൂദർ മനസ്സിലാക്കിയിരുന്നെന്നു സ്മരിക്കേണ്ടതാണ്: ആദ്യകാലപ്രവാചകന്മാരും (ജോഷ്വ - രാജാക്കന്മാർ) പില്ക്കാലപ്രവാചകന്മാരും (ഏശയ്യ-മലാക്കി).

5. ഇസ്രായേലിന്റെ പക്കലേക്ക് പ്രവാചകരെ അയച്ച ദൈവികപ്രവൃത്തിയുടെ ക്ലൈമാക്സാണ് 'സ്വപുത്രനെ' അയച്ചതിലുള്ളത്. പുത്രൻ അവകാശിയാണ്! യേശുവിനെ വധിക്കാൻ ഗൂഢാലോചന നടത്തുന്ന ജനപ്രമാണികളെ ദ്യോതിപ്പിക്കുകയാണ് 38-39 വാക്യങ്ങൾ. പട്ടണത്തിനു വെളിയിൽവച്ചാണ് യേശു വധിക്കപ്പെട്ടതെന്ന ചരിത്രപരമായ സൂചനപോലും 39-ാം വാക്യത്തിലുണ്ട്.

**അനന്തരക്കാഴ്ചകൾ**

39-ാം വാക്യത്തിൽ പുത്രന്റെ വധത്തോടെ ഉപമ തീരുന്നു. എന്നാൽ 42-ാം വാക്യത്തിൽ യേശുവിന്റെ ഉത്ഥാനസൂചനയുണ്ട്. ഈസ്റ്റർപ്രഘോഷണമാണ് സങ്കീ. 118:22-23 ഉദ്ധരിക്കുന്നതിലൂടെ സുവിശേഷകൻ ചെയ്തിരിക്കുന്നത്. പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്ന അദ്ഭുതമാണ് യേശുവിന്റെ ഉത്ഥാനം!

41-ാം വാക്യത്തിൽ പ്രധാനപുരോഹിതരും ജനപ്രമാണികളും പറഞ്ഞ വിധിപ്രസ്താവം അവർക്കുതന്നെ സത്യമായി ഭവിക്കുകയാണ് 43-ാം വാക്യത്തിൽ. പുത്രനെ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യാത്ത ഇസ്രായേലിൽനിന്ന് പുത്രനിൽ വിശ്വസിച്ചു ഫലം പുറപ്പെടുവിക്കുന്ന ജനതയിലേക്ക് ദൈവരാജ്യം കൈമാറ്റം ചെയ്യപ്പെടും എന്ന പ്രസ്താവനയും ശ്രദ്ധേയമാണ്.

**നിർണായകമായ തിരഞ്ഞെടുപ്പ്**

പിതാവിലേക്കുള്ള ഏകവാതിലും വഴിയും ഈശോമിശിഹായാണ്. 'ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ' എന്ന് ആവശ്യപ്പെട്ടത് അവിടുന്നാണ് (യോഹ 14,1). പുത്രനെ അവകാശപ്പെടുത്തുന്നവനാണ് എല്ലാറ്റിന്റെയും അവകാശി. രാജാവിനെ തൊട്ട് എല്ലാം സ്വന്തമാക്കിയ കുട്ടിയുടെ കഥ ഓർമയുണ്ടല്ലോ. ഈശോയെ സ്വന്തമാക്കിയവന് എല്ലാം സ്വന്തമാണ്! 'നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും' ആണെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ (റോമാ 8:17) ഈ ഉപമയുടെ വ്യാഖ്യാനമായി കരുതാവുന്നതാണ്.

യേശുവിന്റെ ദൈവപുത്രത്വബോധ്യത്തിന്റെ വെന്നിക്കൊടി പാറിയ ഇടമായിരുന്നു മരുഭൂമി. 'നീ ദൈവപുത്രനാണെങ്കിൽ...' എന്ന പ്രലോഭകന്റെ ചോദ്യം എന്നും എവിടെയും മുഴങ്ങുന്നുണ്ട്; ഒപ്പം, 'ഇതാ, ഇവനാണ് അവകാശി, ഇവനെ കൊല്ലാം' എന്ന പണിക്കാരുടെ ഗൂഢാലോചനകളും.

ദൈവമക്കളെന്ന നമ്മുടെ അവബോധം ആഴപ്പെടുത്താനുള്ള അവസരമാണ് നോമ്പുകാലം. ഏകജാതനായ പുത്രൻതമ്പുരാനെ ചുംബിക്കുന്നതിന്റെ തീവ്രതയനുസരിച്ചായിരിക്കും നമ്മുടെ ദൈവപുത്രത്വബോധ്യവും ആഴപ്പെടുന്നത്. ആ ബോധ്യം വളരുന്നതനുസരിച്ചാണ് സ്വന്തം ശ്രേഷ്ഠതയും അവകാശാധികാരങ്ങളും നമുക്കു തിരിച്ചറിയാനാകുന്നത്. ഉപേക്ഷിക്കപ്പെട്ട കല്ല് മൂലക്കല്ലായിത്തീരുന്ന ഉത്ഥാനാനുഭവം ദൈവമക്കളുടെ ഭാഗധേയമാണ്. ഊഷരതയുടെ ഈ മരുഭൂവിൽ പുത്രത്വമരുപ്പച്ചയും ആധികാരികശാദ്വലതയും പടർന്നുകയറട്ടെ!

■

> **ദൈവമക്കളെന്ന നമ്മുടെ അവബോധം ആഴപ്പെടുത്താനുള്ള അവസരമാണ് നോമ്പുകാലം. ഏകജാതനായ പുത്രൻതമ്പുരാനെ ചുംബിക്കുന്നതിന്റെ തീവ്രതയനുസരിച്ചായിരിക്കും നമ്മുടെ ദൈവപുത്രത്വബോധ്യവും ആഴപ്പെടുന്നത്. ആ ബോധ്യം വളരുന്നതനുസരിച്ചാണ് സ്വന്തം ശ്രേഷ്ഠതയും അവകാശാധികാരങ്ങളും നമുക്കു തിരിച്ചറിയാനാകുന്നത്. ഉപേക്ഷിക്കപ്പെട്ട കല്ല് മൂലക്കല്ലായിത്തീരുന്ന ഉത്ഥാനാനുഭവം ദൈവമക്കളുടെ ഭാഗധേയമാണ്.**

---

പ്രണയപാഠാവലി 72



**ഡോ. ആന്റണി ജോസ്**

# സഹാനുഭൂതിയുടെ പ്രകൃതം



**ഇ**വർ വിശ്വസ്തതയുടെയും ദയയുടെയും കെടാവിളക്കുകളായിരുന്നു. മനുഷ്യത്വത്തിന്റെ ആധാരശിലയായ 'കാരുണ്യം' അനർഗളം പ്രവഹിക്കുന്നവർ...

എല്ലാവരുമായും നല്ല സൗഹൃദത്തിൽ പോകുവാനാണ് താത്പര്യം. മറ്റുള്ളവർക്കുവേണ്ടി സ്വന്തം താത്പര്യങ്ങളെ ത്യജിച്ചെന്നിരിക്കും. നിഷേധാത്മകനിലപാടുകളോ നിരാശയോ ഇവരെ ഭരിക്കുന്നില്ല. എപ്പോഴും ശുഭാപ്തിവിശ്വാസമാണ് മുതൽക്കൂട്ട്.

സ്വഭാവത്തിലെ ആർജവത്വം, ക്ഷമ - ഇതൊന്നും മറ്റൊരു മുദ്രിതവ്യക്തിത്വത്തിലും ഇത്രകണ്ട് ഉണ്ടാവില്ല. നുറുങ്ങിയ മനസ്സുകൾക്ക് ഇവരുടെ സാമീപ്യം സാന്ത്വനമാണ്. പ്രതിസന്ധികളിൽ ഒരു കൈത്താങ്ങായി കൂടെയുണ്ടാകും. കൈവിട്ടുകളയില്ല. നമ്മെ മുറിവേല്പിക്കില്ല എന്നതും ഇത്തരക്കാരെക്കുറിച്ചുള്ള ഉറപ്പാണ്.

സഹാനുഭൂതി മനസ്സുള്ള പങ്കാളി, അക്ഷരാർത്ഥത്തിൽ ഒരു ഭാഗ്യമാണ്. തന്നെ മനസ്സിലാക്കാൻ, പൊരുത്തപ്പെട്ടുപോകാൻ മറ്റാർക്കാണ് ഇതുപോലെ കഴിയുക? പങ്കാളിയുടെ സ്തുത്യാദരങ്ങൾക്കു കണക്കുണ്ടാകില്ല.

എന്നാൽ, ഈ പ്രകൃതവും 'സമ്യക്കാ'കേണ്ടതുണ്ട്. അല്ലാത്തപക്ഷം അലോസരങ്ങളുണ്ടാകാം. കാരുണ്യം അർഹിക്കുന്നവർക്കുള്ളതാണല്ലോ. അക്കാര്യം ഇത്തരം വ്യക്തിത്വങ്ങളുള്ളവർ വല്ലപ്പോഴുമൊക്കെ മറന്നുപോകാറുണ്ട്. അതേച്ചൊല്ലി ദമ്പതിമാർ തമ്മിൽ കടുത്ത അഭിപ്രായവ്യത്യാസവും രൂപപ്പെടാം.


സ്ത്രീകളോടും കുട്ടികളോടും അതിക്രമം കാണിക്കുന്നവരോട് എങ്ങനെയായിരിക്കണം സമീപനം? അവരും മനുഷ്യരല്ലേ പോട്ടെന്നു വയ്ക്കണമോ?

കാരുണ്യം നീതിബോധത്തിൽ നങ്കൂരമിടേണ്ടതുണ്ട്. അനീതിക്കുമുമ്പിൽ സ്വരമടയുന്ന മനസ്സലിവ് ഭീരുത്വവും മടയത്തവുമാണ്.

തൊട്ടാവാടിസ്വഭാവം അരക്ഷിതാവസ്ഥയിലേക്കുള്ള ചൂണ്ടുപലകയാകുന്നു. അവർ കർക്കശസ്വഭാവക്കാരിൽനിന്നും തുറവുപ്രകൃതക്കാരിൽനിന്നും നല്ല പാഠങ്ങൾ അഭ്യസിക്കണം. ധീരമായി നടപ്പാക്കുകയും വേണം.

ദമ്പതിമാർ തമ്മിലുള്ള തുറന്ന ചർച്ചയിൽ ഇതെല്ലാം അജണ്ടയാക്കുക. പരസ്പരം കണ്ണുതുറപ്പിക്കുക, തിരുത്തുക, ശക്തിപ്പെടുത്തുക. പ്രണയം അതിനുള്ള പ്ളാറ്റ്ഫോമാണ്.

# സ്ത്രീത്വം ജ്വലിച്ച ചൊവ്വാദൗത്യം @ നാസ



ഡോ. റ്റീന മാത്യു



'Touch down confirmed', കാലിഫോർണിയയിലെ ജെറ്റ് പ്രൊപ്പൽഷൻ ലാബോറട്ടറിയിൽ മുഴങ്ങിക്കേട്ട ചാരിതാർത്ഥ്യം തുളുമ്പിയ ഈ പെൺശബ്ദം ഓരോ ഇന്ത്യക്കാരിയുടെയും സിരകളെ ത്രസിപ്പിക്കാൻ പ്രാപ്തമായതായിരുന്നു. അതേ, ചൊവ്വ ഗ്രഹത്തിന്റെ പൂർവചരിത്രവും ജീവന്റെ തുടിപ്പുകളും തേടി, മനുഷ്യരാശിയുടെ ചരിത്രത്തിലെ നിർണായകദൗത്യവും പേറി ലോകത്തിലെ ഏറ്റവും വലിയ ബഹിരാകാശ ഏജൻസിയായ നാസയുടെ പെഴ്സിവിയറൻസ് പേടകം ഇക്കഴിഞ്ഞ ഫെബ്രുവരി 19 നു പുലർച്ചെ ചുവന്ന മണ്ണിൽ വിജയകരമായി നിലംതൊട്ടത് ഡോ. സ്വാതി മോഹൻ തികഞ്ഞ അഭിമാനത്തോടെ ലോകത്തോടു വിളിച്ചുപറയുകയായിരുന്നു. 2020 ജൂലൈ 30 ന് 300 കോടി ഡോളറിന്റെ മുതൽമുടക്കിൽ ഫ്ളോറിഡയിലെ നാസയുടെ യു.എൽ.എ. അറ്റ്ലഡ് 541 ൽ നിന്ന് ആരംഭിച്ച അഞ്ചാമത്തെ ചൊവ്വാദൗത്യം, ഏറ്റവും വലുതും ഭാരം കൂടിയതും ആധുനികവുമായ പെഴ്സിവിയറൻസ് റോവർ ആറു മാസങ്ങൾക്കുശേഷം 48 കോടി കിലോമീറ്റർ താണ്ടി, മാനവരാശിക്ക് അഭിമാനനിമിഷങ്ങൾ സമ്മാനിച്ച് ചുവന്ന ഗ്രഹത്തിന്റെ ഉപരിതലത്തിൽ സ്പർശിച്ചു. ചൊവ്വയുടെ ആകാശത്ത് ആദ്യമായി ചിറകുവിരിച്ചു പറക്കാൻ ലക്ഷ്യമിടുന്ന ഇൻജെന്യൂയിറ്റി എന്ന ഹെലികോപ്റ്ററും ഈ റോവർ വഹിക്കുന്നുണ്ടെന്നത് സവിശേഷമായ വസ്തുതയാണ്.

ചൊവ്വയുടെ വടക്കൻ മേഖലയായ, പ്രാചീനകാലത്തു ജീവനും വെള്ളവും നിലനിന്നിരുന്നെന്നു സംശയിക്കപ്പെടുന്ന, ജെസീറോ ഗർത്തത്തിൽ പറന്നിറങ്ങിയ ഈ റോവർ എല്ലാ അർത്ഥത്തിലും അവിടുത്തെ ജീവസാന്നിധ്യത്തെ തേടുകയാണ്. അതായത്, 350 കോടി വർഷങ്ങൾക്കു മുമ്പ് ജലസാന്നിധ്യമുണ്ടായിരുന്നെന്നു കരുതപ്പെടുന്ന ജെസീറോ ക്രേറ്ററിൽ നിലനില്ക്കാൻ സാധ്യതയുള്ള ജീവന്റെ ശേഷിപ്പുകൾ കണ്ടെത്താൻ കഴിഞ്ഞാൽ ശാസ്ത്രസാങ്കേതിക വിദ്യയുടെ ഒരു മാസ്മരിക കുതിച്ചുചാട്ടത്തിന് സമീപഭാവിയിലെ ചൊവ്വ സാക്ഷിയാകേണ്ടിവന്നേക്കും. ഗ്രഹത്തിന്റെ മുൻകാലങ്ങളിലെ കാലാവസ്ഥയും ഘടനയും പഠിക്കുന്നതും, പ്രതലത്തിലെ പാറക്കഷണങ്ങൾ ഉൾപ്പെടെ ഉപരിതലം കുഴിച്ചുള്ള സാമ്പിൾശേഖരണവും ഒരു ചെറുകാറിന്റെ മാത്രം വലുപ്പമുള്ള റോവറിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

ചൊവ്വയുടെ സാന്ദ്രത കുറഞ്ഞ അന്തരീക്ഷത്തിൽ 19500 കി.മീ. വേഗത്തിൽ ഊളിയിട്ടു പറന്ന പെഴ്സിവിയറൻസ് പാരച്യൂട്ടുകളുടെ സഹായത്തോടെ നിയന്ത്രണവിധേയമാക്കി ഉപരിതലം തൊടുന്നതുവരെയുള്ള കഠിനവും നിർണായകവുമായ ആശങ്കയുടെ ഏഴുമിനിറ്റുകൾ ശാസ്ത്രലോകം ശ്വാസമടക്കിപ്പിടിച്ചു കാത്തിരുന്നു. ഈ ഘട്ടത്തിൽ 1300 ഡിഗ്രിവരെ ഉയർന്ന താപനില പേടകത്തിൽ അനുഭവപ്പെട്ടെങ്കിലും താപകവചം അതിനെ പൂർണമായി ചെറുക്കുകയും മാറുന്ന അന്തരീക്ഷമർദത്തിനെതിരേ സ്ഥിരത നിലനിർത്താൻ ത്രസ്റ്ററുകൾ ജ്വലിപ്പിക്കുകയും ചെയ്തു. ഉദ്വേഗഭരിതമായ ആ നിമിഷങ്ങളിൽ തുണയായി നിലകൊണ്ട ഗതിനിർണയസംവിധാനം, 'ആറ്റിറ്റ്യൂഡ് കൺട്രോൾ സിസ്റ്റം ടെറെയ്ൻ റിലേറ്റീവ് നവിഗേഷൻ' എന്ന നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത് ഇന്ത്യൻ വംശജയായ ഡോ. സ്വാതി മോഹന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസംഘമായിരുന്നു എന്ന വസ്തുത ഓരോ ഇന്ത്യക്കാരനെയും അഭിമാനപുളകിതനാക്കുന്നു. ചൊവ്വയിൽ ഇറങ്ങുന്നതിനുമുമ്പ് കൃത്യമായ നിരീക്ഷണം നടത്തി അനുയോജ്യമായ സാഹചര്യം കണ്ടെത്താനും സ്ഥാനം നിർണയിക്കാനും കൃത്യമായ ദിശയിൽ ദൗത്യം സാധിച്ചെടുക്കാനും സൗരോർജചാനലുകളെ സൂര്യപ്രകാശം കിട്ടുന്ന ഭാഗത്തേക്കു വിരിച്ചു നിർത്താനും ഈ സാങ്കേതികവിദ്യ വിപ്ലവകരമായി വിജയിച്ചു. ഒരുപക്ഷേ, റഡാറിന്റെ സഹായത്തോടെ ഏകദേശകണക്കുകൂട്ടലുകൾ നടത്തി അതിസാഹസികമായി നടത്തപ്പെട്ടിരുന്ന ഉപരിതല ലാൻഡിങ്പ്രക്രിയകൾക്ക് ഒരു പരിഹാരമെന്നോണം ഡോ. സ്വാതി മോഹന്റെ പുതിയ വിദ്യ ഭാവിയിലെ വമ്പൻ ബഹിരാകാശപേടകങ്ങൾക്ക് കണ്ണുകളും കാതുകളുമായി മാറിയേക്കുമെന്നതിൽ ഒട്ടും അതിശയോക്തിയില്ല.

ഒരു കൊച്ചു കറുത്ത പൊട്ടും തൊട്ട്, മാസ്കും ധരിച്ച് നാസയുടെ കൺട്രോൾ റൂമിലിരുന്ന് ചൊവ്വ പര്യവേക്ഷണത്തിനു നിർദേശങ്ങൾ കൈമാറിയ ഇന്ത്യക്കാരിയെയാണ് അമ്പരപ്പോടും കൗതുകത്തോടുംകൂടി ഇന്ന് ലോകം തേടുന്നത്. ഓരോ സ്ത്രീയിലും അഭിമാനം വിതറിയ നാസയുടെ ചൊവ്വാദൗത്യത്തിന്റെ ലാൻഡിങ് സംവിധാനം, കമ്മ്യൂണിക്കേഷൻ എന്നീ സുപ്രധാനചുമതലകളുടെ പ്രൊജക്ട് ലീഡർ. ജന്മംകൊണ്ട് ഭാരതീയ, കർമംകൊണ്ട് അമേരിക്കൻ. ഒരു വയസ്സുള്ളപ്പോഴാണ് കർണാടക സ്വദേശമായുള്ള സ്വാതിയുടെ കുടുംബം ഇന്ത്യയിൽനിന്ന് അമേരിക്കയിലേക്കു കുടിയേറിയത്. കുട്ടിക്കാലത്ത് സ്റ്റാർ ട്രെക്ക് സീരീസ് കണ്ടു മോഹിച്ച് പ്രപഞ്ചരഹസ്യങ്ങൾ കണ്ടെത്തണമെന്ന് സ്വപ്നംകണ്ട പെൺകുട്ടി തന്റെ ദൃഢനിശ്ചയത്തെ പിന്തുടർന്ന് ശാസ്ത്രജ്ഞയായി നാസയിലെത്തിയ കഥ തികച്ചും അവിശ്വസനീയമായി തോന്നിയേക്കാം. പതിനാറാം വയസ്സുവരെ ശിശുരോഗവിദഗ്ധയാവാൻ ആഗ്രഹിച്ചിരുന്ന സ്വാതി ഒരു ഫിസിക്സ് ക്ലാസിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് മെക്കാനിക്കൽ എഞ്ചിനീയറിങ്ങും, എയ്റോസ്പേസ് എഞ്ചിനീയറിങ്ങും, പി.എച്ച്.ഡി.യും പൂർത്തിയാക്കി നാസയിലെത്തുകയായിരുന്നു. പിന്നീട് കാസിനി (ശനിയിലേക്കുള്ള ദൗത്യം), ഗ്രെയ്ൽ (ചന്ദ്രനിലേക്കുള്ള ബഹിരാകാശ വാഹനങ്ങൾ) തുടങ്ങി നിരവധി പ്രധാന നാസദൗത്യങ്ങളുടെ ഭാഗമായി. നിലവിൽ പെഴ്സിവിയറൻസ് പദ്ധതിയുടെ ഗൈഡൻസ്, കൺട്രോൾ ഓപ്പറേഷൻസ് വിഭാഗം മേധാവിയാണ് സ്വാതി മോഹൻ. ചൊവ്വ ഒരു തുടക്കം മാത്രം. ഇനിയും പ്രപഞ്ചത്തിലെ സുന്ദരമായ കാണാപ്പുറങ്ങൾതേടി സ്വാതി തന്റെ ജൈത്രയാത്ര തുടരുന്നു.

തന്റെ കുഞ്ഞുസ്വപ്നങ്ങളും പേറി മുന്നേറാൻ, കുതിച്ചുയരാൻ തുടിക്കുന്ന ഓരോ കുരുന്നിനും ഡോ. സ്വാതി മോഹന്റെ വിജയപാത കരുത്തും ആർജവവുമാകട്ടെ. പെൺമനസ്സുകളിൽ മൊട്ടിടുന്ന ആഗ്രഹങ്ങളെ ദൃഢനിശ്ചയവും അടങ്ങാത്ത ആഗ്രഹവുമായി മാറ്റിയെടുക്കാനായാൽ, അതിനു നമ്മുടെ സമൂഹം വഴിയൊരുക്കിയാൽ, ഇനിയും അഭിമാനത്തോടെ നെഞ്ചോടു ചേർക്കാൻ ഒട്ടേറെ സ്വാതിമാർ ഉയർന്നുവന്നുകൊണ്ടേയിരിക്കും.

□

## ആണിമുനകളിൽ നൃത്തച്ചുവടുകളുമായി പാർവതി



കൂർത്ത ആണികൾക്കുമേലേ നഗ്നപാദത്താൽ നൃത്തം ചവിട്ടുക. കേൾക്കുമ്പോൾ നെറ്റി ചുളിയുമെങ്കിലും സംഗതി സത്യമാണ്.

കോട്ടയം നെത്തല്ലൂർ സ്വദേശിനി പാർവതി വിശ്വനാഥാണ് ശരനൃത്തം എന്ന വ്യത്യസ്തതയാർന്ന കലാരൂപവുമായി കാണികളെ അദ്ഭുതസ്തബ്ധരാക്കുന്നത്.

തടികൊണ്ടുള്ള പീഠത്തിനുമേൽ തറച്ച നാലിഞ്ച് നീളത്തിലുള്ള 1700 കൂർത്ത ആണികൾക്കുമേലാണ് പാർവതി നടനവിസ്മയം തീർക്കുന്നത്.

വെറുമൊരു കൗതുകത്തിനുവേണ്ടിയാണ് പാർവതി ശരനൃത്തം പരിശീലിച്ചുതുടങ്ങിയത്. ആദ്യകാലത്ത് മൂന്നു മിനിറ്റുനേരം മാത്രമാണ് ഇതു വേദിയിൽ അവതരിപ്പിച്ചിരുന്നത്. തുടക്കത്തിൽ കാൽപ്പാദം പൊട്ടി ചോര ഒഴുകുമായിരുന്നു. ഇപ്പോൾ മുക്കാൽ മണിക്കൂർ തുടർച്ചയായി പാർവതി ആണിമേൽ നൃത്തം ചവിട്ടും. 30 മിനിറ്റുനേരം തുടർച്ചയായി ആണിമേൽ നൃത്തം ചവിട്ടിയ മലേഷ്യക്കാരിയുടെ പേരിലാണ് ഈ ഇനത്തിലെ ലോക റെക്കോർഡ്. ഒരു മണിക്കൂർ തുടർച്ചയായി ആണിമേൽ നൃത്തം ചവിട്ടി ഇത് തിരുത്തിക്കുറിക്കുകയാണ് പാർവതിയുടെ ലക്ഷ്യം.

21 ദിവസം കഠിനവ്രതമെടുത്താണ് വേദിയിൽ നൃത്തം അവതരിപ്പിക്കുന്നത്. വ്രതദിവസങ്ങളിൽ അരിയാഹാരം ഒരു നേരം മാത്രമേ കഴിക്കാറുള്ളൂ. വ്രതശുദ്ധിയോടെയുള്ള ചിട്ടയായ പരിശീലനമാണ് നൃത്തത്തിന്റെ വിജയരഹസ്യമെന്ന് പാർവതി പറഞ്ഞു.

കറുകച്ചാൽ വൈശാഖത്തിൽ വിശ്വനാഥന്റെയും ഭുവനേശ്വരി അമ്മാളിന്റെയും മൂത്തമകളാണ് ബി.ടെക്. ബിരുദധാരിയായ പാർവതി. സഹോദരൻ വൈശാഖ് മർച്ചന്റ് നേവിയിൽ ഉദ്യോഗസ്ഥനാണ്.

*Deepanalam Weekly*

RNI No : 16998/68
Vol. 54 ■ No. 1 ■ Date of Publication 25 February 2021
■ Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ഫോൺ: 04822 – 212842

*internet edition: www.deepanalam.org*

*Email: editordeepanalam@gmail.com, deepanalam@rediffmail.com*

പാലാ രൂപതയുടെ നേതൃത്വത്തിൽ വ്യാഴാഴ്ചതോറും പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഉത്തമകുടുംബവാരിക

## അരനൂറ്റാണ്ടിലേറെയായി മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിലൂടെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വേറിട്ട ശബ്ദമായി നിലകൊള്ളുന്ന പ്രസിദ്ധീകരണം

● കാലികപ്രസക്തമായ **മുഖലേഖനങ്ങൾ** ● സമൂഹമനഃസാക്ഷിയാകുന്ന **എഡിറ്റോറിയൽ** ● സമൂഹത്തിലെ മൂല്യനിരാസങ്ങൾക്കും നീതിനിഷേധങ്ങൾക്കുമെതിരേയുള്ള തുറന്ന വിചാരണ **വർത്തമാനം** ● സമകാലികസർഗ്ഗവ്യാപാരങ്ങളെ അന്വേഷണവിധേയമാക്കുന്ന **സാഹിത്യവിചാരം** ● കാണാത്ത ദേശങ്ങളും വേറിട്ട കാഴ്ചകളുമായി **സഞ്ചാരം** ● സമൂഹത്തിൽ അനേകർക്കു വെളിച്ചമായിത്തീർന്ന മഹജ്ജീവിതങ്ങളെ പരിചയപ്പെടുത്തുന്ന **വിളക്കുമരം** ● കണ്ണിനും കാതിനും വിരുന്നേകുന്ന പ്രകൃതിക്കാഴ്ചകളുമായി **ചുറ്റുവട്ടം** ● കാലത്തിനും കാലാവസ്ഥയ്ക്കുമിണങ്ങിയ കൃഷിയറിവുകളുമായി **കൃഷിപാഠം** ● വായനക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കാർട്ടൂൺ പംക്തി **മറുപുറം** ● കാവ്യസൂക്തങ്ങളുടെ അകംപൊരുൾ അനാവൃതമാക്കുന്ന **സൂക്തിമഞ്ജരി** ● ഹൃദയങ്ങൾക്ക് ആധ്യാത്മികവെളിച്ചമേകുന്ന **വചനനാളം**


ഹൃദയാവർജ്ജകമായ നോവലുകൾ ▪ കഥകൾ ▪ കവിതകൾ ▪ അന്തർദ്ദേശീയ – ദേശീയ – പ്രാദേശികവാർത്തകൾ ▪ ഹരിതപാഠം ▪ കുടുംബദർശനം ▪ ആരോഗ്യപംക്തി ▪ സിനിമാ – സ്പോർട്സ് വിശേഷങ്ങൾ ▪ പാചകക്കുറിപ്പുകൾ etc...

## പ്രതിഭ

എല്ലാ മാസവും ആദ്യത്തെ ആഴ്ച ദീപനാളം കുട്ടികളോടൊപ്പം

● ആകർഷകമായ വ്യക്തിത്വത്തിനുള്ള രസതന്ത്രങ്ങൾ ● കാര്യക്ഷമത കൂട്ടാനുള്ള വിജയമന്ത്രങ്ങൾ ● വിജയികളുടെ നേരറിവുകളും അനുഭവങ്ങളും ● മഹത്തുക്കളുടെ പ്രചോദനാത്മകചിന്തകൾ ● കുട്ടികളുടെ സർഗരചനകൾക്ക് ഒരു തുറന്ന വഴി.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

● മസ്തിഷ്കരോഗങ്ങൾ ● നട്ടെല്ല് രോഗങ്ങൾ ● അസ്ഥിരോഗങ്ങൾ ● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ

● സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ) ● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.





ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001:2015 Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822 262835

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org